2014 ജൂലൈ 10
വാല്യം 07
ലക്കം 13

ബിലീവേഴ്സ് ജേണൽ
BELIEVERS JOURNAL

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA 225/2012 - 14 Annual Subscription Rs.150/- Pages:12

# ക്രൈസ്തവ പീഡനം ആധുനിക ലോകത്തിലെ വെല്ലുവിളി

**ISIS** (ഇസ്‌ലാമിക് സ്റ്റേറ്റ് ഓഫ് ഇറാക്ക് ആന്റ് സിറിയ) പിടിച്ചെടുത്ത ഇറാക്കിലെ മോസുൾ നഗരത്തിൽ ഒരു ക്രിസ്ത്യൻ കുടുംബത്തിൽ സംഭവിച്ച ദുരന്തം ഹൃദയഭേദകമാണ്. ISIS തീവ്രവാദികൾ ഈ ക്രിസ്തീയ വിശ്വാസിയുടെ വീട്ടിൽ ജസിയ (അമുസ്ലീംങ്ങൾക്ക് ഉള്ള നികുതി) പിരിക്കാൻ എത്തി. നികുതി കൊടുക്കാൻ പണമില്ലാത്ത ആ കുടുംബത്തിന് തീവ്രവാദികൾ കൊടുത്ത ശിക്ഷ ദാരുണമായിരുന്നു. വീട്ടിൽ കുടുംബനാഥന്റെ മുന്നിൽ വച്ച് തന്റെ ഭാര്യയേയും മകളേയും ഇവർ ഭീകരമായി ബലാൽസംഗം ചെയ്തു. തന്റെ കുടുംബത്തിന് സംഭവിച്ച തകർച്ചയിൽ ഹൃദയം തകർന്ന ആ മനുഷ്യൻ ആത്മഹത്യ ചെയ്തു.



## പ്രകാശ് പി. കോശി

കഴിഞ്ഞ 1400 വർഷങ്ങളായി പീഡനത്തിലൂടെ ഉന്മൂലനം ചെയ്യപ്പെട്ട ഇപ്പോൾ ചില ആയിരങ്ങളിൽ മാത്രം ഒതുങ്ങുന്ന ആ സിറിയൻ ജനവിഭാഗത്തിൽപ്പെട്ട ഒരു കുടുംബത്തിലാണ് ഈ സംഭവം നടന്നത്. ഇത് ഒറ്റപ്പെട്ട സംഭവം അല്ല. യേശു ക്രിസ്തുവിന്റെ സമയം മുതൽ ഇന്നുവരെ ഏകദേശം 70 ദശലക്ഷം (7 കോടി) ക്രൈസ്തവർ രക്തസാക്ഷ്യം വഹിച്ചു എന്ന് സഭാ പീഡനത്തിന്റെ സ്ഥിതി വിവര കണക്കുകൾ പഠിക്കുന്ന ശാസ്ത്രജ്ഞന്മാരെ ഉദ്ധരിച്ച് ക്രിസ്ത്യൻ ഹിസ്റ്ററി മാഗസിനും വോയ്സ് ഓഫ് മാർട്ടിയേർസും ചേർന്ന് പ്രസിദ്ധീകരിച്ച പഠനങ്ങൾ സൂചിപ്പിക്കുന്നു. ക്രിസ്തീയ വിശ്വാസികളെ പീഡിപ്പിക്കുന്ന മൂന്ന് വിഭാഗത്തിൽ ഒരു വിഭാഗം ക്രൈസ്തവർ തന്നെയാണന്നാണ് പഠനത്തിലെ ഞെട്ടിപ്പിക്കുന്ന വിവരം. അന്തരിച്ച പ്രമുഖ സഭാ സ്ഥിതി വിവര കണക്കു ശാസ്ത്രജ്ഞൻ ഡേവിഡ് ബാരറ്റിന്റേയും, ഗോർഡൻ കൊൺവെൽ തിയോളജിക്കൽ സെമിനാരിയിലെ

04

# എം. പി. മോനിക്കുട്ടിക്ക് കണ്ണീരോട് വിട

**ഇളമ്പൽ:** അനാഥരുടെ സംരക്ഷകന് ജന്മനാട് കണ്ണൂനീരിൽ കുതിർന്ന യാത്രാമൊഴി നൽകി. ഇളമ്പൽ ദൈവസഭാംഗമായ എം. പി. മോനിക്കുട്ടി ആന്ധ്രയിലെ വിജയ നഗറിൽവെച്ചുണ്ടായ വാഹനാപകടത്തെത്തുടർന്നാണ് നിത്യതയിലേക്ക് പ്രവേശിച്ചത്. സംസ്കാരം ദൈവസഭാസെമിത്തേരിയിൽ നടത്തി.

പുനലൂർ – ഇളമ്പൽ മുണ്ടനിൽക്കുന്നതിൽ എം. പി. ബേബിയുടെയും അന്നമ്മ ബേബിയുടെയും മൂന്നാമത്തെ മകനാണ് എം. പി. മോനിക്കുട്ടി. വിദ്യാഭ്യാസാനന്തരം 1982–ൽ മസ്ക്കറ്റിൽ എത്തി. 28 വർഷം കുടുംബമായി മസ്ക്കറ്റിൽ പാർത്തു. ഒമാൻ പെന്തെക്കോസ്ത് അസംബ്ലിയിൽ സജീവ അംഗമായിരുന്നു. ഒരു കമ്പനിയുടെ അഡ്മിനിസ്ട്രേറ്റീവ് മാനേജരായി ജോലിചെയ്ത് വ



രവേ ഭാരതത്തെക്കുറിച്ചുള്ള സുവിശേഷ ദർശനം ഏറ്റെടുത്ത് നാട്ടിലേക്ക് മടങ്ങി. വിൻ ഇന്ത്യാ മിഷൻ എന്ന പേരിൽ ഒറീസ്സ കേന്ദ്രീകരിച്ച് ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ പ്രവർത്തനം ആരംഭിച്ചു. പലയിടങ്ങളിലും ചിൽഡ്രൻസ് ഹോമുകൾ സ്ഥാപിച്ചു.

സംസ്കാര ശുശ്രൂഷകൾ സ്റ്റേറ്റ് ഓവർസിയർ പി. ജെ. ജെയിംസ് നിർവ്വഹിച്ചു. പാസ്റ്റർമാരായ പി. ജി. മാത്യൂസ്, എം. കുഞ്ഞപ്പി, പി. എസ്. ഫിലിപ്പ് (പുനലൂർ), പി. സി. ചെറിയാൻ എന്നിവർ അനുശോചിച്ചു. പാസ്റ്റർമാരായ സണ്ണി ഏബ്രഹാം, എ. റ്റി. ജോസഫ് എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

തോന്നിയാമല കണിയാംപറമ്പിൽ ലിസിയാണ് ഭാര്യ. മക്കൾ: ബ്ലെസ്‌ലി, ഡോ. ബിൻസി, ബെൻസൻ (ആസ്ട്രേലിയ). മരുമക്കൾ: ബ്ലെസൻ ബാബു (ഓസ്ട്രേലിയ), ജിതിൻ (യു. കെ.). കൊച്ചുമകൾ: ബെനില. വിശുദ്ധ നിയോഗം പൂർത്തീകരിച്ച് മഹത്വത്തിൽ പ്രവേശിച്ച എം. പി. മോനിക്കുട്ടിയുടെ ദീപ്തമായ ഓർമ്മകൾക്ക് മുമ്പിൽ ബിലീവേഴ്സ് ജേണൽ കുടുംബാംഗങ്ങളുടെ ആദരാഞ്ജലികൾ.

# ഏ. ജി. മലയാളം ഡിസ്ട്രിക്ട് സി.എ.യ്ക്കു പുതിയ സാരഥികൾ









**പുനലൂർ:** ഏ.ജി. മലയാളം ഡിസ്ട്രിക്ട് കൗൺസിൽ സി.എ.ക്കു പുതിയ ചുമതലക്കാരെ തിരഞ്ഞെടുത്തു. ജൂൺ 14–നു സഭാ ആസ്ഥാനത്തു കൂടിയ സി.എ. ജനറൽ ബോഡി യോഗത്തിൽ വച്ചാണ് അടുത്ത രണ്ട് വർഷത്തേക്കുള്ള ചുമതലക്കാരെ രഹസ്യബാലറ്റിലൂടെ തിരഞ്ഞെടുത്തത്.

പാസ്റ്റർ റോയ്സൺ ജോണി (പ്രസിഡന്റ്), പാസ്റ്റർ സുനിൽ ദാസ് (വൈസ് പ്രസിഡന്റ്), പാസ്റ്റർ സത്യദാസ് (സെക്രട്ടറി), പാസ്റ്റർ ഷിബു വി.ജെ (ജോയിന്റ് സെക്രട്ടറി), ബ്രദർ അജേഷ് ബേബി (ട്രഷറർ), ബ്രദർ ജിനു വർഗ്ഗീസ് (ചാരിറ്റി കൺവീനർ), പാസ്റ്റർ സാബുകുമാർ (ഇവാഞ്ചലിസം കൺവീനർ) എന്നിവരാണ് പുതുതായി ചുമതലയേറ്റവർ.

പ്രസിഡന്റായി ചുമതലയേറ്റ പാസ്റ്റർ റോയ്സൺ ജോണി കഴിഞ്ഞ ടേമിൽ സെക്രട്ടറിയായിരുന്നു. കുളത്തുപ്പുഴ സ്വദേശിയായ ഇദ്ദേഹം ആലപ്പുഴ സൗത്ത് സെക്ഷനിൽ കടലോര ഗ്രാമമായ തൃക്കുന്നപ്പുഴ സഭാശുശ്രൂഷകനാണ്. വടവാതൂർ ശാലോം ബൈബിൾ കോളജ് അദ്ധ്യാപകനായും, ഓപ്പ

04

## സാക്ഷി



ഇറാക്കിൽ ഖിലാഫത്ത് ഭരണം സ്ഥാപിച്ചെന്ന് സുന്നി ഭീകരൻ

*മത്തായി : 24 അദ്ധ്യായം*

# തമിഴ്നാട്ടിൽ പെന്തെക്കോസ്ത് മുന്നേറ്റം; പക്ഷെ ചർച്ച് ഓഫ് ഗോഡിന് വളർച്ചയില്ല

**1913–ൽ** ഭാരതത്തിലെത്തിയശേഷം ആദ്യമായി കുക്ക് സായ്പ് പ്രവർത്തിച്ചത് തമിഴ്നാട്ടിലെ തിരുനെൽവേലി ജില്ലയിലായിരുന്നു. അന്ന് ചാൾസ് കമ്മിൻസും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. ബൈബിൾ കോളേജ് അദ്ധ്യാപകനായിരുന്ന പാസ്റ്റർ ബഞ്ചമിനുമായുള്ള പരിചയത്തിന്റെപേരിൽ മധുരയിൽ ഉണർവ്വ് യോഗങ്ങൾ സംഘടിപ്പിച്ചു. തുടർന്ന് തൃശ്ശിനാപ്പള്ളിയിലും പ്രവർത്തനം നടത്തി. സീയോൻകുന്ന് ബൈബിൾ സ്കൂളിൽ പഠിച്ചിറങ്ങിയ യുവാക്കൾ തമിഴ്നാട്ടിൽ പ്രവർത്തനത്തിനെത്തിയതോടെയാണ് കുക്ക് സായ്പിന്റെ പ്രവർത്തനങ്ങൾ തമിഴ് നാട്ടിൽ വേരു പിടിക്കുന്നത്. ശിവകാശി, നാക്കനേരി, മാങ്കഴി തുടങ്ങിയ സ്ഥലങ്ങളിൽ സഭകൾ ഉണ്ടായി.

ചൂടുകാലം ചെലവഴിക്കുവാൻ കുക്ക് സായ്പ് നീലഗിരികുന്നുകളിൽ (ഊട്ടി) എത്തുന്ന പതിവുണ്ട്. ഇവിടെ വച്ചാണ് മനോഹൂടെ മധ്യസ്ഥനയാൽ സായ്പ് ഇൻഗ്രാമിനെ കാണുന്നത്. ഇതിനെ തുടർന്നാണ് കുക്ക് സായ്പ് ചർച്ച് ഓഫ് ഗോഡുമായി ബന്ധപ്പെടുന്നത് (1936).

## പരമ്പര: കുക്ക് സായ്പിന്റെ സഭയ്ക്ക് എന്തു പറ്റി?



1949–ലെ രജിസ്ട്രേഷനുശേഷം പ്രവർത്തനം സജീവമായി. 1965–ൽ റോബർട്ട് ജെ. റീസർ മിഷനറിയായി എത്തി. റീസർ സായ്പ് തമിഴ്നാട്ടിൽ പ്രവർത്തനത്തിന് നേതൃത്വം നൽകി. ഇദ്ദേഹത്തിന്റെ പ്രവർത്തനഫലമായിട്ടാണ് കോയമ്പത്തൂരിൽ ബൈബിൾസ്കൂളും അഡ്മിനിസ്ട്രേഷൻ ഓഫീസും പണിതത്. 1970–ൽ റീസർ സായ്പ് തിരിച്ചുപോയി.

തുടർന്ന് എം. ബഞ്ചമിൻ, ഏബ്രഹാം, നവമണി എന്നിവർ ഓവർസിയർമാരായി. ഇവരെ തുടർന്ന് വെല്ലസ്ലി സോള

08

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

ബിലീവേഴ്സ് ജേണൽ
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

## അറിയിപ്പ്

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ

# ഇത് അന്ത്യകാല ലക്ഷണമല്ലയോ!




ആഫ്രിക്കൻ രാജ്യങ്ങളിലെ പശ്ചിമേഷ്യയിലും ഭീകരവാദികൾ മുഴുബലത്തോടെ ആടിത്തിമിർക്കുകയാണ്. ജാതിയുടെയും ഗോത്രങ്ങളുടെയും വംശങ്ങളുടെയും പേരിൽ യുദ്ധം കഠിനമാകുന്നു.ഇറാഖിലും സിറിയയിലും മാത്രമല്ല അവർ മുന്നേറ്റമുണ്ടാക്കുന്നത്. രാജ്യങ്ങളുടെ അതിരുകൾ പോലും ഇല്ലാതാക്കിയാണ് അവർ മുന്നേറുന്നത്. ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നുള്ള റിപ്പോർട്ടുകൾ പറയുന്നത് നൂറുകണക്കിന് ക്രിസ്ത്യാനികൾ കൊന്നൊടുക്കപ്പെട്ടു എന്നാണ്. മത ഭീകരത ഇന്ന് ലോകരാജ്യങ്ങളുടെ ഉറക്കത്തെ കെടുത്തിയിരിക്കുന്നു. രാജ്യങ്ങളെ കീഴടക്കത്തക്കനിലയിൽ മതഭീകരത വളരുകയാണ്. ലോക സമ്പദ് വ്യവസ്ഥയെ താറുമാറാക്കത്തക്ക നിലയിൽ എണ്ണപ്പാടങ്ങൾ ഭീകരരുടെ അധീനതയിൽ ആകുന്നു എന്ന റിപ്പോർട്ടും പുറത്തുവരുന്നു. ഭയാനകമായ സംഭവങ്ങൾ ലോകത്തിൽ സംഭവിക്കുന്നു എന്നതിന് തർക്കമില്ല. വിശുദ്ധ വേദപുസ്തകം ഇതിനെ ലോകാവസാനത്തിന്റെ ലക്ഷണമായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. മത്തായി 24 , ലൂക്കോസ് 21 അദ്ധ്യായങ്ങളിൽ യേശുക്രിസ്തു തന്നെ സവിസ്തരം ഈ കാര്യങ്ങളെക്കുറിച്ച് പറഞ്ഞിട്ടുണ്ടല്ലോ. അത്തിയുടെ തളിർപ്പ് വേനൽ അടുത്തതിന്റെ ലക്ഷണമായി പറഞ്ഞപ്പോൾ യുദ്ധങ്ങളും യുദ്ധശ്രുതികളും ജാതികളും രാജ്യങ്ങളും തമ്മിലുള്ള യുദ്ധങ്ങളും എതിർപ്പും ഈറ്റു നോവിന്റെ ആരംഭമായി പറഞ്ഞിരിക്കുന്നു. പെരുകുന്ന അധർമ്മവും തണുക്കുന്ന സ്നേഹവും എല്ലാം അന്ത്യകാല ലക്ഷണമാണല്ലോ.

എന്നാൽ രക്ഷിക്കപ്പെട്ടവർ എന്നഭിമാനിക്കുന്നവരുടെ ഇടയിലെ നിസംഗത ഭയപ്പെടുത്തുന്നതാണ്. കർത്താവിന്റെ മടങ്ങിവരവ് ഒരു വിഷയമോ അല്ലാതായിരിക്കുന്നു. നോഹയുടെ കാലം പോലെ ലോത്തിന്റെ കാലം പോലെ വിറ്റും നട്ടും വിതച്ചും തിന്നു പുളച്ചും ജീവിക്കുന്ന തലമുറയായി നമ്മുടെ സമൂഹം മാറിയിരിക്കുന്നു. ധാർമ്മികതയും ജീവിത മൂല്യങ്ങളും അന്യമാകുന്നു. എങ്ങനെയും പേരും പെരുമയും നേടുവാനുള്ള തത്രപ്പാടിൽ ജീവന്റെ നാഥനായ ക്രിസ്തു പുറത്തായതറിയാതെ ലവോദിക്യ സഭയെപ്പോലെ എല്ലാം ഉണ്ടെന്നഹങ്കരിച്ചു പുളക്കുന്നു. രാഷ്ട്രീയക്കാരെ വെല്ലുന്ന നിലയിൽ തട്ടിപ്പിലൂടെ സമ്പാദിക്കുന്ന കോടികൾ. മണിമാളികകളും തോട്ടങ്ങളും നേടാൻ യൂദായെപ്പോലെ ക്രിസ്തുവിനെ ഒറ്റിക്കൊടുക്കുന്നവർ. ആത്മീയർ നിയന്ത്രിച്ചിരുന്ന സഭാ നേതൃത്വസ്ഥാനങ്ങളിൽ അവർക്കു സ്ഥാനമില്ലാതായി. സ്നേഹം തണുത്ത് അധർമ്മം കൊടികുത്തിവാഴുന്നു. ആത്മീയ കാഴ്ചപ്പാട് നഷ്ടപ്പെട്ട് മരുഭൂമിയിലെ മന്നക്കായി മാത്രം ഓടുന്നവർ വാഗ്ദത്തനാടെന്ന ലക്ഷ്യം മറക്കുന്നു. (യോഹ 6 : 49) ജീവന്റെ അപ്പമായ ക്രിസ്തുവിനെ ത്യജിച്ചുള്ള ഓട്ടത്തിൽ സന്തോഷിക്കുന്നവർ മുമ്പിലുള്ള നാശം കാണാതെ പോകുന്നു (സങ്കീ. 73 : 18). നോഹ പ്രസംഗിച്ചു ന്യായവിധിയെയും രക്ഷപെടുവാനുള്ള മാർഗ്ഗത്തെയും അവഗണിച്ചവർ കെട്ടിടങ്ങൾ പണിതും വയലുകൾ വാങ്ങിയും സാമ്രാജ്യങ്ങൾ കെട്ടിപ്പെടുത്തും മിടുക്കന്മാരെന്നു ഭാവിച്ചു. പക്ഷേ അവരുടെ പണികൾക്ക് ദൈവീക ന്യായവിധിയെ അതിജീവിക്കുവാൻ കഴിഞ്ഞില്ല.

ദൈവസഭയെ ഈ മരവിപ്പ് അപകടമാണ്. ഉണരുവാൻ സമയം അതിക്രമിച്ചിരിക്കുന്നു. ദൈവവചനത്തിന്റെ വ്യവസ്ഥയിലേക്ക് മടങ്ങിവരാം അനുതാപത്തോടെ നാഥന്റെ വാക്കിനായി കാതോർക്കാം. നഷ്ടപ്പെട്ടതിനെ തിരികെ പ്രാപിപ്പാൻ കണ്ണീരോടെ മടങ്ങി വരിക. നിലനിൽക്കുന്നതും പ്രതിഫലം ലഭിക്കുന്നതുമായ പണികൾക്കായി സമയം ചെലവഴിക്കാം. തീയിലൂടെ ശോധന ചെയ്യുന്ന നാൾ മുമ്പിലുണ്ട് എന്നറിയുക.

നമ്മുടെ നാഥന്റെ മടങ്ങിവരവ് ഏറ്റവും അടുത്തിരിക്കുന്നു എന്ന തിരിച്ചറിവോടെ നമ്മുക്കുണരാം. വിളക്കിൽ എണ്ണയുമായി കാത്തിരിക്കാം. ദ്രവ്യാഗ്രഹം വിട്ടൊഴിഞ്ഞവരായി, സുവിശേഷകന്റെ പ്രവർത്തി ചെയ്യുന്നവരായി ദൈവനാമത്തിന്റെ മഹത്വത്തിനായി പ്രവർത്തിക്കാം അവർ സമാധാനം സമാധാനം എന്നു പറഞ്ഞ് ആശ്വസിച്ചിരിക്കുമ്പോൾ ഗർഭിണിക്ക് പ്രസവ വേദന വരും പോലെ അവരുടെ നാശവും വേഗത്തിലാകും. കള്ളൻ വരുന്ന നാഴിക അറിയാത്തതുപോലെ നമ്മുടെ കർത്താവിന്റെ മടങ്ങി വരവിന്റെ നാളും ആർക്കും അറിഞ്ഞുകൂടാ. എന്നാൽ ലക്ഷണങ്ങളെ അവഗണിക്കുവാൻ ആവില്ലല്ലോ. ഇന്ന് കാണുന്നത് അന്ത്യകാലലക്ഷണമല്ലാതെന്ത് നമുക്കുണരാം.

## ചെറുകഥ

# 'അതിസ്നേഹം ബഹുദൂരം!'



ബിനു വടക്കുംചേരി

എച്ച്. ആർ മാനേജരുടെ മെയിൽ ഓഫീസിൽ എത്തി. തുറന്നു നോക്കിയപ്പോൾ എന്റെ വെക്കേഷൻ അപ്പ്രൂവ് ആയത്രേ! അങ്ങനെ നീണ്ട രണ്ടു വർഷത്തിനൊടുവിൽ പ്രവാസ ജീവിതത്തിനു താല്ക്കാലിക വിട ചൊല്ലികൊണ്ട് പോകാൻ സമയമായിരിക്കുന്നു. അല്ലെങ്കിലും എത്ര നാൾ എന്നുകരുതിയാ ഈ കുബ്ബൂസും ഡാലും കഴിക്കുക?? വീട്ടില് ചെന്നിട്ട് വേണം കാന്താരി മുളക് കൊണ്ടുള്ള മമ്മിയുടെ സ്പെഷ്യൽ ചമ്മന്തി കൂട്ടി ഒരു പിടി പിടിക്കാൻ.

ഫേസ്ബുക്കിൽ ഞാൻ നാട്ടിൽ എത്തിയ സ്റ്റാറ്റസ് കണ്ടുകൊണ്ട് ഒരു സുഹൃത്ത് വിളിച്ചു? എല്ലാ പ്രവാസികളും ഉത്തരം കൊടുക്കേണ്ട നാടിന്റെ ആ പതിവ് ചോദ്യം

അവനും ആവർത്തിച്ചു,

“എന്നാ ഇനി പോകുന്നെ......??”

കുറച്ചുകാലമെങ്കിലും നാട്ടിൽ പണ്ടത്തെപ്പോലെ ജീവിക്കണം എന്നു കരുതി കൊതിയോടെ വന്നെങ്കിലും, എല്ലായിടത്തും അകല്ച്ചകൾ മാത്രമേ കാണാൻ കഴിഞ്ഞുള്ളൂ. വായനശാലയിൽ ലൈഫ് ടൈം മെമ്പർഷിപ്പുള്ള ഞാൻ കുറച്ചു പുസ്തകമെടുക്കാൻ പുറത്തിറങ്ങി. തടി വച്ച റോഡും, ഭംഗിവരുത്തിയ കൂറ്റൻ വാർക്കകെട്ടിടങ്ങളും ചേർന്ന് പണ്ട് തണലേകിയ മരങ്ങളെ വിഴുങ്ങിയ ചൂടേറിയ കാഴ്ചക്കൊപ്പം ചുട്ടുപൊള്ളുന്ന വെയിലിന്റെ അകമ്പടിയോടെ ശരീരം വിയർക്കാൻ തുടങ്ങി. മഴ കൊതിച്ചു നാട്ടിൽ എത്തിയ പ്രവാസിക്ക് സൂര്യതാപം ഏറ്റപ്പോൾ, മരുഭൂമി തന്നെ നല്ലതെന്നു തിരിച്ചറിഞ്ഞു.

വായനശാലയിൽ എത്തിയതും അസഹ്യമായ മറ്റൊരു ചോദ്യം “എന്താ നിന്റെ കോലം, നീ ഒത്തിരി ക്ഷീണിച്ചല്ലോ ” “അതെ, അതെ.... വായിച്ചിലെങ്കില് വളയുമെന്നാല്ലോ നമ്മുടെ മാഷ് പറഞ്ഞത്” “എന്നാ നിന്റെ ക്ഷീണം തീർത്തോളൂ”

അലമാരകളിലും റാക്കുകളിലുമായി ക്രമീകരിച്ച പുസ്തകങ്ങളുടെ ഗന്ധം പഴയകാല ഓർമ്മകളുടെ വീഥിയിൽ എന്നെ നടക്കുമാറാക്കി. ഓരോ പുസ്തകങ്ങൾ എടുത്തുനോക്കി, കണ്ണുകൾകൊണ്ട് വ്യാപരിച്ച് രണ്ടു പുസ്തകങ്ങൾ എടുത്തു അവിടുന്നിറങ്ങി.

"By the rivers of Babylon..." എന്റെ മൊബൈൽ പാടാൻ തുടങ്ങി. അൺനോൺ നമ്പർ ആയതിനാൽ ആരെന്നു അറിയാതെ ടച്ച് സ്ക്രീനിൽ തെളിഞ്ഞു നില്ക്കുന്ന പച്ചകളർ റിസിവിന്റെ ചിത്രം തള്ളവിരൽ കൊണ്ട് തള്ളിനീക്കി....

“ഹലോ.....” “മാത്യു അല്ലെ......??” “അതെ” “എന്നെ മനസ്സിലായോ? ഞാൻ ലോറൻസ് ആണ്” “ആഹാ.....നീ ഇപ്പോൾ എവിടെയാ? ഒന്ന് കൂടണമല്ലോ” “അതിനെന്താ കൂടാമെടാ.... നീ ഒഴിവുള്ളപ്പോൾ വിളി... ഇതാണ് എന്റെ നമ്പർ” “ഓക്കേ ഡാ... നിന്റെ അമ്മയ്ക്ക് സുഖമല്ലേ....?” “ഞങ്ങൾ ഇപ്പോൾ തറവാട്ടിൽ നിന്നു മാറി ഫ്ളാറ്റിലാണ്, അമ്മ ഞങ്ങളോടൊപ്പമില്ല” “ദൂരയാണെങ്കിൽ സ്നേഹം കൂടുമെന്നല്ലേ” എന്നാ ഞാൻ പിന്നെ വിളിക്കാമെന്ന് പറഞ്ഞു ഫോൺ കട്ട് ചെയ്തു. ഹോ.... പണ്ട് എക്സാം വരുന്ന സമയത്ത് ഞങ്ങൾ നാലഞ്ചു പേർ കൂടി കമ്പയിൻ സ്റ്റഡി നടത്തും. അവന്റെ വീട്ടിൽ ഉണ്ടാക്കി തരുന്ന ഭക്ഷണം ഒരു പ്രത്യേക രുചി തന്നെ, ഓർക്കുമ്പോൾ ഇപ്പോഴും നാവിൽ വെള്ളമൂറും. ഇപ്പോ കല്യാണമൊക്കെ കഴിച്ചതോടെ അവൻ പണ്ടത്തെ വീട്ടിൽ നിന്നും മാറി. എന്തായാലും പോകുന്ന വഴിയിൽ അവിടെയും കേറാം.... ഒരു സർപ്രൈസ് ആയിക്കോട്ടെ. ഞാൻ അവിടെ എത്തി, അടഞ്ഞു കിടക്കുന്ന ആൾ താമസമില്ലാത്ത വീട് കയറുകൾകൊണ്ട് വലിച്ചു കെട്ടി അതിർത്തി തിരിച്ചിരിക്കുന്നു. അവന്റെ അമ്മയെ കുറിച്ച് അയൽവാസികളോട് ആരാഞ്ഞപ്പോൾ എന്റെ ചങ്കിടിച്ചു! 'ദൂരം' കൂടിയാൽ 'സ്നേഹം' കൂടുമെന്ന് അവൻ പറഞ്ഞപ്പോൾ എനിക്കൊന്നും മനസിലായില്ലയെങ്കിലും, ആ ദൂരം വൃദ്ധസദനത്തിലെ അമ്മയോടുള്ള സ്നേഹത്തിന്റെ ആഴമാണെന്ന് ദുഖ:സത്യം ഞാൻ തിരിച്ചറിഞ്ഞു.

**വാൽകക്ഷണം:** ഫേസ്ബുക്കിൽ കണ്ടൊരു അടികുറിപ്പാണ് “അസ്ഥി നുറുങ്ങും വേദന സമ്മാനിച്ചാണ് പിറവിയെന്നും അച്ഛന്റെ ചോരയൂറ്റിയാണ് വളർച്ചയെന്നും ബോധ്യം വന്നാൽ തീരും വൃദ്ധസദനത്തിലെ തിരക്ക്.”

## വേദ പഠനം

# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

ന്യായപ്രമാണത്തിലൂടെ ദൈവത്തിന്റെ ഭയാനകമായ വിശുദ്ധി, പാപത്തിന്റെ സ്വഭാവം, അനുസരണത്തിന്റെ പ്രാധാന്യം, മനുഷ്യന്റെ തോൽവിയുടെ സാർവ്വത്രികത ഇവയെല്ലാം സുവ്യക്തമായി കാണിക്കുന്നു. പൗലോസ് പറയുന്നത്: ന്യായപ്രമാണമോ നീതിമാനല്ല, മറിച്ച് കേവലം മനുഷ്യരെ അളക്കുവാൻ വേണ്ടിയുള്ള അളവുകോലാണ് എന്നാണ്. മനുഷ്യരുടെ പ്രവർത്തികളുടെ അടിസ്ഥാനത്തിൽ ഇപ്രകാരമാണ് തരംതിരിച്ചിരിക്കുന്നത്-

1. അധർമ്മികൾ - ധർമ്മം ചെയ്യാത്തവർ
2. അഭക്തർ - ഭക്തി കാത്തുസൂക്ഷിക്കാത്തവർ
3. അനുസരണം കെട്ടവർ - അനുസരണമില്ലാത്തവർ
4. പാപികൾ - ലക്ഷ്യം തെറ്റുന്നവർ
5. അശുദ്ധർ - ശുദ്ധിയില്ലാത്തവർ
6. മ്ലേച്ഛന്മാർ - മ്ലേച്ഛമായ കാര്യങ്ങൾ ചെയ്യുന്നവർ
7. മാതാപിതാക്കന്മാരെ കൊല്ലുന്നവർ - മാതാപിതാക്കളെ ബഹുമാനിക്കേണ്ടതിനു പകരം കൊല്ലുന്നവർ
8. കൊലപാതികൾ - ജീവൻ ദൈവത്തിന്റെ ദാനമാണ്. ആ ജീവനെ മാനിക്കാതെ മറ്റുള്ളവരെ കൊല്ലുന്നവർ.
9. ദുർന്നടപ്പുകാർ - സദാചാരത്തിന്റെ അതിർ വരമ്പുകൾ ലംഘിക്കുന്നവർ
10. പുരുഷമൈഥുനക്കാർ - ഇതിനു മറ്റൊരു പേര് ഉള്ളത്, സോദോമ്യ പാപം, ചിലർ ഇതിനു സ്വവർഗ്ഗഭോഗികൾ എന്നു പറയുമ്പോൾ മറ്റുചിലർ സ്വയഭോഗികൾ എന്നും കൂടിച്ചേർക്കുന്നു.
11. നരമോഷ്ടാക്കൾ - മനുഷ്യരെ തട്ടികൊണ്ടു പോകുന്നവർ, അതായത് അടിമക്കച്ചവടം നിലനിന്നിരുന്ന അക്കാലത്ത് ചിലർ അടിമകളെ മോഷ്ടിച്ചുകൊണ്ടു പോയി വില്ക്കുമായിരുന്നു.
12. ഭോഷ്ക്കു പറയുന്നവർ - വസ്തുതകളെ വളച്ചൊടിച്ചു ചിത്രീകരിക്കുന്നവർ
13. കള്ളസത്യം ചെയ്യുന്നവർ - അസത്യത്തെക്കാൾ ഹാനികരമാണ് അർദ്ധസത്യം, ഇല്ലാത്തകാര്യങ്ങളെ സത്യമായി പറയുകയും തെളിയിക്കുകയും ചെയ്യുന്നവർ.

മുകളിൽ പറഞ്ഞിരിക്കുന്ന പല കാര്യങ്ങൾ പറഞ്ഞതിനു ശേഷം അപ്പോസ്തലർ പറയുന്നത്, പത്ഥ്യോപദേശത്തിനു വിപരീതമായ മറ്റേതിനും എന്നു പറഞ്ഞുകൊണ്ടാണ് ഈ പട്ടിക അവസാനിപ്പിക്കുന്നത്. പത്ഥ്യോപദേശം എന്നതിനു ആരോഗ്യകരമായ ഉപദേശം എന്നത്രെ അർത്ഥം. അതിനു വിപരീതമായിട്ടുള്ളതെല്ലാം ദൈവം വെറുക്കുന്നു. മാറ്റമില്ലാത്തതും സ്ഥിരമായിട്ടുള്ളതുമായ ഉപദേശമാണ് വിശുദ്ധ ബൈബിളിൽ വെളിപ്പെടുത്തിയിരിക്കുന്നത്.

അന്യഥാ ഉപദേശിക്കരുതെന്ന് 1തിമൊ. 1: 3-ൽ മുന്നറിയിപ്പ് നൽകിയശേഷം പത്ഥ്യോപദേശത്തെപ്പറ്റി 10-ാം വാക്യത്തിൽ സൂചന നൽകുന്നു. പത്ഥ്യോപദേശം, ഉപദേശം, ഉപദേശിക്കുക, ഉപദേഷ്ടാവ് എന്നീ പദങ്ങൾ തിരുവെഴുത്തിൽ ഏറ്റവും കൂടുതൽ കാണുന്നത് ഇടയലേഖനങ്ങളിലാണ്. വ്യവസ്ഥാപിതവും ക്രമാനുഗതവുമായ തിരുവചന പഠനത്തോടുള്ള ബന്ധത്തിലാണ് ആ പദം കാണുന്നത്. 1തിമൊ. 6 : 3, 2തിമൊ. 1 : 13, തീത്തോ .2: 1, 2തിമൊ. 4 : 2,3. ഉപദേശിക്കുന്നവൻ ഉപദേശത്തിൽ ഏകാഗ്രത പുലർത്തണം, റോമ. 12 : 7, ദൈവസഭയിൽ ഉപദേഷ്ടാക്കളെ കർത്താവു നിയമിച്ചിരിക്കുന്നു. എഫെ. 4 : 11 ശുശ്രൂഷകന്മാർ ഉപദേശിപ്പാൻ സമർത്ഥർ ആയിരിക്കണം, 1തിമൊ. 3 : 2, പിശകായ ഉപദേശങ്ങളിൽ നിന്നും സഭയെ സംരക്ഷിക്കേണ്ടതു വിശ്വസ്ത ശുശ്രൂഷകന്മാരുടെ ചുമതലയാകുന്നു, അ: പ്രവ. 20 : 29 - 30. അജ്ഞരായ ധർമ്മോപദേഷ്ടാക്കളുടെ പഠിപ്പിക്കലുകൾ വിശ്വാസികളിൽ രോഗം ഉണ്ടാകുമ്പോൾ സുവിശേഷ സത്യത്തിന്റെ നിർമ്മല ഉപദേശം വിശ്വാസികളിൽ ആത്മീക ആരോഗ്യം പകരുന്നു 1തിമോ.6:4.

"നാം അറിയുന്നു" എന്ന ലേഖകന്റെ പ്രസ്താവന ലോകത്തിലെ പഠനശാലകളിൽ നിന്നും ലഭിച്ച അറിവിനെ ഉദ്ദേശിച്ചല്ല, തിരുവചനപാരായണത്താലും വിശ്വാസികളിൽ അധിവസിക്കുന്ന പരിശുദ്ധാത്മാവു സകലസത്യങ്ങളും വഴിനടത്തുന്നതു കൊണ്ടും സിദ്ധിക്കുന്ന ആത്മീക പരിജ്ഞാനമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ഉപദേഷ്ടക്കന്മാർ ആകുവാൻ ഇച്ഛിക്കുന്ന പലർക്കും തങ്ങൾ പറയുന്ന എന്തും ശരിയാണെന്നും സ്ഥാപിക്കുവാനും ശ്രമിക്കുന്നത് പലപ്പോഴും തെറ്റായിരിക്കും. എന്നാൽ അപ്പോസ്തലൻ പറയുന്നത് 11-ാം വാക്യത്തിൽ ഈ പരിജ്ഞാനം എങ്കൽ ഭരമേല്പിച്ചിരിക്കുന്നു എന്നു എടുത്തു പറയുന്നു. കർത്താവിൽ നിന്നും തനിക്കും നേരിട്ട് ലഭിച്ച അറിവാണിത്, 1കൊരി. 11 : 23.

– തുടർച്ച–

11-ാം വാക്യം അവസാനിപ്പിക്കുന്നത് "ധന്യനായ ദൈവത്തിന്റെ മഹത്വമുള്ള സുവിശേഷം" ഇവിടെ ലേഖകൻ സുവിശേഷത്തിന്റെ ശ്രേഷ്ഠതയെ പ്രശംസിച്ചുകൊണ്ടാണ് ഈ ഭാഗം ഉപസംഹരിക്കുന്നത്. ഇവിടെ ധന്യനായ ദൈവം എന്നു പറയുന്നത് ആരാധനയ്ക്കും മഹത്വത്തിനും പുകഴ്ച്ചയ്ക്കും യോഗ്യൻ എന്ന അർത്ഥത്തിലാണ്. ഇതേ പ്രസ്താവന ഒരു പ്രാവശ്യം ഈ ലേഖനത്തിൽ പൗലോസ് ഉപയോഗിച്ചിട്ടുണ്ട്, 6 : 15. സുവിശേഷം എന്നാൽ എന്ത്? സുവിശേഷം എന്നാൽ മരിച്ചു അടക്കപ്പെട്ടു ഉയിർത്തെഴുന്നേറ്റ ക്രിസ്തു എന്ന വ്യക്തിയാണ്. സുവിശേഷത്തിന്റെ കേന്ദ്രവിഷയം ക്രിസ്തുമാത്രമാണ്. സുവിശേഷം എന്ന വാക്കിന്റെ അർത്ഥം സദ്വർത്തമാനം എന്നാണ്. അത് സദ്വർത്തമാനമായിരിക്കുന്നത് എന്തു കൊണ്ടാണെന്ന് കർത്താവിന്റെ ജനനസമയത്ത് ദൂതൻ ആട്ടിടയന്മാരോടു വിളിച്ചറിയിച്ച വാക്കുകളിൽ നിന്നും വ്യക്തമാക്കുന്നു. ദൂതൻ അവരോടു, ഭയപ്പെടേണ്ടാ, സർവ്വ ജനത്തിനും ഉണ്ടാവാനുള്ളോരു മഹാ സന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു. ലൂക്കോ: 2:10-11, പൗലോസ് സുവിശേഷത്തെക്കുറിച്ച് പറയുന്നത്, ദാവീദിന്റെ സ

04

## നോവൽ 10

# കാൽവറിയുടെ ഉയരങ്ങൾ



സുനിൽ വർഗീസ്,
ബാംഗ്ലൂർ

പിറ്റേന്ന് ഉച്ച കഴിഞ്ഞതോടെ ഡേവിഡ് മുണ്ടോട്ടിത്തറയിലേക്ക് മടങ്ങി. ഉച്ച കഴിഞ്ഞാണ് ആലയം പണിയുന്നതിനായി എല്ലാവരും വന്നത്. ആൽബർട്ടും അവരുടെ പണി ശ്രദ്ധിച്ച്, ചിലപ്പോൾ വേണ്ട ഉപദേശങ്ങൾ നൽകി അവിടെ ഉണ്ടായിരുന്നു.

രാവിലെ മുതൽ ഡേവിഡിനോടൊത്ത് ആൽബർട്ട് ആണ്ടന്റെ കുടമ്പിലായിരുന്നു. ചലനമറ്റ് കിടക്കുന്ന ചീരുവിനേയും ചീതയേയും കണ്ടപ്പോൾ ആൽബർട്ടിന് കരച്ചിലൊതുക്കാൻ കഴിഞ്ഞില്ല. ഡേവിഡിന്റെ തോളിൽ മുഖമമർത്തി അയാൾ ഏറെ നേരം കരഞ്ഞു.

ദൈവം കുട്ട്യേ... സത്രു സ്രമിക്യാ ദൈവപ്പിര പണിയാതിരിക്കാൻ....അതാ ന്റെ മക്കളെ അവൻ കൊന്നത്. എങ്കിലും ദൈവപ്പിര ഇന്നു പണിയാതിരിക്കരുത്...

ആണ്ടന്റെ ധീരത നിറഞ്ഞ വാക്കുകൾ ഒരു നിമിഷം ആൽബർട്ടിനെ തരിപ്പിച്ചു. കരയുന്നത് അപ്പോൾ തന്നെ അയാൾ നിർത്തി. വല്ലാത്തൊരാത്മ ബലം അയാളിൽ വന്നു നിറഞ്ഞു.

ചീരുവിന്റേയും ചീതയുടേയും ദേഹം നീല നിറം പടർന്നാണ് കാണപ്പെട്ടത്. ആൽബർട്ട്, കുമ്മാശനേയും കറമ്പനേയും ബലമായി സംശയിച്ചു. അടക്കത്തിന് മൂപ്പൻ വന്നപ്പോൾ, അയാൾ ആൽബർട്ടിനെ തീഷ്ണമായി നോക്കുന്നുണ്ടായിരുന്നു. പതിവുപോലെ കോഴിച്ചോര തിലകമാക്കി കുമ്മാശനും എത്തിയിരുന്നു. വിനോദിന്റെ ജീവനെ കൊയ്തെടുത്ത ആ വാളിനെ ആൽബർട്ട് രണ്ടു മൂന്നു തവണ അമർഷത്തോടെ നോക്കാതിരുന്നില്ല.

ചെറുമാ, ഏതോ വിഷം ഉള്ളിൽ ചെന്നാ നമ്മുടെ കുട്ടികൾ മരിച്ചതെന്ന് എനിക്ക് തോന്നുന്നു...?

ആലയം പണി നടന്നു കൊണ്ടിരുന്നപ്പോൾ ആൽബർട്ട് പനയോലകൾ മെടയുന്ന ചെറുമന്റെ അടുത്തെത്തി. ചുരുണ്ട മുടിയിഴകൾക്കിടയിലൂടെ കവിളിലേക്ക് ഒലിച്ചിറങ്ങുന്ന വിയർപ്പുകണങ്ങൾ തുടച്ചകറ്റി ചെറുമൻ മുഖമുയർത്തി. ആ കണ്ണുകളിൽ സംശയം വിടരുന്നു.

അവരുടെ ദേഹത്തെ നീല നിറം ചെറുമൻ ശ്രദ്ധിച്ചാരുന്നോ..?

ആ ഞാ അത് ചോദിക്കാനിരിക്കാർന്നു. ചോമൻ മുളങ്കമ്പുകൾ കീറി അടുക്കുന്നതിനിടയിൽ വിളിച്ചു പറഞ്ഞു.

ചെലപ്പോ, ദൈവം കുട്ട്യോടുള്ള കെറുവ് വലുതാക്കാൻ ചെയ്തതാവും....

ഒരുപാട് പ്രാർത്ഥിക്കണം നമ്മൾ... ആൽബർട്ട് മെല്ലെ പറഞ്ഞു.

സന്ധ്യ ആകാറായപ്പോൾ ആൽബർട്ട് വീട്ടിലേക്ക് നടന്നു. വല്ലാത്ത ക്ഷീണം അയാളുടെ കണ്ണുകളിലൂറിക്കിടന്നു. കുടിലിൽ ചെന്ന പാടെ പായ നിവർത്തി ആൽബർട്ട് കിടന്നു. ഉറക്കം മെല്ലെ കടന്നു വരുമ്പോൾ, ക്ഷീണം ആകെ തളർത്തി കളയുമ്പോൾ ആൽബർട്ട് എൺപത്തിയെട്ടാം സങ്കീർത്തനം സാവധാനം ചൊല്ലി. എന്നാൽ ഉറക്കത്തെ തള്ളിയകറ്റി ഡേവിഡിന്റെ മുഖം ഓർമ്മകൾ കൊണ്ടു വന്നു.

രക്ഷയുടെ സമാധാനവും ഉല്ലാസവും തന്നിൽ വന്നു നിറഞ്ഞപ്പോൾ ആൽബർട്ട് ആദ്യം ചിന്തിച്ചത്, എങ്ങനെ മറ്റുള്ളവരോട് ഇവ പറയുകയും പങ്കുവെയ്ക്കുകയുമെന്നാണ്.

പിന്നെ ബൈബിൾ കോളജിൽ ചേർന്നു.

ക്ളാസ് മുറിയിലെ പഠനങ്ങളെക്കാൾ ആൽബർട്ടിനെ ഉത്തേജിപ്പിച്ചത് ലൈബ്രറിയിലെ സ്പന്ദനങ്ങളാണ്. ഇരുണ്ട ലൈബ്രറി കോണിൽ മിക്കപ്പോഴും ആൽബർട്ട് മിഷണറി സാഹിത്യമാണ്, മിഷൻ ചരിത്രങ്ങളാണ്, മിഷണറിമാരെക്കുറിച്ചാണ് വായിച്ചു കൊണ്ടിരുന്നത്.

വില്യം കേറിയും ലിവിങ്സ്റ്റണും ജോൺ പേറ്റണും തുടങ്ങി പിന്നേയും യേശുവിനായി ജ്വലിച്ച മിഷണറിമാർ നേർത്ത മന്ദഹാസത്തോടെ അരികിൽ വന്ന് അവരുടെ ജൈത്രയാത്രകളെ വിവരിച്ചപ്പോൾ, പ്രശ്നങ്ങളെ എങ്ങനെ തരണം ചെയ്യണമെന്ന് പറഞ്ഞു തന്നപ്പോൾ ആൽബർട്ടിന് തന്റെ രോമരാജികൾ എഴുന്നു നിൽക്കുന്നത് കാണാനാവുമായിരുന്നു.

ജീവചരിത്രപുസ്തകങ്ങൾ മാത്രം കൂടുതലായി തിരയുന്ന തന്നെ അന്ന് എപ്പോഴോ ലൈബ്രേറിയൻ സമീപിച്ചിരുന്നു.

അന്ന് ചെറിയോരു പ്രസംഗം പോലെ, സ്വപ്നങ്ങളിൽ നിറയാറുള്ള ആശയങ്ങളെ അദ്ദേഹത്തിന്റെ മുൻപിൽ നിരത്തിയിരുന്നുവോ..? ഹൃദയരഹസ്യങ്ങൾ പങ്കുവെയ്ക്കാറുള്ള ഡയറിയിൽ ഒരിക്കൽ കോറിയിട്ടു;

ജോൺ പേറ്റൺ പറഞ്ഞതു പോലെ, ഒന്നുകിൽ നിങ്ങൾ എന്നെ എയ്യുക, അല്ലെങ്കിൽ കൊല്ലുക. എന്തു ചെയ്താലും ഞാൻ നിങ്ങളുടെ മിത്രമാണ്. അപ്പോൾ ചില ഗോത്രവർക്ഷകക്കാർ ജോണിന്റെ നാലുചുറ്റും കുലച്ച വില്ലുകളുമായി നിൽക്കുന്നുണ്ടായിരുന്നു. ആ സമയത്ത് ജോണിൽ ഉണ്ടായിരുന്ന ധൈര്യം പോലെ, ഞാനും....

ദൈവശാസ്ത്രവും നരവംശശാസ്ത്രവും സഭാചരിത്രവും ചുമടുകളായി ശിരസ്സിലേറ്റുമ്പോഴും ആൽബർട്ട് ഉൾപുളകത്തോടെ മറ്റൊരു ചിന്താധാരയിലായിരുന്നു.

നഗ്നപാദനായി കാടും മേടും താന്റെ തന്നെ ആയാസം അയാൾ കണ്ടു; അപ്പോഴും സ്നേഹത്തിന്റെ ദീപം തന്റെ കൈയ്യിൽ കാണും, നഗരത്തിന്റെ വിസ്മയങ്ങളെക്കുറിച്ച് അവബോധമില്ലാതെ വലയുന്ന ഒരു ജനതയിലേക്ക് പ്രത്യാശാ ഗീതവുമായി എത്തപ്പെടുമ്പോൾ യേശുവിന്റെ നാമം നാവിൽ കാണും, മുള്ളുകൾ നിറഞ്ഞ് കാലിൽ രക്തം പൊടിയുമ്പോൾ നേർത്തൊരു പുഞ്ചിരി ചുണ്ടിൽ കാണും. അപമാനവും പരാജയവും പ്രതികൂലവും ഏറുമ്പോൾ ക്രിസ്തു വലങ്കരത്തിൽ പിടിച്ചിരിക്കുന്നത് കാണും. പിന്നേയും...

പ്രാക്ടിക്കൽ ഈവഞ്ചലിസ കാലത്താണ് ആൽബർട്ടിന് ഡേവിഡ് സുഹൃത്തായി ലഭിക്കുന്നത്. ബൈബിൾ കോളജിൽ വെച്ച് ഡേവിഡുമായി വലിയ പരിചയം അയാൾക്കില്ലായിരുന്നു. മാത്രമല്ല ഡേവിഡ് ആൽബർട്ടിന്റെ സീനിയറായിരുന്നു. എപ്പോഴും മൗനമായിരുന്നു ഡേവിഡിന്റെ പ്രധാനഭാവം. നിശാശാലകളിൽ പാടി നടന്ന്, ഒടുവിൽ എല്ലാം തകർന്ന് തികച്ചും ഭ്രാന്തനായി മാറിയ ഡേവിഡ് എവിടെ നിന്നാണ് ഇത്രയും മൗനം ശേഖരിച്ചതെന്ന് ആൽബർട്ട് അതിശയിച്ചിട്ടുണ്ട്. ആ ഇരുളറയിൽ നിന്ന് ക്രിസ്തീയ പ്രകാശത്തിലേക്കും സമാധാനത്തിലേക്കും വന്ന ഡേവിഡ് ദൈവകാര്യങ്ങൾ പറയുമ്പോൾ വാചാലനായിരുന്നു താനും.

ആ പരിശീലനകാലത്താണ്, ഡേവിഡിനോടും ആൽബർട്ട് തന്റെ സ്വപ്നം പങ്കു വെയ്ക്കുന്നത്. ഒരു ഗ്രാമത്തിൽ, അരയാൽ വൃക്ഷത്തണലിൽ ക്ഷീണിതനായി നിൽക്കുമ്പോൾ, കടന്നു പോകുന്ന വഴിയാത്രക്കാർ തങ്ങളെ ശ്രദ്ധിക്കുന്നുവെന്ന് ഗൗനിക്കാതെ ആവേശത്തോടെ അത് പറയുമ്പോൾ, ആൽബർട്ടിന്റെ മനസ്സിനുള്ളിൽ പച്ചപ്പടർപ്പുകൾ നിറഞ്ഞ ഒരു മലയോരഭൂമി തെളിഞ്ഞു വരുന്നുണ്ടായിരുന്നു. കാട്ടു ചോലയിൽ നിന്ന് വെള്ളമെടുക്കാൻ കുന്നിറങ്ങി വരുന്ന ഗോത്രവർഗ്ഗക്കാരും അവരുടെ സംസ്ക്കാരവും തനിമയും കൊണ്ട് മുഖരിതമായിരുന്നു ആൽബർട്ടിന്റെ ഹൃദയം. ക്രിസ്തുവിന്റെ സ്നേഹം ആ ഗോത്രവർഗ്ഗക്കാരിൽ പടരുന്നതായിരുന്നു ആ ദർശനത്തിന്റെ ഉന്നതി. അടുത്ത കൂൾബാറിലേക്ക് മിഴി നട്ടിരിക്കുകയായിരുന്നു ഡേവിഡ് മെല്ലെ തിരിഞ്ഞു. തടിച്ച ഫ്രെയിമുള്ള കണ്ണടയിലൂടെ അയാളുടെ ദൃഷ്ടികൾ നീണ്ടു വരുന്നത് ആൽബർട്ട് കണ്ടു. പിന്നെ ഒരു നിമിഷത്തേക്കായി ഒരു പുഞ്ചിരി, അത്രമാത്രം. തുടർന്ന് തോളിൽ തട്ടി റോഡുമുറിച്ചു കടക്കാൻ ആംഗ്യം നൽകി, റോഡിനപ്പുറത്തുള്ള കൂൾബാറിലേക്ക് നടന്ന ഡേവിഡിനെ മനസ്സിലാക്കാൻ ആൽബർട്ട് ഒരു വിഫലശ്രമം നടത്തി. താൻ പറഞ്ഞത് പൊട്ടത്തരമാണോ, പരിഹാസ്യമാണോ എന്ന ചിന്തയോടെ ആൽബർട്ട് ഡേവിഡിനെ അനുഗമിച്ചു. നാരങ്ങാവെള്ളത്തിന്റെ തണുപ്പ് അരിച്ചിറങ്ങുമ്പോൾ ഡേവിഡിന്റെ നോട്ടത്തിൽ ഒരു ഭാവപ്പകർച്ച വന്നിരിക്കുന്നത് ആൽബർട്ട് ശ്രദ്ധിച്ചു.

വാ.. ഡേവിഡിനു പിന്നാലെ

04

**ചോദ്യോത്തര വേദി**

# ഷിയാ – സുന്നി വിഭാഗങ്ങളുടെ ശത്രുത



ജോർജ്ജ് ഫിലിപ്പ്
തെക്കേക്കര

**ചോദ്യം:** ഇസ്ലാം മതത്തിലെ വിവിധ വിഭാഗങ്ങളെക്കുറിച്ചറിയാനാഗ്രഹിക്കുന്നു. ഷിയാ സുന്നി വിഭാഗങ്ങളുടെ ശത്രുതയ്ക്ക് കാരണമെന്ത്? ഇറാക്കിലെ സുന്നി ഭീകരവാദികളെ സൗദി അറേബ്യ സഹായിക്കുന്നതെന്തുകൊണ്ട്? ഇറാനെ ആക്രമിക്കണമെന്ന് ഇസ്രായേൽ ആഗ്രഹിക്കുന്നതുപോലെ തന്നെ, ഗൾഫിലെ ഇസ്ലാമിക രാഷ്ട്രങ്ങളും ഇറാനെ ആക്രമിക്കണമെന്ന് ആവശ്യപ്പെടുന്നത് എന്തുകൊണ്ട്?

– ബിനു മത്തായി, മാവേലിക്കര

**ഉത്തരം:** ലോകത്തിലെ ഇസ്ലാംമതവിശ്വാസികളിൽ 80 ശതമാനത്തിനടുത്ത് **സുന്നി**കളാണ്, **ഷിയാ**കൾ 20 ശതമാനത്തിനടുത്ത് വരും. ഭൗതികമായത് എല്ലാം ഉപേക്ഷിച്ച്, എല്ലാ കാര്യങ്ങളിലും ദൈവത്തെ മാത്രം കണ്ട്, ദൈവത്തിൽ ലയിച്ചുചേരാൻ ശ്രമിക്കുന്ന **സൂഫി**കൾ (Sufi) എന്നൊരു ഇസ്ലാമിക വിഭാഗം മൂന്നാമതായുണ്ട്. കൂടാതെ ചെറിയ വേറെ വിഭാഗങ്ങളുണ്ട്. സൗദി അറേബ്യയിലെ വഹാബികൾ (Wahabis), ലെബനോനിലെ ഡ്രൂസുകൾ (Druz), സിറിയായിലെ അലാവികൾ (Alawites), പാക്കിസ്ഥാനിലെ അഹമ്മദീയർ (Ahmadiyas). കൂടാതെ എ. ഡി. 1472-ൽ ഗുരുനാനാക്ക് സ്ഥാപിച്ച സിക്കുമതവും, ഏ. ഡി. 1863-ൽ മിർസ ഹുസൈൻ അലി (ബഹാഉള്ള) സ്ഥാപിച്ച ബഹായി മതവും ഇസ്ലാമിന്റെ സ്വാധീനത്തിലാണ് സ്ഥാപിതമായത്.

മുഹമ്മദ് നബിയുടെ പിൻഗാമിയെ (**ഖലീഫാ**യെ)ക്കുറിച്ചുള്ള – പിൻഗാമി **(ഖലീഫാ)** ആരെന്നുള്ള – തർക്കമാണ് ഷിയാ സുന്നി വിഭാഗങ്ങളുണ്ടാകാൻ കാരണം. എ. ഡി. 632 ജൂൺ 8-ാം തീയതി മുഹമ്മദ് നബി മരിക്കുമ്പോൾ തന്റെ പിൻഗാമിയെ നിശ്ചയിച്ചിരുന്നില്ല. തിരഞ്ഞെടുപ്പിലൂടെ പിൻഗാമിയെ നിശ്ചയിക്കണമെന്ന് **സുന്നി വിഭാഗം** ആവശ്യപ്പെട്ടപ്പോൾ, മുഹമ്മദ് നബിയുടെ ബന്ധുവും മരുമകനുമായ **അലി** മുഖേന പിൻഗാമി വരണമെന്ന് **ഷിയാ വിഭാഗം** ശഠിച്ചു. അങ്ങനെയാണ് ആദ്യമായി ഷിയ സുന്നി വിഭാഗങ്ങളുണ്ടാകുന്നത്.

**സുന്നി** വിഭാഗക്കാർക്ക് ആത്മീയ നേതൃത്വവും, ഭൗതീക നേതൃത്വവും രണ്ടാണ്. എന്നാൽ **ഷിയാ**വിഭാഗക്കാരുടെ ആത്മീയനേതൃത്വം, ഭൗതീക രാഷ്ട്രീയ നേതൃത്വത്തെയും ഭരിക്കുന്നു. ഉദാഹരണത്തിന് **ഷിയാ**കൾ ഭൂരിപക്ഷമുള്ള ഇറാനിൽ അയത്തൊള്ള ഖൊമേനി നേതാവായിരുന്നതുപോലെ. **സുന്നി**കൾ ഖുറാൻ കൂടാതെ മുഹമ്മദ് നബിയുടെ വചനങ്ങളും പ്രവർത്തിയും പ്രമാണമായി കരുതുന്നു. പ്രാദേശിക ഇസ്ലാമിക നേതൃത്വത്തിന്റെ തീരുമാനങ്ങളും **സുന്നി**കൾക്ക് പ്രമാണങ്ങളാണ്.

എന്നാൽ **ഷിയാകൾക്ക്** അവരുടെ **ഇമാ**മിന്റെ (നബിയുടെ മരണശേഷമുള്ള അവരുടെ ആത്മീയ നേതാവ്) വാക്കുകൾക്ക് മാത്രമേ ആധികാരികതയുള്ളൂ. കത്തോലിക്കർ പോപ്പിന് കൊടുക്കുന്ന പ്രാധാന്യമാണ് ഷിയാകൾ അവരുടെ ഇമാമിന് കൊടുക്കുന്നത്. എന്നാൽ, 9-ാം നൂറ്റാണ്ടിൽ, ഏ. ഡി. 874-ൽ, അവരുടെ 12-ാമത്തെ ഇമാമായ **മഹ്ദിയെ** കാണാതായി. **മഹ്ദി** തിരിച്ചുവരുമെന്നാണ് **ഷിയാ**കൾ വിശ്വസിക്കുന്നത്. യേശുക്രിസ്തുവിന്റെ മടങ്ങിവരവ് ക്രിസ്ത്യാനികൾ പ്രതീക്ഷിക്കുന്നതുപോലെ, **മഹ്ദി**യുടെ തിരിച്ചുവരവും **ഷിയാ**കൾ പ്രതീക്ഷിക്കുന്നു. **മഹ്ദി** വന്നു കഴിഞ്ഞാൽ ലോകം മുഴുവനും **മഹ്ദി**യുടെ ഭരണത്തിൽ കീഴിലാകുമെന്നും ഇസ്ലാമിക ലോകം ഉടലെടുക്കുകയും ചെയ്യുമെന്ന് **ഷിയാ**കൾ വിശ്വസിക്കുന്നു.

എന്നാൽ ഗൾഫിലെ അറബി രാഷ്ട്രത്തലവന്മാരെല്ലാം **സുന്നി**വിഭാഗക്കാരാണ് **സുന്നി**കളായ അറബിഭരണ കർത്താക്കൾ **ഷിയാ**വിഭാഗക്കാരായ ഇറാനെ ഭയക്കുകയും വെറുക്കുകയും ചെയ്യുന്നു. കാരണം **ഷിയാ**കളുടെ വിശ്വാസമനുസരിച്ച് **മഹ്ദി** വന്നുകഴിഞ്ഞാൽ ആദ്യം ചെയ്യുന്നത് സൗദ്യ അറേബ്യയിലെ **മക്കയും മെദീനായും** സുന്നി വിഭാഗക്കാരുടെ കൈയിൽ നിന്ന് മോചിപ്പിക്കുകയായിരിക്കും. അതു കഴിഞ്ഞ് മാത്രമേ അമേരിക്കയേയും ഇസ്രായേലിനെയും പരാജയപ്പെടുത്തി ഒരു ഇസ്ലാമിക ലോകസർക്കാർ പടുത്തുയർത്തുകയുള്ളൂ. സുന്നികളായ അറബിലോകത്തെ അസ്വസ്ഥതകൾ-ടുണീഷ്യ, ഈജിപ്റ്റ്, ലിബിയ, യെമൻ, ബഹറിൻ എന്നിവിടങ്ങളിൽ നടന്നതും നടന്നുകൊണ്ടിരിക്കുന്നതുമായ ജനകീയ മുന്നേറ്റങ്ങളും സംഘർഷങ്ങളും **മഹ്ദിയുടെ** ആഗമനത്തിന്റെ സൂചനയായി ഒരു വീഡിയോ ചിത്രീകരണം ഇറാൻ ഭരണകൂടം തയ്യാറാക്കി ഇറാനിൽ കാണിക്കുന്നുണ്ട്. ഇറാന്റെ വളരെ വ്യക്തമായ ഈ കാഴ്ചപ്പാടിൽ അറബി രാഷ്ട്രങ്ങൾ ഒട്ടും സന്തുഷ്ടരല്ല. ലോകത്തിനു ലഭിക്കുന്ന ഇന്ധന എണ്ണയുടെ 25 ശതമാനം സൗദി അറേബ്യയുടെ കൈവശമാണ്. അത് കൈവശപ്പെടുത്താനാണ് ഇറാൻ മതപരമായ കാഴ്ചപ്പാടും അണ്വായുധവും വികസിപ്പിക്കുന്നതെന്ന് അറബി ഭരണകർത്താക്കൾ ചിന്തിക്കുന്നു. അതിനാലാണ് ഇറാനെ നശിപ്പിക്കണമെന്ന് സൗദി അറേബ്യയും ബഹറിനും വിക്കിലിക്സ് വെബ്സൈറ്റ് വെളിപ്പെടുത്തിയ നയതന്ത്രരേഖകൾ പ്രകാരം അമേരിക്കയെ നിർബന്ധിക്കുന്നത്.

**അടിക്കുറിപ്പ്:** സെഖര്യാവ് 14-ൽ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: “ഞാൻ സകല ജനതകളെയും യെരുശലേമിനെതിരെ യുദ്ധത്തിനായി കൂട്ടിവരുത്തും....യെരുശലേമിനോടു യുദ്ധം ചെയ്ത സകല ജനതകളെയും ശിക്ഷിക്കുവാനുള്ള ബാധ ഇതാകുന്നു; അവർ നിവർന്നു നിൽക്കുമ്പോൾത്തന്നെ അവരുടെ മാംസം ചീഞ്ഞഴുകിപ്പോകും; അവരുടെ കണ്ണ് അതിന്റെ തടത്തിൽവെച്ചുതന്നെ ചീഞ്ഞഴുകിപ്പോകും; അവരുടെ നാവ് വായിൽത്തന്നെ ചീഞ്ഞഴുകിപ്പോകും....” (ഇങ്ങനെയൊരു **യുദ്ധമോ ബാധയോ** ഇതുവരെ സംഭവിച്ചിട്ടില്ലാത്തതിനാൽ, സമീപഭാവിയിൽ ഇതു സംഭവിക്കേണ്ടതാകുന്നു).

## 03 വേദ പഠനം...

ന്തതിയായി ജനിച്ചു മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റിരിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തു കൊൾക, അതാകുന്നു എന്റെ സുവിശേഷം 2തിമോ: 2:8. യേശുക്രിസ്തുവിൽ കൂടി മനുഷ്യവർഗ്ഗത്തിനുവേണ്ടി ഒരുക്കിയ രക്ഷാപദ്ധതിയിൽ ദൈവമഹത്വം നന്നായി വെളിപ്പെടുത്തിയിരിക്കുന്നു. ദൈവപ്രതിമയായ ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷം 2കൊരി:4:4. സുവിശേഷത്തെ മഹത്വമുള്ള സുവിശേഷം എന്നു പറയാം. സുവിശേഷം പാപിയെ വിശുദ്ധനാക്കുന്നു. നരഭോജിയെപ്പോലും നരസ്നേഹിയാക്കുന്നു. അന്ധകാരത്തിൽ നിന്നും വെളിച്ചത്തിലേക്കും, ദുർഗന്ധപൂരിതമായ ജീവിതത്തിൽ നിന്ന് സുഗന്ധപൂർണ്ണമായ ജീവിതത്തിലേക്കും, നാശപട്ടണത്തിൽ നിന്നും മോക്ഷപട്ടണത്തിലേക്കും നയിക്കുന്നു. സുവിശേഷം എത്രശ്രേഷ്ഠം. ചുരുക്കത്തിൽ സുവിശേഷം എന്നത് മരണത്തെ ജയിച്ചു ഉയിർത്തെഴുന്നേറ്റ ക്രിസ്തു തന്നെയാണ്. (തുടരും...)

## 01 ഏ. ജി. മലയാളം....







റേഷൻ അഗപ്പ കേരള സ്റ്റേറ്റ് കോർഡിനേറ്ററുമായും പ്രവർത്തിക്കുന്നു. ഭാര്യ: റെനിമോൾ റോയ്സൺ,മക്കൾ: സെറ, സ്റ്റീവ്, സ്മിത്ത്.

സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ സത്യദാസ് വിട്ടിയം സഭാ ശുശ്രൂഷകനാണ്. ഭാര്യ: ശലോമ സത്യദാസ്.

ട്രഷററായി ചുമതലയേറ്റ ബ്രദർ അജേഷ് ബേബി മാമല സഭാംഗമാണ്. അക്കൗണ്ടന്റായി സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നു. കഴിഞ്ഞ രണ്ട് ടേമുകളിൽ ജോയിന്റ് സെക്രട്ടറിയായിരുന്നു. ഭാര്യ:റിൻസി

വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ സുനിൽ ദാസ് പ്ലാത്താങ്കര സഭാ ശുശ്രൂഷകനാണ്. കഴിഞ്ഞ ടേമിൽ ട്രഷററായിരുന്നു. ജോയിന്റ് സെക്രട്ടറിയായ പാസ്റ്റർ ഷിബു വി.ജെ വെളുത്ത മണൽ സഭാ ശുശ്രൂഷകനാണ്. ഇവാഞ്ചലിസം കൺവീനറായി ചുമതലയേറ്റ പാസ്റ്റർ സാബു കുമാർ പൂവാർ സഭാ ശുശ്രൂഷകനാണ്. ചാരിറ്റി കൺവീനറായി തിരഞ്ഞെടുക്കപ്പെട്ട ബ്രദർ ജിനു വർഗ്ഗീസ് പത്തനാപുരം സഭാംഗമാണ്. ഇതിനു മുൻപ് മൂന്നു ടേമുകളിൽ സി.എ. കമ്മറ്റിയിൽ ജോയിന്റ് സെക്രട്ടറി, ട്രഷറർ ചുമതലകൾ വഹിച്ചിട്ടുണ്ട്. സ്വകാര്യ മേഖലയിൽ കമ്പ്യൂട്ടർ വിദഗ്ദനായി പ്രവർത്തിക്കുന്നു. സഭാ സൂപ്രണ്ട് റവ. ടി.ജെ. സാമുവേൽ തിരഞ്ഞെടുപ്പിനു നേതൃത്വം നൽകി. എം.കെ. ജോർജ്ജ്( റിട്ട. ഫോറസ്റ്റർ), വൈ. ഷിബു (എക്സൈസ് ഇൻസ്പെക്ടർ) എന്നിവർ തിരഞ്ഞെടുപ്പു ഓഫീസർമാരായി പ്രവർത്തിച്ചു. സഭാ സെക്രട്ടറി റവ. തോമസ് ഫിലിപ്പ് നിയമന പ്രാർത്ഥന നടത്തി. ഡിസ്ട്രിക്ടിലെ 52 സെക്ഷനുകളിൽ നിന്നായി 98 പ്രതിനിധികൾ പങ്കെടുത്തു.

Website:
www.beljourn.com
www.beljourn.in

## 03 നോവൽ: കാൽവറിയുടെ....

അടുത്ത ഗ്രാമത്തിലെ വീടുകളിലേക്ക്... അവിടെയെല്ലാം ദൈവീക സുവിശേഷം ആവേശമണയാതെ അവർ പറഞ്ഞു കൊണ്ടിരുന്നു.

രാവേറെ കഴിഞ്ഞപ്പോഴാണ് അവർ വാടക വീട്ടിലെത്തുന്നത്.

അപ്പോൾ ആൽബർട്ടിന്റെ കണ്ണുകളിൽ ഉറക്കം ഘനീഭവിച്ചു തുടങ്ങിയിരുന്നു.

പക്ഷേ, അവനെ ഉറക്കത്തിന് വിട്ടു കൊടുക്കാതെ, പ്രാർത്ഥനയുടെ നേർമ്മയിലേക്ക് ഡേവിഡ് ക്ഷണിച്ചു. അയാളെ നിരാകരിക്കാനും പ്രാർത്ഥന അലക്ഷ്യമാക്കാനും ആൽബർട്ടിന് കഴിഞ്ഞില്ല. പാതിരാത്രി കഴിഞ്ഞിരുന്നു ആ മധ്യസ്ഥപ്രാർത്ഥന അവസാനിച്ചപ്പോൾ.

ആൽബർട്ട്, നീ മുൻപു പറഞ്ഞ ദർശനം വാസ്തവമോ..? പെട്ടന്നായിരുന്നു ഡേവിഡിന്റെ ചോദ്യം. ആൽബർട്ട് ഒന്നും പറയാതെ ഡേവിഡിനെ നോക്കി.

ഗോത്രവർഗ്ഗക്കാരുടെ ഇടയിൽ നിനക്കൊരു കോളിങ് ഉള്ളതായി....

അതെ..അതെ.. ഉറക്കം കാർന്നു തിന്നുമ്പോഴും ആൽബർട്ട് മന്ത്രിച്ചു.

പൊടുന്നനെ എടുത്തെറിയപ്പെട്ടതു പോലെ അബോധത്തിലേക്ക് അയാൾ പതിച്ചു.

ഒരു പ്രവാഹത്തിനൊപ്പം എവിടേക്കോ ഒഴുകുന്നതായി....എന്തെന്നില്ലാത്ത പരമാനന്ദം വന്നു നിറയുന്നതായി.

അപ്പോൾ,

കാൽവറിയുടെ മുകളിലൂടെ സൂര്യൻ ഇഴയുന്നുണ്ടായിരുന്നു. അവശതയുടെ ആധിക്യത്തോടെ ഒരു കാൽ അമരുന്നത്...ഒരു നിശ്വാസം വീണുടയുന്നത്... കുരിശിൽ, പിടയുന്ന രണ്ടു കണ്ണുകൾ വിങ്ങലോടെ ഉയരങ്ങളിലേക്ക് ചലിച്ചത്...

മിന്നൽ പിണർ വിതാനം പിളർന്നത്....

ഒരു ഗദ്ഗദം.....

ആൽബർട്ട് നടുക്കത്തിന്റെ വഴിത്താരയിലായിരുന്നു.

യരുശലേമിന്റെ തുടിപ്പുകൾക്കിടയിലൂടെ, നിന്ദയുടെ മരക്കുരിശിൽ... വേദനയുടെ ഉത്തംഗശൃംഗത്തിൽ നിന്ന് ഒരു മുഖം, സ്വതോളിലേക്ക് അടരുന്നു...

എല്ലാം നിവർത്തിയായി...

തീവ്രമായ ദർശനപഥത്തിൽ നിന്ന് ആൽബർട്ട് പിന്തിരിഞ്ഞു. കണ്ണു തുറന്ന് നോക്കുമ്പോൾ, ദിവ്യമായ പുഞ്ചിരിയോടെ ഡേവിഡ്! (തുടരും)

## 01 ക്രൈസ്തവ പീഡനം.....

റ്റോഡ് ജോൺസൺന്റേയും പഠനങ്ങളും വിവരങ്ങളും ആണ് കണക്കുകൾക്കുവേണ്ടി ഹിസ്റ്ററി മാഗസിൻ ഉപയോഗിച്ചത്.

നിരീശ്വര കമ്മ്യൂണിസ്റ്റ് സോഷിലിസ്റ്റ് ഗവൺമെന്റുകളും കടുത്ത ഇസ്ലാമിക നിയമങ്ങൾ നിലനിൽക്കുന്ന രാജ്യങ്ങളും ക്രൈസ്തവരെ ഉന്മൂലനം ചെയ്യുന്നതിൽ ഉത്സുഹകരാണ്. എന്നാൽ ചില ക്രൈസ്തവ സഭകൾ ഉപദേശത്തിന്റെ പേരിൽ സ്വന്തം സഹോദരങ്ങളെ കൊന്നടുക്കി എന്ന് ചരിത്രം പറയുന്നു.

ഡേവിഡ് ബാരറ്റിന്റെ അഭിപ്രായത്തിൽ ക്രിസ്തുവിന്റെ സാക്ഷികളായതിന്റെ പേരിലാണ് 7 കോടി ജനങ്ങൾ രക്തസാക്ഷിത്വം വരിച്ചത്. സാക്ഷി എന്നതിന്റെ അർത്ഥം ഇവർ സുവിശേഷം പ്രസംഗിച്ചു മരണത്തെ കൈവരിച്ചു എന്നല്ല. പകരം സജീവമായ ഒരു ക്രൈസ്തവ ജീവിതം നയിച്ചതുകൊണ്ടാണ് പലരും മരണപ്പെട്ടത്. അഞ്ചര ദശലക്ഷം ക്രൈസ്തവർ മറ്റ് സഭാവിഭാഗങ്ങളിൽ നിന്നുള്ള പീഡനത്തിൽ മരണപ്പെട്ടു. ഹിസ്റ്ററി മാസികയുടെ പത്രകുറിപ്പ് പ്രകാരം 12 നൂറ്റാണ്ടു മുതൽ 17ാം നൂറ്റാണ്ട് വരെ നടന്ന പീഡനങ്ങൾ നടത്തിയത് ആ കാലഘട്ടത്തിലെ പ്രമുഖ സഭകളായിരുന്നു.

1400 വർഷത്തിലെ ചരിത്രത്തിൽ ആദ്യമായാണ് മോസുലിലെ ഒരു കൽദയ പള്ളിയിൽ ISIS തീവ്രവാദികൾ ആരാധന നിർത്തി വെപ്പിച്ചത്.

യേശുക്രിസ്തുവിന്റെ സമയം മുതൽ ഇന്നും തുടരുന്ന പീഡനം മൂലം ഓരോ വർഷത്തിലും ലക്ഷകണക്കിന് വിശ്വാസികളാണ് രക്തസാക്ഷിത്വം വരിക്കുന്നത്. നൈജീരിയായിലും കെനിയയിലും ഈജിപ്റ്റിലും ഇറാക്ക്, സിറിയ, വടക്കൻ കൊറിയ എന്നിവിടങ്ങളിൽ ഇത് നിർബാധം തുടർന്നു കൊണ്ടിരിക്കുന്നു. ഇവരെ ഓർത്ത് പ്രാർത്ഥിക്കാൻ/ സഹായിക്കാൻ മതസ്വാതന്ത്ര്യം ഉള്ള രാജ്യങ്ങളിൽ വസിക്കുന്ന വിശ്വാസികൾ തയ്യാറാവണം.

**കുറിപ്പ്:** കൂടുതൽ വിവരങ്ങൾക്ക് Christian History മാസികയുടെ 109-ാം പതിപ്പ് വായിക്കുക.

ലേഖനം



റെജി പോൾ
ഷാർജ

# ഈസബേലിന്റെ ആത്മാവ് –3

## സഭകളെ തകർക്കുന്ന ഇസബേല്യ പോരാട്ടത്തെക്കുറിച്ചുള്ള പഠനം തുടരുന്നു...

ഈസബെലിനെക്കുറിച്ചെഴുതിയ ഒന്നാം ലക്കം വായിച്ചിട്ട്, “ബ്രദർ എഴുതുന്നതൊക്കെ ശരിയാ...പക്ഷെ ഇതൊന്നും ആരും മുഖവിലക്കെടുക്കില്ല” എന്നൊരു പ്രശസ്തനും അനുഗ്രഹീതനുമായ ശുശ്രൂഷകൻ പറഞ്ഞത് ഓർമ്മയിലുണ്ട്. ബുദ്ധിമാന്മാർ മറ്റുള്ളവരുടെ അനുഭവത്തിൽ നിന്ന് പഠിക്കുമ്പോൾ മണ്ടന്മാർ സ്വയം അനുഭവിച്ചു തന്നെ പഠിക്കുന്നു എന്നുള്ള ആംഗലേയ പഴഞ്ചൊല്ലും ഓർമ്മ വരുന്നു. അനേക സഭകളെയും ശുശ്രൂഷകന്മാരെയും തകർത്തിട്ടുള്ള ഈ ദുഷ്ട ശക്തിയെക്കുറിച്ചുള്ള പരിജ്ഞാനം പ്രാപിച്ചിട്ടും മുൻ കരുതലെടുക്കാൻ തയ്യാറില്ലാത്തവരെ ആർക്കും രക്ഷിക്കാൻ കഴിയില്ല. ഈ ശക്തിയോടുള്ള ബന്ധത്തിൽ ഒളിഞ്ഞിരിക്കുന്ന അപകടം സദൃശ്യവാക്യങ്ങൾ ഏഴാം അദ്ധ്യായത്തിൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു. ആത്മീയത്തിൽ പുരട്ടിയ ഭോഷ്കിനാൽ തന്നെ അതിവിദഗ്ധമായി ആത്മീയർക്ക് ചുറ്റും അവൾ ആകർഷണവലയം തീർക്കുന്നു. ഈ അന്ധകാര വ്യാപാരത്തിന്റെ മറ്റു സ്വഭാവ വിശേഷങ്ങൾ കൂടി തിരുവചനാടിസ്ഥാനത്തിൽ ചിന്തിക്കാം.

**11. ഒളിഞ്ഞിരിക്കുന്ന അപകടം**

നേതൃത്വത്തോട് അടുത്ത് നിൽക്കുന്നവരാണെങ്കിലും തങ്ങളുടെ ഉപദേശങ്ങൾ അഥവാ താല്പര്യങ്ങൾ ഹനിക്കപ്പെട്ടാൽ തനി സ്വഭാവം പുറത്തെടുക്കാനും അഭിഷിക്തന്മാർക്കു നേരെ പട നയിക്കാനും ഇവൾക്ക് വളരെ കുറച്ചു സമയം മതി. എന്നാൽ ഈ വക പോരാട്ടങ്ങൾ ഉണ്ടാകുമ്പോൾ ശുശ്രൂഷകൻ വാസ്തവത്തിൽ ദൈവഭക്തനും നിരപവാദ്യനുമാണെങ്കിൽ ദൈവജനം മാത്രമല്ല അവളുടെ തന്നെ കൂട്ടാളികളും തന്നോട് ചേർന്ന് വരും. 2 രാജാ. 9:32,33 വായിച്ചാൽ ഇത് വ്യക്തമാകും. ഇതോടൊപ്പം യിരെമ്യ. 15:19 കൂടി ചേർത്ത് വായിക്കുക.

**12. അസമാധാനത്തിന്റെ ആത്മാവ്**

ഈസബേല്യ പോരാട്ടം സഭയിൽ സൃഷ്ടിക്കുന്ന അസമാധാനത്തിന്റെ ആത്മാവിനെ ശുശ്രൂഷകൻ തിരിച്ചറിയുകയും അതിനോട് സന്ധിയില്ലാ സമരം പ്രഖ്യാപിക്കുകയും വേണം. (2 രാജാ. 9:22 യേഹൂവിനെ കണ്ടപ്പോൾ യോരാം; യേഹൂവേ, സമാധാനമോ എന്നു ചോദിച്ചു. അതിനു യേഹൂ: നിന്റെ അമ്മയായ ഈസബേലിന്റെ പരസംഗവും ക്ഷുദ്രവും ഇത്ര അധികമായിരിക്കുന്നേടത്തോളം എന്തു സമാധാനം എന്നു പറഞ്ഞു). അതിനെ എതിർത്ത് തോൽപിക്കുന്ന കാലം വരെയും അടങ്ങിയിരിക്കാൻ വിളിയും തിരഞ്ഞെടുപ്പുമുള്ള ഒരു ദൈവദാസന് കഴിയുകയില്ല. സഭയിൽ ആകമാനമോ, കുടുംബങ്ങളിലോ അല്ലെങ്കിൽ ചില വ്യക്തികളിലോ വിതക്കപ്പെടുന്ന അടിസ്ഥാനമില്ലാത്ത ഉത്കണ്ഠ, നിരാശബോധം, പരസ്പര വൈരാഗ്യം, പക, പിണക്കം, ആത്മഹത്യാപ്രവണത, അശുദ്ധ വികാരങ്ങൾ ഇതെല്ലാം വിവേചിക്കുന്ന ശുശ്രൂഷകൻ ഉപവാസത്താലും പ്രാർത്ഥനയാലും ഇതിനെ ചെറുക്കണം. യേഹൂ തനിക്ക് അനേകം കൂട്ടാളികളുണ്ടെങ്കിലും ഒറ്റയ്ക്ക് പുറപ്പെട്ടതുപോലെ ചില ആത്മീയ മേഖലകളിൽ സഭയെ മുറ്റും കൂട്ടു പിടിക്കാതെയും പരസ്യപ്പെടുത്താതെയും താൻ തന്നെ രഹസ്യസ്വഭാവത്തോടെ പ്രവർത്തിക്കേണ്ട വിഷയങ്ങളുണ്ട്. പരിശോധനകൾ വരുമ്പോൾ സഭയായി ഒരുപവാസമങ്ങു പ്രഖ്യാപിച്ച് കണ്ട പ്രവാചകന്മാരെയെല്ലാം കയറ്റിയിറക്കുന്ന പ്രവണത വർദ്ധിച്ചു വരുന്നു. പക്ഷെ അതൊക്കെ പലപ്പോഴും വെളുക്കാൻ തേച്ചത് പാണ്ടായി എന്ന പോലെ ദോഷം ചെയ്യുന്നു.

**13. അധാർമികതയുടെ ആത്മാവ്**

ഇതെഴുതുന്ന ലേഖകൻ സ്വന്തം വെബ്സൈറ്റിൽ (www.spiritualauditing.com) ഭ്രൂണഹത്യയെക്കുറിച്ചെഴുതിയപ്പോൾ വന്ന മറുപടികൾ അമ്പരിപ്പിക്കുന്നതുമായിരുന്നു. സ്വീകരിച്ച അനേകം മെയിലുകളിൽ മിക്കതും വീണ്ടും ജനനം പ്രാപിച്ച സഹോദരിമാരുടെ കുറ്റ സമ്മതങ്ങൾ. അബോർഷൻ നടത്തുന്നത് ശരിയല്ലെന്ന് അറിയാമെങ്കിലും വചനപ്രകാരം പാപമാണെന്നറിയില്ലായിരുന്നത്രേ. ഇതിന്റെ ഉത്തരവാദികൾ ആരാണ്? അമേരിക്കയ്ക്ക് സ്ഥിരം വിസ ശരിയായപ്പോൾ ഇനി അവിടെ ജനിക്കുന്ന കുഞ്ഞു മതി ഇപ്പോഴുള്ളത് കളഞ്ഞേക്കെന്നു പറഞ്ഞു ഭാര്യയെക്കൊണ്ട് “കളയിച്ച്” ദാസൻ ഭ്രൂണഹത്യക്കെതിരെ സഭയിൽ പ്രസംഗിക്കുമോ? പറഞ്ഞ പ്രസംഗം തിരിച്ചും മറിച്ചും പ്രസംഗിക്കനല്ലാതെ സന്മാർഗ്ഗിക ജീവിതത്തെക്കുറിച്ച് സഭയെ പ്രബോധിപ്പിക്കാൻ ഇതുവരെയും അറിയാത്തവർ വല്ല കത്തോലിക്കാ അച്ചന്മാരുടെ പ്രസംഗം സീഡി ഇട്ടു കേട്ട് പരിശീലിക്കണം. എന്നിട്ടിനി പുൾപിറ്റിൽ കയറിയാൽ മതിയെന്ന് സ്വയം തീരുമാനിക്കട്ടെ. ക്രൈസ്തവ രാഷ്ട്രങ്ങൾ എന്നറിയപ്പെടുന്ന അമേരിക്കയിലും യൂറോപ്പിലും അടിവസ്ത്രം മാറുന്ന ലാഘവത്തോടെ ഗർഭച്ഛിദ്രം നടത്തുമ്പോൾ ഇതിനു പ്രേരകമാകുന്നത് ഇസബേല്യ ശക്തിയില്ലാതെ മറ്റെന്ത്? ഇതിനു പുറമേ, പുരുഷന്മാർക്കു മാത്രമല്ല സ്ത്രീകൾക്കും അധ്യക്ഷ സ്ഥാനത്തിരിക്കാം എന്ന സമത്വവാദവും ഇവളുടെ ആയുധമാണ്.

**ചരിത്രപാഠം:**

ആയിരത്തി തൊള്ളായിരത്തി നാലിൽ വെൽഷ് റിവൈവൽ എന്ന പേരിൽ സഭാചരിത്രം കണ്ട ഏറ്റവും വലിയതും പെന്തക്കോസ്തു നാളിലെക്കാൾ വലിയ പെന്തക്കോസ്ത് അനുഭവം എന്ന് വരെ വിശേഷിക്കപ്പെട്ട സംഭവങ്ങളുടെ ബാക്കി പത്രം ആണ് ദൈവവേലയിൽ ആയിരിക്കുന്നവർക്കുള്ള ഏറ്റവും നല്ല പാഠം. ഇവാൻ റോബർട്ട് എന്ന ഇരുപത്താറുകാരനെ ആണ് ദൈവം ഇതിനായി ഉപയോഗിച്ചത്. രണ്ടു വർഷം കൊണ്ട് ഒരു ലക്ഷം പേർ രക്ഷിക്കപ്പെട്ടു എന്നതിൽ നിന്ന് തന്നെ ദൈവം ആ വ്യക്തിയെ എത്ര മാത്രം ശക്തമായി ഉപയോഗിച്ചുവെന്ന് ഊഹിക്കാവുന്നതേയുള്ളൂ. കുറ്റകൃത്യങ്ങളിൽ വന്ന കുറവു കാരണം പോലീസ് സേനയിലെ അനേകരെ പിരിച്ചു വിട്ടെങ്കിൽ നിനവേയിലെപ്പോലെ ഒരു മാനസാന്തരത്തിന്റെ വേലിയേറ്റം പട്ടണത്തിൽ നടന്നുവെന്നതിന് വേറെ തെളിവ് വേണമോ? തന്റെ സഭയിൽ ജെസ്സി പെൻ ലെവിസ് എന്നൊരു സമ്പന്നയായ യുവതി കടന്നു വന്നപ്പോൾ അത് മറ്റാരെയും പോലെയെന്ന അദ്ദേഹം കരുതിയുള്ളൂ. മുൻ സഭകളിൽ തന്റെ കിറുക്കൻ ഉപദേശങ്ങൾ സ്വീകര്യമാകാതെ വന്നപ്പോഴാണ് അവർ ഈ സഭയിലേക്ക് ദൃഷ്ടി വെച്ചത്. ക്രമേണ ദൈവത്തിന്റെ ശക്തനായ അഭിക്ഷിക്തൻ ദൈവ ശബ്ദത്തേക്കാൾ ഈ സ്ത്രീയുടെ വാക്കുകൾക്ക് കീഴടങ്ങുകയും അവസാനം അവരുടെ വീട്ടു തടങ്ങലിൽ ആകുന്നെടുത്തു വരെ കാര്യങ്ങളെത്തി. അതോടെ വലിയ നിലയിൽ ആരംഭിച്ച ഒരു ശക്തനായ ശുശ്രൂഷകന്റെ വേലയെ ചുരുട്ടിക്കെട്ടാൻ ഒരു സ്ത്രീക്ക് സാധിച്ചു. ഇരുപത്തിനാല് മാസം കൊണ്ട് അഭിഷേകത്തിന്റെ ശക്തിയാൽ ഒരു ലക്ഷം പേരെ നേടിയ ഒരു ശക്തൻ, ശിംശോനെപ്പോലെ ഒരു ഈസബേല്യ കഥാപാത്രത്തിന് കീഴടങ്ങി, ഒടുവിൽ കടുത്ത വിഷാദ രോഗത്തിനുടിമയായി. ഏറെ കാലത്തിനു ശേഷം മടങ്ങി വന്നെങ്കിലും ശുശ്രൂഷയിൽ തിളങ്ങാനായില്ല. അങ്ങനെ ആധുനിക സഭാ ചരിത്രം കണ്ടതിൽ വെച്ചേറ്റവും ശക്തനായ യുവശുശ്രൂഷകൻ വേദനിപ്പിക്കുന്ന ഒരോർമ്മയായി അണിയറയിലേക്ക് മടങ്ങിപ്പോയി. പാലം കുലുങ്ങിയാലും കേളൻ കുലുങ്ങില്ല എന്ന പോലെ ഇതൊന്നും എനിക്ക് ബാധകമല്ലെന്ന ശരീര ഭാഷയുമായി ചിലർ ഇന്നും നടക്കുന്നു. അതുകൊണ്ടത്രേ ദൈവം, ഈസബേലിനെ സഹിക്കുന്ന തുയഥൈരയിലെ സഭയെ ശാസിക്കുന്നു. ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ.

# ഭാരവാഹികൾ

**പാറശ്ശാല:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യാ പാറശ്ശാല ഡിസ്ട്രിക്ട് ഭാരവാഹികളെ തെരഞ്ഞെടുത്തു. ജൂൺ 8 ന് കള്ളിമൂട് ചർച്ച് ഓഫ് ഗോഡ് ഹാളിൽ പാസ്റ്റർ ടി. റെജിമോന്റെ അദ്ധ്യക്ഷതയിൽ നടന്ന പൊതുയോഗത്തിൽ ഭാരവാഹികളായി പാസ്റ്റർ ടി. റെജിമോൻ പ്രസിഡന്റ്, പാസ്റ്റർ സജു സാം സെക്രട്ടറി, ബ്രദർ സുശീലൻ ട്രഷററാർ, പാസ്റ്റർ രാജേഷ് പ്രയർ ടീം സെക്രട്ടറി, ബ്രദർ കുമാർ സൺഡേസ്കൂൾ സെക്രട്ടറി, പാസ്റ്റർ തോമാച്ചൻ വൈ. പി. ഇ. സെക്രട്ടറി എന്നിവരെ തെരഞ്ഞെടുത്തു.

# 06 വിധിയും വിചാരണയും....

പരിപാടിയൊരുക്കലല്ല, എല്ലാറ്റിന്റെയും ആത്യന്തിക ലക്ഷ്യമായ ആദ്ധ്യാത്മിക ഔന്നിത്യത്തിലേക്ക് ആനയിക്കുക എന്നതാണ്. അവിടെ മനുഷ്യസമൂഹത്തിന്റെ ഏറ്റവും അപരിഹാര്യമായ കാലിക പ്രശ്നങ്ങൾക്കും, വൈയക്തിക ഉത്കണ്ഠകൾക്കും സുഗമമായ വഴിയുണ്ടായിരിക്കും. ഇവിടെ മാധ്യമ പ്രവർത്തനം ഒരു കാരണവശാലും ഉപരിതല സ്പർശിയാകാൻ പാടില്ല. ആധുനീക സമൂഹത്തിന്റെ ഈ ആദ്ധ്യാത്മീക ആവശ്യം പരിഗണിച്ചു പെന്തെക്കോസ്തർ പ്രവർത്തിച്ചാൽ ലോകത്തെ നേടാനാകും.

## കല്ലുകടി

# കൊട്ടാരക്കരയിലെ യൂത്തന്മാരുടെ പാനൽയോഗം

**ഐ.** പി. സിയുടെ യുവജന വിഭാഗമായ PYPAയുടെ തെരഞ്ഞെടുപ്പ് അടുത്തവർഷമാദ്യത്തോടെ കേരളത്തിൽ നടക്കുവാൻ പോകുന്നു. അതിനു മുന്നോടിയായി കൊട്ടാരക്കരയിൽ പാനൽ യോഗം നടന്നുവെന്നാണ് റിപ്പോർട്ട്. അതിൽ വലിയ വാർത്തയൊന്നുമില്ല. കാരണം കഴിഞ്ഞ ഇലക്ഷൻ കാലത്ത് ഒരുമിച്ച് നിന്ന് മത്സരിച്ചവർ പലരും ജയിച്ചു കഴിഞ്ഞ് പാലയ്ക്കാ പിരിയും പോലെ പിരിഞ്ഞു കഴിഞ്ഞു. അതു യൂത്തന്മാർ മാത്രമല്ല മൂത്തന്മാരും അങ്ങനെ തന്നെ. പാനൽ എന്ന പേരില്ലെങ്കിലും പല പേരുകളിൽ അടുത്ത ഇലക്ഷൻ ലക്ഷ്യമാക്കി മീറ്റിംഗുകൾ നടത്തി മുതിർന്നവർ മാതൃക കാട്ടുമ്പോൾ യൂത്തന്മാരെ പഴിക്കുന്നതെന്തിന്. വരുവാൻ പോകുന്ന ഇലക്ഷനായി തയ്യാറെടുപ്പാണ് പല സിങ്കങ്ങളും പാനൽ തയ്യാറാക്കുന്നു. തന്ത്രങ്ങൾ അണിയറയിൽ നടക്കുന്നു. കുതികാൽ വെട്ടുന്നു, പാരപണിയുന്നു, ചാക്കിട്ടു പിടിക്കുന്നു, ഫണ്ട് ശേഖരണത്തിനായി പലമാർഗങ്ങൾ തേടുന്നു. അണിയറയിൽ യുദ്ധത്തിനായി ഒരുക്കങ്ങൾ പുരോഗമിക്കുന്നു. ഇന്നു കെട്ടിപ്പിടിച്ച് ചുംബിച്ച് ചിരിയുന്നവർ നാളെ അങ്കത്തട്ടിൽ വീര ചേവകരായി പോരടിക്കും. കുത്തും കത്തും ഒക്കെ ഇറക്കും. ജനാധിപത്യത്തിന്റെ ആ പൂക്കാലത്തിനായി കാത്തിരിക്കുന്നതിനുപകരം പാവം യൂത്തന്മാരെ മാത്രം പഴിക്കരുത്. വലിയ സിങ്കങ്ങൾ വഴിമാറും കാലം ഇവരും ഗർജ്ജിക്കേണ്ടവരല്ലേ. അതുകൊണ്ട് അവർ വിടുന്ന “വായ്കോട്ട” (കോട്ടുവാ) ക്ഷമിച്ചുകള.

**അടികുറിപ്പ്:–** കുശ്യന് തന്റെ ത്വക്കും പുള്ളിപ്പുലിക്ക് നിറവും മാറാനൊക്കില്ലല്ലേ.




# ഇറ്റാലിയൻ ഭാഷാ പഠനം

ജേക്കബ് വർഗ്ഗീസ്
തൊടുപുഴ, Mob : 9495380729



39

LESSON 39
Esempio

| | | |
|---|---|---|
| 1 | Io Sono Signor Jacob Chacko ആകുന്നു<br>Io non Sono J.C.<br>Sono Io J.C.?<br>Non Sono Io J.C.? | അല്ല<br>ആണോ?<br>അല്ലേ? |
| 2 | Tu Sei Signor J.C.<br>Tu non Sei J.C.<br>Sei tu J.C.?<br>Non Sei tu J.C.? | |
| 3a | Lui e` Signor J.C.<br>Lui non e` J.C.<br>E` ui J.C.?<br>Non e` Lui J.C.? | |
| 4 | Noi Siamo Signor Jacob Chacko e James Signor<br>Noi non Siamo Jacob Chacko e James Signor<br>Siamo noi J.C.e.J.S.?<br>Non Siamo noi J.C.e.J.S.? | |
| 5 | Voi Siete Signor Jacob Chacko e James Signor<br>Voi non Siete J.C. e J.S.<br>Siete voi J.C. e.J.S.?<br>non Siete voi JC e J.S.? | |
| 6a | Loro Sono Signor J.C. eJ. Signor<br>Loro non Sono J.C. e J.S.<br>Sono Loro J.C e J.S.?<br>non Sono Loro J.C e J.S.? | |

## ഷാർജയിൽ നിന്നും സ്നേഹപൂർവ്വം



വിൽസൺ ജോർജ്ജ്
വടക്കേമുറിയിൽ
(വൈസ് ചെയർമാൻ)

# പുകയുന്ന ഗൾഫ്

ഇറാക്കിലും സിറിയയിലും നടക്കുന്ന ഭീകരവാദികളുടെ മുന്നേറ്റം കനത്ത ആശങ്കയാണ് ഉളവാക്കിയിരിക്കുന്നത്. കുവൈറ്റിനെയും ആക്രമിക്കാൻ സാധ്യതയുണ്ടെന്ന് റിപ്പോർട്ട്. ചില ഏജൻസികളുടേതായി പുറത്തുവന്നിട്ടുണ്ട്. കുവൈറ്റ് യുദ്ധകാലത്തെ ഓർമ്മകൾ അനുഭവസ്ഥരിൽ നിന്നും വിട്ടുപോയിട്ടില്ല. ഇറാക്കിൽ കുടുങ്ങിക്കിടക്കുന്ന ഇന്ത്യക്കാരെ രക്ഷിക്കുവാൻ കേന്ദ്രസർക്കാർ ആവത് ശ്രമിക്കുന്നുണ്ടെന്നാണ് റിപ്പോർട്ടുകൾ കാണിക്കുന്നത്. തിക്രിട്ടിലെ ആശുപത്രിയിൽ കുടുങ്ങിക്കിടക്കുന്ന മലയാളി നേഴ്സുമാരുടെ വാർത്തകൾ എല്ലാ ദിവസവും മാധ്യമങ്ങളിൽ എത്തിക്കൊണ്ടിരിക്കുന്നു. ഇന്ത്യൻ തൊഴിലാളികളെ ബന്ധികളാക്കിയ വാർത്തയും നാം കേട്ടു. ഇറാക്ക് സൈന്യവും ഭീകരരും തമ്മിലുള്ള പോരാട്ടം അതിശക്തമായി തുടരുന്നുവെന്നാണ് റിപ്പോർട്ടുകൾ കാണിക്കുന്നത്. സിറിയയിലും ഇതേ അവസ്ഥ തന്നെയാണ്. ലോകത്തിലെ ഏറ്റവും വലിയ റിഫൈനറികൾ ഭീകരർ പിടിച്ചെടുത്തു എന്ന സ്ഥിതീകരിക്കാത്ത വാർത്തയും പുറത്തുവരുന്നുണ്ട്. ആഗോളവിപണിയിൽ ക്രൂഡോയിലിന്റെ വില കുതിച്ചുയർന്നു കഴിഞ്ഞു. ഇന്ത്യയിലും അതിന്റെ പ്രതിഫലനം ഉണ്ടായിരിക്കുന്നു. പെട്രോളിന്റെയും ഡീസലിന്റെയും വില ഉയർത്തിയത് കഴിഞ്ഞ ദിവസമാണ്. ലോകം സമാധാനമില്ലാത്ത നാളുകളിലേക്ക് നീങ്ങുകയാണോ? പുകയുന്ന ഗൾഫ് ലോകരാജ്യങ്ങളുടെയെല്ലാം നെഞ്ചിടിപ്പ് കൂട്ടുന്നു എന്നത് സത്യം.

# ഐ. പി. സി. കെട്ടിടനിർമ്മാണം ഉടൻ തുടങ്ങും

**കുമ്പനാട്:** ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭയുടെ ഇന്റർനാഷണൽ കെട്ടിട സമുച്ചയം നിർമ്മാണം പുനരാരംഭിക്കാനുള്ള നടപടികൾ പൂർത്തിയാകുന്നു. എട്ടു മാസം മുമ്പ് 20 കോടി രൂപയോളം എസ്റ്റിമേറ്റ് തുകയിൽ തുടങ്ങിയ കെട്ടിടനിർമ്മാണത്തിനെതിരെ ചിലർ സ്റ്റേ നൽകിയതോടെയാണ് പണികൾ അവതാളത്തിലായത്. മാലിന്യസംസ്കരണത്തിനായി പ്രത്യേകപദ്ധതികൾ തയ്യാറാക്കിയാണ് നിർമ്മാണം പുനരാരംഭിക്കാനുള്ള നടപടികൾ പൂർത്തിയാകുന്നതെന്ന് ജനറൽ പ്രസിഡന്റ് ജേക്കബ് ജോൺ പറയുന്നു.

നിർമ്മാണം പുനരാരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ കഴിഞ്ഞ ദിവസം ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ, ജനറൽ സെക്രട്ടറി പാസ്റ്റർ കെ. സി. ജോൺ, ജോയിന്റ് സെക്രട്ടറി പാസ്റ്റർ സാം ജോർജ്ജ് എന്നിവർ ചർച്ചകൾ നടത്തി. വിവിധ റീജിയനുകൾക്കും പുത്രികാ സംഘടനകൾക്കും പ്രത്യേക ഓഫീസുകളും ശീതികരിച്ച ഓഡിറ്റോറിയവും പുതിയ കെട്ടിടത്തിൽ പ്ലാൻ ചെയ്തിട്ടുണ്ട്.

പാർക്കിംഗിനും മറ്റുമായി ഹെബ്രോൻ പുരത്തിന് സമീപമുള്ള 83 സെന്റ് സ്ഥലം വാങ്ങാൻ ഒരു കോടി രൂപ നൽകിക്കഴിഞ്ഞു. ഇനിയും രണ്ട് കോടിയോളം രൂപ നൽകുവാനുള്ള ക്രമീകരണങ്ങൾ പുരോഗമിച്ചു വരികയാണ്. സാമ്പത്തിക സൗകര്യമുള്ള വ്യക്തികളും സഭകളും ഓരോ ലക്ഷം രൂപ നൽകി സഹകരിക്കണമെന്ന് ജനറൽ കൗൺസിൽ ഭാരവാഹികൾ അഭ്യർത്ഥിച്ചു.

## ഉപവാസപ്രാർത്ഥനയും ഉണർവ്വുയോഗവും

**പള്ളിപ്പാട്:** ഐ. പി. സി. ബെഥേൽ ഹാളിൽ ജൂൺ 23 മുതൽ ജൂലൈ 13 വരെ ഉപവാസപ്രാർത്ഥനയും ഉണർവ്വുയോഗവും നടക്കുന്നു. വചനപാണ്ഡിത്യവും ആത്മനിറവുമുള്ള ദൈവദാസന്മാർ ശുശ്രൂഷിക്കുന്നു. പാസ്റ്റർ സാബു ചാക്കോ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നു.

## പി. ജി. യുടെ 20–ാം ബാച്ച് ആരംഭിച്ചു

**കുമ്പനാട്:** ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ ശുശ്രൂഷകന്മാരാകാനുള്ള പി. ജി. കോഴ്സിന്റെ 20–ാം ബാച്ച് പാസ്റ്റർ കെ. സി. ജോൺ ഉദ്ഘാടനം ചെയ്തു. പാസ്റ്റർ കെ. സി. തോമസ് അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ ഷിബു നെടുവേലിൽ, പാസ്റ്റർ രാജു പൂവക്കാല, പാസ്റ്റർ ടി. സി. കോശി, സണ്ണി മുളമൂട്ടിൽ, മാനേജർ കെ. റ്റി. ജോഷ്വാ എന്നിവർ പ്രസംഗിച്ചു.

## ഇവാഞ്ചലിസം ബോർഡ്

**വീയപുരം:** ഐ. പി. സി. ആലപ്പുഴ ഈസ്റ്റ് സെന്റർ ഇവാഞ്ചലിസം ബോർഡ് രൂപീകരിച്ചു. പാസ്റ്റർ എം. വി. വർഗീസ്, പാസ്റ്റർ ബി. മോനച്ചൻ (രക്ഷാധികാരികൾ), പാസ്റ്റർ സാബു ചാക്കോ (കൺവീനർ), പാസ്റ്റർ തോമസ് വർഗീസ് (ജോ. കൺവീനർ), പാസ്റ്റർ വി. എസ്. സിബിച്ചൻ (സെക്രട്ടറി), ബ്രദർ ജേക്കബ് വർക്കി (ട്രഷറർ) എന്നിവരെ ഭാരവാഹികളായി തെരഞ്ഞെടുത്തു. മെയ് 31ന് ഇവാഞ്ചലിസം ബോർഡിന്റെ നേതൃത്വത്തിൽ വീയപുരം, പായിപ്പാട്, കാരിച്ചാൽ, വെള്ളംകുളങ്ങര, പള്ളിപ്പാട്, മുട്ടം, ഏവൂർ, കായംകുളം എന്നീ സ്ഥലങ്ങളിൽ പരസ്യയോഗങ്ങൾ നടത്തി.

**വിധിയും വിചാരണയും**

# പെന്തെക്കോസ്തും മാറുന്ന മാധ്യമസംസ്കാരവും



രാജു ആനിക്കാട്

പെന്തെക്കോസ്തും മാധ്യമങ്ങളും എന്ന വിഷയം ചർച്ചക്കെടുക്കുമ്പോൾ പെന്തെക്കോസ്തലിസത്തിനു മാധ്യമ രംഗത്തോടുള്ള പരമ്പരാഗത സമീപനം, നിലപാട്, പിന്നെ പെന്തെക്കോസ്തു മാധ്യമങ്ങളും, പ്രവർത്തന ശൈലിയുമെല്ലാം ഇവ പഠന വിധേയമാക്കിയേ അത് പുരോഗമിക്കുള്ളൂ.

ഭാരത പെന്തെക്കോസ്തിന് ദശാബ്ദങ്ങൾ പിന്നിട്ട വികാസ പരിണാമത്തിന്റെ കഥയുണ്ട്. ചരിത്രമുണ്ട്, പലതിലും പക്വതയാർന്ന നിലപാടുകൾ ഉള്ള അവഗണിക്കാനാവാത്ത ഒരു പ്രസ്ഥാനമായിട്ടുണ്ട് പെന്തെക്കോസ്തലിസം എന്നതിന് തർക്കമേയില്ല. എന്നാൽ ഇനിയും നിരവധി കാര്യങ്ങളോടുള്ള നയ സമീപനങ്ങളിൽ വ്യക്തതയും മാറ്റവും ഉണ്ടാകേണ്ടിയിരിക്കുന്നു എന്നതും വാസ്തവമാണ്. ആ ഗണത്തിൽ പെടുത്താവുന്നതാണ് മാധ്യമങ്ങളോടുള്ള മനസ്സ്. ഇക്കാര്യത്തിൽ ഒരു നേർക്കാഴ്ച പറഞ്ഞാൽ മൈലുകൾ കാതം നാം പിന്നിലാണെന്നു സമ്മതിക്കേണ്ടി വരും.

ആധുനീക ലോകത്തിന്റെ വിധി നിർണ്ണയിക്കുന്ന അജണ്ടകൾ തീരുമാനിച്ചു കൈകാര്യം ചെയ്യാൻ ശേഷിയുള്ള മാധ്യമങ്ങളോട് ആദ്ധ്യാത്മിക കാർക്കശ്യത്തിന്റെ പേരിലുള്ള നമ്മുടെ ഈ മനം മടുപ്പിനു വലിയ ഫലമൊന്നുമില്ല. ലോകത്ത് നടക്കുന്ന മാധ്യമ വിപ്ലവത്തെക്കുറിച്ചുള്ള അജ്ഞത നമ്മെ വൈജ്ഞാനിക തട്ടകങ്ങളിൽ നിന്നും താഴോട്ടടിക്കും.

ഒരിക്കൽ നമ്മെ വിസ്മയിപ്പിച്ചതും, നമുക്ക് അപ്രാപ്യമെന്നു കരുതിയവയൊക്കെ ഇന്ന് നമ്മുടെ വിജ്ഞാന ഭൂപടത്തിൽ നിന്ന് നിഷ്ക്രമിച്ചിരിക്കുന്നു. ഒരു കാലത്ത് നമ്മുടെ വിദൂരബന്ധങ്ങളെ കോർത്തിണക്കിയിരുന്ന കമ്പിയില്ലാക്കമ്പി ഇന്നില്ല. അഥവാ ടെലിഗ്രാം ഈസ് നോമോർ.

പുസ്തക വായനയ്ക്ക് കനത്ത അലമാരകളുടെ പൊടിപിടിച്ചു കിടന്ന നീണ്ട ഇടനാഴികളിൽ പരതി നടക്കുന്നവർക്ക് ഇപ്പോൾ അതിന്റെ ആവശ്യമില്ലാതെയായി. ഇ-മെയിൽ വായനക്കാരുടെ കാലത്തായി നമ്മൾ.

വായന മരിക്കും എന്ന വിലപിച്ചവർ ഇപ്പോൾ പറയുന്നു പുസ്തകം മരിക്കും. അത് ഗോഡൗണുകളിൽ അനാഥമാകുന്നു. സർവ്വവിജ്ഞാന കോശത്തിന്റെ നിരയിൽ പ്രധാനി എൻസൈക്ലോ പീഡിയ ബ്രിട്ടാണിക്കയുടെ അച്ചടി നിർത്തി വെച്ചത് ഇതിന്റെ വേഗതയ്ക്ക് സൂചനയായി പ്രമുഖർ നിരത്തിവെക്കുന്നു.

ഇന്റർനെറ്റും, പിന്നെ സ്മാർട്ട് ഫോൺ തരംഗവും അതിവേഗത്തിലുള്ള വ്യതിയാനമാണ് നമ്മുടെ സാംസ്കാരിക മണ്ഡലത്തിനു വരുത്തുന്നത്. കുറഞ്ഞ വാക്കുകളിൽ കൂടുതൽ കാര്യം പറയാനുള്ള സൗകര്യമാണ് ഷോർട്ട് മെസേജ് സർവ്വീസ് (എസ്. എം. എസ്.) ഒരുക്കിയത്. ഇത് നമ്മുടെ ഏറ്റവും വലിയ ആശയവിനിമയോപാധിയായി. ഭാഷയ്ക്ക് തന്നെ ഒരു പുതുരൂപം നൽകി. എസ്. എം. എസ് ഭാഷയ്ക്ക് തന്നെയുള്ള നിഘണ്ടുവും എന്നു പറയുമ്പോൾ ലോകം അതിദ്രുതം മാധ്യമ വിപ്ലവം സൃഷ്ടിക്കുന്നു എന്നു നാം അറിയണം. ഏറ്റവും നവതരംഗം എസ്. എം. എസ് മാറി, ഫേസ്ബുക്കും, ടിറ്ററും ബ്ലോഗുമെല്ലാം സാഹിത്യ രചനയ്ക്കുള്ള പുതിയ മേഖലകളായി മാറുന്നു.

ഇത്രയും പറഞ്ഞതിന്റെ സാരം. നാം പെന്തെക്കോസ്തർ ഈ മാധ്യമ വിപ്ലവത്തിന്റെ കാലത്ത് എവിടെ. എങ്ങനെ നിൽക്കുന്നു എന്നു ചിന്തിക്കാനാണ്. ഏതൊരു കാര്യത്തിന്റെയും കാലത്തിന്റെയും ഗുണദോഷങ്ങൾ പഠന വിധേയമാക്കുന്നതിൽ നാം എന്നും മുൻനിരയിലാണ്. പക്ഷെ ദോഷങ്ങൾ കണ്ടെത്തലുകളും ഗുണങ്ങൾ പ്രയോജനപ്പെടുത്താതിരിക്കുകയും ചെയ്യുന്നതിലും നാം മുന്നിലാണെന്നതാണ് വാസ്തവം.

ഇന്ന് മാധ്യമങ്ങൾ വൻതോതിൽ അപമാനനവീകരണവും, സാംസ്കാരികാധഃപതനവും നടത്തുന്നു എന്നതു യാഥാർത്ഥ്യമാണെങ്കിലും ഗുണപരമായ വശത്തെ നിരാകരിക്കുന്നതു അനുചിതമാണ്. ലോകം മുഴുവൻ നിർബന്ധമായും അറിഞ്ഞിരിക്കേണ്ട ഒരാശയത്തിന്റെ മൊത്ത പ്രചാരണ ദൗത്യം ഏറ്റെടുത്തവരാണെന്നാണ് വയ്പ്. എന്നാൽ ഇട്ടാവട്ടത്തിൽ ഒതുങ്ങുന്ന സാങ്കേതികതകളാണ് ഇന്നും നമ്മുടെ സങ്കേതം. ലോകം നാളെ എങ്ങനെ ചിന്തിക്കേണംമെന്നും എവിടേയ്ക്ക് തിരിയേണമെന്നും തീരുമാനിക്കാൻ തരത്തിൽ മനുഷ്യന്റെ മേൽ സർവ്വാധിപത്യമുള്ള മാധ്യമങ്ങൾക്ക് നാം മുഖം തിരിഞ്ഞു നിൽക്കുന്നെങ്കിൽ നമുക്ക് കാര്യമായി തെറ്റിയിട്ടുണ്ട്. പെന്തെക്കോസ്തിന്റെ പുതുതലമുറയ്ക്ക് ഈ മേഖലയിൽ ഒരു മേൽക്കൈ വന്നാൽ ഗുണപരമായ വ്യതിയാനമുണ്ടാക്കാൻ കഴിയും. മാധ്യമ രംഗത്തേക്ക് ഒരു കടന്നു കയറ്റത്തിലൂടെ സുവിശേഷത്തെ കാലോചിതമായി മനുഷ്യഹൃദയത്തിലെത്തിക്കാൻ നമുക്കാകും.

പെന്തെക്കോസ്തർ സുവിശേഷീകരണത്തിനു എല്ലാ മാധ്യമങ്ങളെയും പരീക്ഷിക്കുന്നവരാണ്. എന്നാൽ ഇന്നത്തെ സാഹചര്യത്തിൽ ലഭിക്കുന്ന അതിന്റെ വൈവിധ്യവും ഉന്നതവുമായ അനന്ത സാധ്യതകളെ ഉപയോഗിക്കുന്നതിൽ നാം പിന്നോക്കം നിൽക്കുകയാണ്. മുഖ്യാധാര മാധ്യമരംഗത്ത് സ്വാധീനമുണ്ടാക്കാൻ നമുക്കിന്നും ആയിട്ടില്ല. നമ്മുടെയിടയിൽ സുവിശേഷീകരണ, വാർത്ത പ്രചാരണത്തിനടക്കമുള്ള ഒരു മാധ്യമ പ്രവർത്തനത്തിന്റെ ആവേശം ജ്വലിച്ച് തുടങ്ങിയത് എൺപതുകളുടെ അവസാന പാദത്തിലും തൊണ്ണൂറുകളിലുമാണെന്നു പറയാം.

ഇന്ന് ആധുനീക സാങ്കേതിക വിദ്യയുൾപ്പെടുന്ന എല്ലാ സങ്കേതങ്ങളും ഉപയോഗിക്കുവാൻ നാം പഠിച്ചുകഴിഞ്ഞു. പക്ഷേ ഇത് എത്രത്തോളം പൊതു സമൂഹത്തെ സ്വാധീനിക്കുന്നുണ്ട് എന്നത് പഠന വിധേയമാക്കണം.

നമ്മുടെ ജനങ്ങൾക്കുള്ള ഒരു തരം നിഷേധാത്മകവും നിസ്സംഗവുമായ മനോഭാവത്തിനു മാറ്റം വരുത്താൻ കഴിഞ്ഞിട്ടുണ്ട്. അതും നമ്മുടെ മാധ്യമ പ്രവർത്തകരുടെ അതിസാഹസികത കൊണ്ടുതന്നെയാണ്. ആദ്യകാലങ്ങളിൽ ഒളിയുദ്ധം പോലെ കരുതലോടെ അതിനുകരുക്കൾ നീക്കിയതു കൊണ്ട് അത്യന്തം പ്രതിലോമ ചിന്താഗതിക്കാരെപ്പോലും മാധ്യമ വിധേയരോ, സ്നേഹിതരോ ഒക്കെയായി മാറ്റാൻ സാധിച്ചിട്ടുണ്ട്. ഇന്ന് മാധ്യമ രഹിത സഭക്രിസ്തു രഹിത സഭ പോലെ മൃതമാണെന്ന് നാം മനസിലാക്കി തുടങ്ങി. സാഹസിക പരിഷ്കരണങ്ങൾക്കും ജനകീയ ഇടപെടലുകൾക്കു മൊക്കെ വഴിവെച്ച മാധ്യമ സാന്നിധ്യത്തെ തിരസ്കരിച്ചു നമുക്ക് മുമ്പോട്ട് പോകേണ്ടതില്ല. അതുകൊണ്ട് യാതൊരു പ്രയോജനവുമില്ലെന്നു നാം മനസ്സിലാക്കേണം.

നമ്മുടെ മാധ്യമങ്ങൾ യഥാർത്ഥ ലക്ഷ്യവും ദൗത്യവും തിരിച്ചറിഞ്ഞ പ്രവർത്തിച്ചാൽ ഫലം ഏറെയാണ്. മതേതര മാധ്യമങ്ങൾ മനുഷ്യന്റെ വൈകാരിക മനസ്സിനെ വിനോദിപ്പിക്കുകയെന്ന ആത്യന്തിക ലക്ഷ്യത്തിൽ പ്രവർത്തിച്ചാൽ മതിയാകും. മൂല്യവാഹകർ എന്നതിനപ്പുറം വിനോദോപാധിയായി ഇവയെ കാണുന്നവരാണധികവും. എന്നാൽ പെന്തെക്കോസ്തു മാധ്യമങ്ങൾ, അത് ഇലക്ട്രോണിക്കോ, പ്രിന്റോ എന്ന വ്യത്യാസമില്ല. എല്ലാറ്റിന്റേയും പരമമായ ലക്ഷ്യം മനുഷ്യന്റെ ദൈനംദിന ദുഃഖത്തിൽ നിന്നും ഒളിച്ചു പലായനം ചെയ്യുവാനുള്ള

05

# ഡോ.കോര സംസാരിക്കുന്നു



1. ഊമക്കത്തിനെക്കുറിച്ച് കോര എന്തു പറയുന്നു?

**- ഫിന്നി, അടൂർ**

*ഊമകളോട് സംസാരിക്കാൻ കോരയ്ക്ക് അറിയില്ല ഫിന്നീ. അതിനാൽ തന്നെ ഒന്നും പറയാനുമില്ല.*

2. പി. വൈ. പി. എ. പാനൽ മീറ്റിംഗ് കൊട്ടാരക്കരയിൽ നടന്നത് കോര അറിഞ്ഞില്ലേ?

**- ബോബൻ, പുനലൂർ**

*കൊമ്പൻ പോകുന്നത് മോഴയ്ക്ക് വഴി. മുതിർന്നവർ ചെയ്യുന്നത് കുട്ടികൾ അനുകരിക്കുന്നത് സ്വാഭാവികം*

3. മാധ്യമങ്ങളോട് എന്താ ഇത്ര വിദ്വേഷം കോരേ?

**- ശമുവേൽ, നിലമ്പൂർ**

*എല്ലാ മാധ്യമങ്ങളോടും പിണക്കമില്ലലോ ശാമുവേലേ. ഓന്തിനെപ്പോലെ നിറം മാറാത്തവരോട് മാത്രമേ ഈ പ്രശ്നമുള്ളൂ.*

# ഏകദിന സെമിനാറും ബോട്ട് ടൂറും

**തിരുവല്ല:** ചർച്ച് ഓഫ് ഗോഡിലെ എഴുത്തുകാരുടെ കൂട്ടായ്മയായ 'ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പ് ഇൻഡ്യ'യുടെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 6-ന് ശനിയാഴ്ച ഏകദിന സെമിനാറും ബോട്ട് യാത്രയും നടത്തും. രാവിലെ 9.00 മണിക്ക് ആലപ്പുഴ കെ.എസ്.ആർ.ടി.സിക്കു മുമ്പിലുള്ള ബോട്ട് ജെട്ടിയിൽ നിന്ന് ആരംഭിക്കുന്ന യാത്ര വൈകുന്നേരം 5.00 മണിക്ക് അതേ സ്ഥലത്ത് സമാപിക്കും. ക്ലാസ്സുകൾ, പ്രബന്ധാവതരണം, ചർച്ചകൾ, ദൈവവചന ശുശ്രൂഷ, പ്രെയ്സ് ആൻഡ് വർഷിപ്പ്, താലന്തുകളുടെ അവതരണം തുടങ്ങിയവ ഉണ്ടായിരിക്കും.

റവ. കെ.ജെ. മാത്യു (പുനലൂർ) 'സഭാ വളർച്ചയും നവ പെന്തക്കോസ്തു പ്രസ്ഥാനങ്ങളും' എന്ന വിഷയത്തെ അധികരിച്ച് ക്ലാസ്സുകൾ നയിക്കും. സുവി. പി.ഐ. ഏബ്രഹാം (കാനം അച്ചൻ) ചർച്ചകളിൽ മോഡറേറ്ററായിരിക്കും. പ്രസിഡന്റ് പാസ്റ്റർ പി.ജി. മാത്യൂസ് സെമിനാർ ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ ജെ. ജോസഫ്, ഷിബു കെ. മാത്യു, സണ്ണി വർക്കി, ഷൈജു തോമസ്, കെ.സി. സണ്ണിക്കുട്ടി തുടങ്ങിയവർ നേതൃത്വം വഹിക്കും.

പ്രകൃതിരമണീയമായ വേമ്പനാട്ടു കായലിലൂടെയുള്ള യാത്രയും പാതിരാമണൽ, തണ്ണീർമുക്കം, കുമരകം തുടങ്ങിയ ടൂറിസ്റ്റ് സ്ഥലങ്ങൾ കാണുവാനും ആത്മീകാനുഭവങ്ങൾ പങ്കുവയ്ക്കുവാനും ഉള്ള അവസരങ്ങളും യാത്രയിലുണ്ടാകും. പങ്കെടുക്കുവാനാഗ്രഹിക്കുന്നവർ ഓഗസ്റ്റ് 20-നകം പേർ രജിസ്റ്റർ ചെയ്യണമെന്ന് ജനറൽ സെക്രട്ടറി പാസ്റ്റർ ജെ. ജോസഫ് അറിയിച്ചു.


SOUL WINNERS INDIA
Bethel Bible College
[Affiliated to IATA & Called to all Nations Ministries (USA)]
GREAT OPPORTUNITY FOR NORTH INDIAN MINISTRIES





Rev. K.G. Easo
Founder and Director






2011 Graduates

| Course Offered | Duration | Qualification |
| --- | --- | --- |
| 1. Certificate in Theology (C.Th) | 1 year | 10th class |
| 2. Diploma in Theology (Dip.Th) | 2 year | 10th class |
| 3. Bachelor of Theology (B.Th) | 3 Year | Plus Two Pass |

Medium Instruction Local Language + English

OUR FEATURES
- High qualified, experienced and committed faculty
- Growing library
- Spacious and neat dormitory
- Calm and quit campus with spiritual atmosphere
- Daily Spiritual activities
- Free accommodation, Food and study materials
- Weekend outreach ministries to the nearby cities.





For more information and application write to:
The Registrar, SWI Bethel Bible College,
Surana Nagar, Barwaha, MP, Pin: 451115
Ph: 07280-222592, 09981571723, 09926702063






റവ. കെ.ജി. ഈശോയുടെ ആത്മകഥ
സോൾ വിന്നേഴ്സ് ഇൻഡ്യാ സ്ഥാപകനും ഡയറക്ടറുമായ
റവ. കെ.ജി. ഈശോയുടെ സംഭവബഹുലവും
47 വർഷത്തെ വടക്കേ ഇൻഡ്യൻ സുവിശേഷീകരണ അനുഭവങ്ങളും
അടങ്ങിയ 'എന്റെ ജീവിതയാത്ര' എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചു.
കേവലം ആത്മകഥ എന്നതിലുപരി സോൾ വിന്നേഴ്സ് ഇൻഡ്യയുടെ
ഒരു ചരിത്രഗ്രന്ഥം കൂടിയാണ്.
കോപ്പികൾ ആവശ്യമുള്ളവർ ബന്ധപ്പെടുക
Ph: 07280222592,09981571723,09497010138, 9893478488
Email ID : kg.easo@gmail.com

WANTED TEACHERS
Invite application from qualified Teachers for Grace Higher Secondary School, Barwaha
9893478488


# അമേരിക്കൻ വിശേഷം

രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ



## കോൺഫറൻസ്

**ഈ** കുറിപ്പ് പ്രസിദ്ധീകരിക്കുമ്പോഴേക്കും PCNAK കഴിഞ്ഞിരിക്കും. ഇത്തവണ എല്ലാ കോൺഫറൻസുകളുടെയും സംഘാടകർ വളരെ ഉത്സാഹത്തിലാണ്. അമേരിക്കയിലെ വിവിധ സ്റ്റേറ്റുകളിലായി നടക്കുന്ന കോൺഫറൻസുകൾ ദൈവജനത്തിന് ആത്മീയ സന്തോഷത്തിന്റെ നാളുകൾ ആണ്. 32 വർഷങ്ങളായി നടക്കുന്ന PCNAK അമേരിക്കയിലെ ദൈവജനത്തിന്റെ ഐക്യതയുടെ പ്രതീകമാണ്. ഇക്കുറി ചർച്ച് ഓഫ് ഗോഡ് കോൺഫറൻസ് നടക്കുന്നത് ഞാൻ താമസിക്കുന്ന അറ്റ്ലാന്റാ പട്ടണത്തിലാണ്. അതേ സമയം തന്നെയാണ് IPC ഫാമിലി കോൺഫറൻസ് ഹൂസ്റ്റണിൽ നടക്കുന്നത്. നാട്ടിൽ നിന്നും ബിലീവേഴ്സ് ജേണൽ ചീഫ് എഡിറ്റർ പാസ്റ്റർ സാംകുട്ടി മാത്യൂവും കോൺഫറൻസുകളിൽ സംബന്ധിക്കുന്നതിനായി എത്തിചേർന്നത് സന്തോഷമായി. ധാരാളം സന്ദർശകർ ഇക്കുറിയും എത്തിയിട്ടുണ്ട്. മാധ്യമപ്രവർത്തകർ പലരും കോൺഫറൻസുകൾക്കായി എത്തിയിട്ടുണ്ട്. സഭാ നേതാക്കന്മാർ, പ്രസംഗകർ, പ്രവാചകർ, എഴുത്തുകാർ അങ്ങനെ വലിയൊരു ഗണം സന്ദർശകർ. ഈ കോൺഫറൻസുകൾ ആത്മീയ അനുഗ്രഹത്തിന്റെ നാളുകൾ ആയിരിക്കും എന്നതിനു യാതൊരു സംശയമില്ല.


ചെന്നൈയിൽ ആത്മീയ ആരാധനയ്ക്ക്
പഠനത്തിനും ജോലിക്കുമായി ചെന്നൈയിൽ എത്തുന്നവർക്ക് ആത്മീയ ആരാധനയ്ക്കായി ബന്ധപ്പെടുക.
IPC MISPA ASSEMBLY
MGR Nagar, Shollinganalloor (OMR & ECR),Chennai - 600 119
Pr. Mathew P John
09043545868, 09445345838
Email: mathewpj75@gmail.com



സൂററ്റിൽ ആത്മീയ ആരാധനയ്ക്ക്
പാസ്റ്റർ ജിജി പോൾ നേതൃത്വം നൽകുന്നു.
ഫോൺ: 08758400022
IPC City Church, IIIrd Floor Athva arcade, Athva Gate, Surat
Phone: 09601751369, 09725340000, 09913732923



നോയിഡയിൽ ആത്മീയ ആരാധനയ്ക്ക്





പാസ്റ്റർ മാത്യു ജോസഫ് നേതൃത്വം നൽകുന്നു.
V-10, G. Floor, Sector - 12, Noida - 201 301
Email: mathewjoseph100@gmail.com
Phone: 08506949408

**ചിന്താധാര**

# അവിശ്വാസത്തെ തകർത്ത വെടിയുണ്ട



പാസ്റ്റർ കെ. ജെ. മാത്യു

രണ്ടാം ലോകമഹായുദ്ധകാലത്ത് അമേരിക്കൻ നാവിക സേനയിൽ 21 വയസ്സുള്ള വില്യം ഡേവേഴ്സ് എന്ന ഒരു സൈനിക പരിശീലകൻ ഉണ്ടായിരുന്നു. അവൻ ഒരു നിരീശ്വരവാദിയായിരുന്നു. പുരോഹിതൻ അവനെ പ്രാർത്ഥയ്ക്കും ബൈബിൾ സ്റ്റഡിക്കും ക്ഷണിച്ചിരുന്നെങ്കിലും അവൻ അതു നിരസിച്ചിരുന്നു. ജപ്പാനുമായുള്ള യുദ്ധത്തിൽ പുരോഹിതനും മറ്റ് അനേകർക്കും മുറിവേറ്റു. പുരോഹിതൻ തന്റെ അന്ത്യനിമിഷത്തോട് അടുത്തപ്പോൾ ഡേവേഴ്സനോട് "എന്റെ പോക്കറ്റിലെ വേദപുസ്തകം എടുക്കുവാൻ ഡേവേഴ്സനോട് പറയുക എന്ന് ഒരു ദൂതൻ എന്നോടുപറയുന്നതായി സ്വപ്നം കണ്ടു" എന്ന് മൃദുസ്വരത്തിൽ പറഞ്ഞു. അദ്ദേഹത്തെ പ്രീതിപ്പെടുത്തുവാനായി ഡേവേഴ്സ് വേദപുസ്തകം എടുത്ത് തന്റെ പോക്കറ്റിൽ ഇട്ടു. ഇരുപത് നിമിഷങ്ങൾക്കു ശേഷം വീണ്ടും ഒരു ആക്രമണം ഉണ്ടായി. ഡേവേഴ്സ് താഴെ വീണു. ശത്രുവിന്റെ വെടിയുണ്ട തന്റെ നേരെ വരുന്നത് ഡേവേഴ്സ് കണ്ടു എന്നാൽ വെടിയുണ്ട അവന്റെ പോക്കറ്റിൽ കിടന്ന ബൈബിളിൽ തടഞ്ഞു നിന്നു. ലെതർ പുറംചട്ടയോടു കൂടിയ ഒരു മനോഹരമായ പുസ്തകമായിരുന്നു അത്. വെടിയുണ്ട പുസ്തകത്തിന്റെ പകുതിയോളമേ തുളച്ചു കയറിയുള്ളൂ. അവൻ അത് പുറത്തെടുത്ത് വെടിയുണ്ട തടഞ്ഞു നിന്ന പേജ് നോക്കി. അത് 91-ാം സങ്കീർത്തനം 5,6 വാക്യങ്ങളായിരുന്നു "രാത്രിയിലെ ഭയത്തെയും പകൽ പറക്കുന്ന അസ്ത്രത്തെയും ഇരുട്ടിൽ സഞ്ചരിക്കുന്ന മഹാമാരിയെയും നിനക്കു പേടിപ്പാനില്ല..... അത് നിന്നോട് അടുത്തു വരികയില്ല" അവന് ലഭിച്ച ദൈവത്തിന്റെ സൂക്ഷിപ്പിന്റെ ദൂതിൽ അവൻ വിശ്വസിച്ചു. രക്ഷപ്രാപിച്ചു ക്രിസ്തുവിന്റെ ജീവിക്കുന്ന ഒരു സാക്ഷിയായിത്തീർന്നു. ഇത്തരം അസാധാരണ സംഭവങ്ങളിൽ മാത്രമല്ല, ജീവിതത്തിന്റെ എല്ലാ ഭാഗങ്ങളിലും ദൈവവചനം നമ്മെ രക്ഷിക്കും; ശക്തിപ്പെടുത്തും.

ദൈവവചനത്തിന്റെ ശക്തി എത്ര മഹത്താകുന്നു എന്നു നോക്കുക. കഷ്ടങ്ങളിൽ ഏറ്റവും അടുത്ത തുണയായിരിക്കുന്ന ദൈവത്തെയും അവന്റെ വചനത്തെയും നാം ഒരുനാളും തള്ളിക്കളയാതെ ഏറ്റവും അധികം സ്നേഹിക്കേണം. ദൈവവചനം നമുക്ക് ആത്മാവും ജീവനും ആകുന്നു.

ഡേവേഴ്സിന്റെ ജീവനെ മരണത്തിൽ നിന്നും വിടുവിച്ചു രക്ഷിച്ച ദൈവവചനത്തെ നിങ്ങൾ വിശ്വസിക്കുക; വചനം നിങ്ങളെ രക്ഷിക്കും. ദൈവവചനത്തെ ബുദ്ധിപരമായി മനസ്സിലാക്കുന്നതിനേക്കാൾ അവയെ അനുസരിക്കുന്നതാണു ദൈവമുമ്പാകെ വിലയേറിയത്. പക്ഷേ നിർഭാഗ്യവശാൽ മിക്ക വിശ്വാസികളും ദൈവവചനത്തിന്റെ അറിവിനെയാണ് അതിന്റെ അനുസരണത്തേക്കാൾ വിലമതിക്കുന്നത്. വചനം നമ്മെ പാപങ്ങളിൽ നിന്നും വിടുവിക്കുകയും രോഗങ്ങൾക്കു സൌഖ്യം നൽകുകയും ചെയ്യുന്നു. "അവൻ തന്റെ ആജ്ഞ ഭൂമിയിലേക്ക് അയക്കുന്നു; അവന്റെ വചനം അതിവേഗം ഓടുന്നു" സങ്കീ 147: 15. "അവൻ തന്റെ വചനത്തെ അയച്ച് അവരെ സൌഖ്യമാക്കി" സങ്കീ 107: 20 എന്നിങ്ങനെ തിരുവചനത്തിൽ നാം കാണുന്നു. ഞാൻ നിന്റെ വചനങ്ങളെ കണ്ടെത്തി ഭക്ഷിച്ചിരിക്കുന്നു; നിന്റെ വചനങ്ങൾ എനിക്കു സന്തോഷവും എന്റെ ഹൃദയത്തിനു ആനന്ദവും ആയി (യിരെ 15:16) എന്നു പ്രവാചകനായ യിരെമ്യാവും "അവന്റെ വായിലെ വചനങ്ങളെ എന്റെ ആഹാരത്തെക്കാൾ സൂക്ഷിച്ചിരിക്കുന്നു (ഇയ്യോബ് 23: 12) എന്നു ഇയ്യോബും പറഞ്ഞിരിക്കുന്നു.

ദൈവവചനം തന്റെ കാലുകൾക്ക് ദീപവും പാതയ്ക്കു പ്രകാശവുമാകുന്നു എന്ന് സങ്കീർത്തനക്കാരൻ പ്രഘോഷിക്കുന്നു. സങ്കീ. 119 : 105. കൂരിരുൾ നിറഞ്ഞ ജീവിതയാത്രയിൽ ആപത്തുകളുടെയും അപകടങ്ങളുടെയും നടുവിലൂടെ സുരക്ഷിതനായി തന്നെ വഴി നടത്തുന്ന പ്രകാശഗോപുരമാണ് ദൈവവചനമെന്ന് നമുക്ക് അറിയുവാൻ കഴിയും. എന്നാൽ ദൈവജനത്തിൽ ബഹുഭൂരിപക്ഷത്തിനും ദൈവവചനം പ്രതിദിനം വായിക്കുവാനോ, ധ്യാനിക്കുവാനോ കഴിയുന്നില്ല. പാപത്തിന്റെ കൂരിരുൾ തിങ്ങിയ ലോക വീഥികളിലൂടെ വീഴാതെ മുമ്പോട്ടു പോകുവാൻ തന്റെ ജനത്തിന് ദൈവം നൽകിയിരിക്കുന്ന പ്രകാശ ഗോപുരമായി. ദൈവവചനത്തെ ഉപയുക്തമാക്കുവാൻ ഓരോ ദൈവ പൈതലിനും കഴിയണം. ഉപദേശത്തിനും പ്രായോഗിക ജീവിതത്തിനും അടിസ്ഥാനം ദൈവവചനമാണ്. നാം ദൈവമുമ്പാകെ കണക്ക് ബോധിപ്പിക്കേണ്ടവരാണെന്നറിഞ്ഞു ദൈവവചനത്തെ അലക്ഷ്യമാക്കരുത്. അതിനെ ജീവന്റെ അപ്പമാക്കിയാൽ നമുക്ക് പ്രതിഫലവും അനുഗ്രഹവും ലഭിക്കും.

## 01 തമിഴ്നാട്ടിൽ പെന്തെക്കോസ്ത് മുന്നേറ്റം;...

മൻ ഓവർസീയറായി. നീണ്ട 15 വർഷം ഓവർസിയറായി പ്രവർത്തിച്ച വെല്ലസ്ലി സോളമൻ സാമ്പത്തിക തട്ടിപ്പ് നടത്തി. കോടികൾ തട്ടിച്ച വെല്ലസ്ലി സോളമനെ വേൾഡ് മിഷൻ പുറത്താക്കി. ഇതിനുശേഷം കെ. സി. ജോൺ കെയർ ടേക്കർ ആയി. ശേഷം പ്രിഫറൻസ് ബാലറ്റിലൂടെ പാസ്റ്റർ ജ്ഞാനദാസ് ഓവർസിയറായി തെരഞ്ഞെടുക്കപ്പെട്ടു. ഇദ്ദേഹം ഇപ്പോൾ തുടരുകയാണ്.

തമിഴ്നാട്ടിൽ ശക്തമായ പെന്തെക്കോസ്ത് മുന്നേറ്റം നടക്കുന്നുണ്ടെങ്കിലും ചർച്ച് ഓഫ് ഗോഡിൽ സഭാവളർച്ച മന്ദഗതിയിലാണ്. തമിഴ്നാട് ചർച്ച് ഓഫ് ഗോഡിൽ 280 സഭകളും 300 ശുശ്രൂഷകരുമാണുള്ളത്. 1960-ൽ മധുരയിൽ ആരംഭിച്ച ബൈബിൾ കോളജ് 1967-ൽ കോയമ്പത്തൂരിലേക്ക് മാറ്റി. പാസ്റ്റർമാരായ ഫിലിപ്പോസ്, ആമോസ് ചാൾസ്, പ്രതാപ് സിംഗ്, കെ. സി. ജോൺ, ജ്ഞാനദാസ് എന്നിവർ എഡ്യൂക്കേഷൻ ഡയറക്ടറന്മാരായി പ്രവർത്തിച്ചു. പാസ്റ്റർ എം. ഡാനിയേൽ ഇപ്പോൾ എഡ്യൂക്കേഷൻ ഡയറക്ടറായി പ്രവർത്തിക്കുന്നു.

സ്വന്തമായി കൺവൻഷൻ സ്റ്റേഡിയമോ മറ്റ് ആതുരസ്ഥാപനങ്ങളോ ഒന്നും തന്നെയില്ല. പണത്തിന്റെ പരിമിതി മൂലം പ്രവർത്തനങ്ങൾ വിശാലമാക്കാൻ കഴിയുന്നില്ല എന്നതാണ് നേതൃത്വത്തിന്റെ ന്യായീകരണം. എന്നാൽ സാമ്പത്തിക കാര്യങ്ങളിൽ ഇപ്പോൾ സുതാര്യത നിലനിൽക്കുന്നുണ്ട്. സഭാ കണക്കുകൾ കൗൺസിലിലും പാസ്റ്റേഴ്സിന്റെ ജനറൽ ബോഡിയിലും അവതരിപ്പിച്ച് വിശ്വാസികളെ ബോധ്യപ്പെടുത്താറുണ്ടെന്ന് തമിഴ്നാട് സ്റ്റേറ്റ് കൗൺസിൽ അംഗം ബിലീവേഴ്സ് ജേണലിനോട് പറഞ്ഞു.

തമിഴ്നാട്ടിൽ ശക്തമായ പെന്തെക്കോസ്ത് മുന്നേറ്റമാണ് ഇപ്പോൾ നടക്കുന്നത്. ഇന്ത്യയിലെ ഏറ്റവും കൂടുതൽ പെന്തെക്കോസ്ത് സഭകൾ വളർച്ച പ്രാപിക്കുന്ന സ്ഥലമാണ് തമിഴ്നാട്. 2012-ലെ കണക്കനുസരിച്ച് 42000 പെന്തെക്കോസ്ത് സഭകളിലായി 70ലക്ഷത്തോളം വിശ്വാസികളാണ് തമിഴ്നാട്ടിനുള്ളത്. സംസ്ഥാനത്തെ ജനസംഖ്യയുടെ 10% ആണ് ഇത്. തമിഴ്നാട്ടിലെ പെന്തെക്കോസ്ത് സഭകളുടെ സംയുക്തവേദിയായ സിനഡ് ഓഫ് പെന്തെക്കോസ്തൽ ചർച്ചസിന്റെ ഔദ്യോഗിക കണക്കുകളിലാണ് ഈ വെളിപ്പെടുത്തൽ.

തമിഴ്നാട്ടിലെ മുഖ്യധാര ക്രിസ്തീയ സഭകളായ കത്തോലിക്ക, സി. എസ്. ഐ. സഭകളെ ബഹുദൂരം പിന്നിലാക്കി പെന്തെക്കോസ്ത് സഭകൾ വൻവളർച്ച നേടിക്കഴിഞ്ഞു. പ്രമുഖപട്ടണങ്ങളിലെല്ലാം ആയിരക്കണക്കിനെ ആളുകളുള്ള പെന്തെക്കോസ്ത് സഭകളുണ്ട്. ന്യൂജനറേഷൻ സ്വതന്ത്രസഭകൾ ആയിരക്കണക്കിനുണ്ട്. ഇവയിൽ പലതും മുകളിൽ പറഞ്ഞ കണക്കിൽ എണ്ണപ്പെട്ടിട്ടുമില്ല. മതപരിവർത്തന നിരോധനനിയമം നടപ്പിലാക്കിയ ജയലളിത ആ നിയമം മരവിപ്പിക്കേണ്ടിവന്നത് തമിഴ്നാട്ടിലെ പെന്തെക്കോസ്ത് സഭകളുടെ കൂട്ടായ പ്രക്ഷോഭം മൂലമാണ്. തമിഴ്നാട്ടിൽ ഏ. ജി. സഭകൾക്കാണ് വൻവളർച്ചയുള്ളത്. ടി.പി.എം. സഭകൾക്കും മുന്നേറ്റമുണ്ട്. തമിഴ്നാട്ടിലെ ഏറ്റവും വലിയ പെന്തെക്കോസ്ത് സഭകൾ ഏ.ജി.യുടേതാണ്. പാസ്റ്റർ ഡി. മോഹൻ, പോൾ തങ്കയ്യ എന്നിവരുടെ സഭകളാണത്. ജഹോവ സാൽവേഷൻ സഭ, അപ്പോസ്തലിക് പെന്തെക്കോസ്ത് സഭ, ഗുഡ്ന്യൂസ് മിഷൻ എന്നീ സഭകളും സജീവമായിട്ടുണ്ട്.

എന്നാൽ ഈ മുന്നേറ്റത്തിൽ കാര്യമായ പങ്കു വഹിക്കാൻ തമിഴ്നാട് ചർച്ച് ഓഫ് ഗോഡ് സഭയ്ക്ക് കഴിഞ്ഞിട്ടില്ല. അരനൂറ്റാണ്ട് പിന്നിട്ട പ്രസ്ഥാനം വളർച്ച കൈവരിക്കാതെ കിതയ്ക്കുകയാണ്.

## ഐ.പി.സി. മലബാർ മേഖല പ്രവർത്തനോദ്ഘാടനം



**കോഴിക്കോട് :** ഇൻഡ്യൻ പെന്തക്കോസ്ത് ദൈവസഭ മലബാർ മേഖല പ്രവർത്തനോദ്ഘാടനവും ശുശ്രൂഷക കുടുംബസംഗമവും 2014 മെയ് 26 ന് കണ്ണൂർ, പയ്യന്നൂർ ബസ്സ്റ്റാന്റിനു സമീപമുള്ള സൊസൈറ്റി ഹാളിൽ വെച്ച് നടന്നു. മലബാർ മേഖല വൈസ് പ്രസിഡന്റ് പാസ്റ്റർ കെ. ഐ. വർഗ്ഗീസിന്റെ അധ്യക്ഷതയിൽ കൂടിയ സമ്മേളനം ഐ.പി.സി. കേരള സ്റ്റേറ്റ് ട്രഷറർ ബ്രദർ സണ്ണി മുളമൂട്ടിൽ ഉദ്ഘാടനം ചെയ്തു. മേഖല പ്രസിഡന്റ് പാസ്റ്റർ ജോൺ ജോർജ്ജ് വിദേശത്തായിരുന്നതിനാൽ സെക്രട്ടറി പാസ്റ്റർ സാം ഡാനിയേൽ സമ്മേളനത്തിന് മുഖ്യ നേതൃത്വം നൽകി. അഡ്വൈസറി ബോർഡ് ചെയർമാൻ പാസ്റ്റർ സണ്ണി ജോർജ്ജ് ദൈവ വചന സന്ദേശം നൽകി. പബ്ലിസിറ്റി കൺവീനർ പാസ്റ്റർ സജി നെടുംകണ്ടം സമ്മേളനത്തിൽ പങ്കെടുത്തവർക്ക് സ്വാഗതം ചെയ്ത് സംസാരിച്ചു. ചാരിറ്റി ബോർഡ് ചെയർമാൻ ബ്രദർ സജി മത്തായി കാതേട്ട് വിദ്യാഭ്യാസ സഹായ വിതരണ ഉദ്ഘാടനം നിർവ്വഹിച്ചു. മേഖല ട്രഷറർ ബ്രദർ ജോർജ്ജ് തോമസ് 40 -ൽ പരം കുട്ടികൾക്കുള്ള വിദ്യാഭ്യാസ സഹായം നൽകി. പാസ്റ്റർ കെ.സി.ഉമ്മന്റെ പ്രാർത്ഥനയോടെ ആരംഭിച്ച സമ്മേളനത്തിൽ പാസ്റ്റർ അന്ത്രയോസ്, പാസ്റ്റർ ചാക്കോ ദേവസ്യ, പാസ്റ്റർ എം. എം. മാത്യു, പാസ്റ്റർ സന്തോഷ് മാത്യു, പാസ്റ്റർ എൻ. രാജൻ, പാസ്റ്റർ സുനിൽ മാത്യു, പാസ്റ്റർ ജോൺ വി. ജേക്കബ്, പാസ്റ്റർ ലാലു ചാക്കോ, പാസ്റ്റർ വി. എസ്. തോമസ്, ഇവാ: സനോജ് ജോർജ്ജ്, ബ്രദർ ജെയിംസ് വർക്കി, ബ്രദർ സുബിൻ വർഗീസ് എന്നിവർ ആശംസകൾ അറിയിച്ചു. പാസ്റ്റർ ജെസ്റ്റിൻ വിക്ടർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. പാസ്റ്റർ മോനി ചെന്നിത്തല കൃതജ്ഞത അറിയിച്ചു. കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ 4 സെന്ററുകളിൽ നിന്നുള്ള ശുശ്രൂഷകന്മാർ കുടുംബമായി ഏകദേശം 275 പേരോളം പങ്കെടുത്തു.

## പാസ്റ്റർ ജി. അലക്സ്
## ചർച്ച് ഓഫ് ഗോഡ് മിഷൻ ഡയറക്ടർ

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് കേരള സ്റ്റേറ്റ് മിഷൻ ഡയറക്ടറായി കൊല്ലം സൗത്ത് ഡിസ്ട്രിക്ട് പാസ്റ്ററും വരിഞ്ഞം സഭയുടെ ശുശ്രൂഷകനുമായ പാസ്റ്റർ ജി. അലക്സ് നിയമതിനായി. സ്റ്റേറ്റ് ഓവർസീയറുടെ അദ്ധ്യക്ഷതയിൽ കൂടിയ കൗൺസിൽ ഐക്യകണ്ഠേന പാസ്റ്റർ ജി. അലക്സിനെ മിഷൻ ഡയറക്ടറായി നിയമിച്ചു.

1979 മുതൽ ദൈവസഭയുടെ ശുശ്രൂഷകനായി ദൈവസഭയ്ക്ക് അഭിമാനകരമായ നിലയിൽ വിവിധ സ്ഥലങ്ങളിൽ 10 മിഷൻ സ്റ്റേഷനുകൾ ആരംഭിച്ചതിനും 5 സഭാഹാളുകൾ പണി കഴിപ്പിച്ചതിനും അനവധി ആത്മാക്കളെ നേടിയതിനും 3 പ്രാവശ്യം ബെസ്റ്റ് പാസ്റ്റർ അവാർഡ് നൽകി ദൈവസഭ ആദരിച്ചിട്ടുണ്ട്.

ലോക്കൽ പാസ്റ്റർ, ഡിസ്ട്രിക്ട് പാസ്റ്റർ, കൗൺസിൽ മെമ്പർ, സോണൽ ഡയറക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ചുവരുന്നു.

ഭാര്യ: മേരിക്കുട്ടി അലക്സ്, മക്കൾ: സാമുവൽ& ജസി, എസ്ര(യൂത്ത് പാസ്റ്റർ, ഐ.പി.സി. ഹെബ്രോൻ, ഡാളസ്), ജോൺ & സാറാ (ജർമ്മനി), മോസ്സസ്, എബനേസർ, പീറ്റർ

Ph: 9447026234, e-mail: pastorgalex@gmail.com

## ലഹരി വിരുദ്ധ സമ്മേളനം

**പാണ്ടനാട്:** അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണത്തോടനുബന്ധിച്ച് ലഹരി വിരുദ്ധ ജനകീയ വേദിയുടെ ആഭിമുഖ്യത്തിൽ ലഹരി വിരുദ്ധ ജനകീയ സദസ്സ് നടന്നു. പാണ്ടനാട് ഇമ്മാനുവേൽ മാർത്തോമ്മാ ഇടവക വികാരി റവ. ഫാദർ ജ്യോതിഷ് സാം ഉദ്ഘാടനം നിർവ്വഹിച്ചു. പാസ്റ്റർ ജെയ്സ് പാണ്ടനാട് മുഖ്യ പ്രഭാഷണം നടത്തി. കെ.പി.സി.സി. എക്സിക്യൂട്ടീവ് അംഗം അഡ്വ. ഡി. വിജയകുമാർ, തോമസ് ചാക്കോ, സണ്ണിപുഞ്ചമണ്ണിൽ, ജോജി പാലങ്ങാട്ടിൽ. ജെയയ്സൺ ചാക്കോ, സാംസൺ വി. ജോർജ്ജ് എന്നിവർ ആശംസകൾ അറിയിച്ചു.

## വിദ്യാഭ്യാസ സഹായ വിതരണം

**പാറശ്ശാല:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യാ പാറശ്ശാല ഡിസ്ട്രിക്ടും, പത്തനാപുരം അഗപ്പെ ഡിവൈൻ ലൗവ് ഇൻ ആക്ഷൻ മിനിസ്ട്രീസും സംയുക്തമായി ചേർന്ന് എഴുപത്തി അഞ്ച് വിദ്യാർത്ഥികൾക്ക് പഠനസഹായം വിതരണം ചെയ്തു. കള്ളിമൂട് ചർച്ച് ഓഫ് ഗോഡ് ഹാളിൽ നടന്ന സമ്മേളനത്തിൽ ഡിസ്ട്രിക്ട് പാസ്റ്റർ ടി. റെജിമോൻ അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ റെജി, സിസ്റ്റർ ഏലിയാമ്മ വർഗ്ഗീസ്, ബ്രദർ കോശി എന്നിവർ പ്രസംഗിച്ചു. നിത്യതയിൽ വിശ്രമിക്കുന്ന കർത്തൃദാസൻ പാസ്റ്റർ ഇ. എം. വർഗ്ഗീസ് ആരംഭിച്ച പ്രവർത്തനമാണ് അഗപ്പെ ഡിവൈൻ ലൗവ് ഇൻ ആക്ക്ഷൻ മിനിസ്ട്രീസ്.

## വിദ്യാഭ്യാസ സഹായ വിതരണം

**നേര്യമംഗലം:** ഐ. പി. സി. നേര്യമംഗലം സെന്ററിന്റെ നേതൃത്വത്തിൽ, ഐ. പി. സി. ഹെബ്രോൻ ഡാളസ് സഭയുടെ സഹായത്തോടെ, പാവപ്പെട്ട സ്കൂൾ കുട്ടികൾക്കുള്ള വിദ്യാഭ്യാസസഹായ വിതരണം മെയ് 31 ശനിയാഴ്ച പൈങ്ങോട്ടൂർ കമ്മ്യൂണിറ്റിഹാളിൽ വച്ച് നടന്നു. പാസ്റ്റർ ടി. എ. തമ്പി നേതൃത്വം വഹിച്ചു.

# നിത്യതയിൽ



## പി.സി. ഉമ്മൻ

**തിരുവനന്തപുരം:** ഐ.പി.സി ബഥേൽ / പി.എം. ജി. സഭാ അംഗവും, ഐ.പി.സി 1-ാംമതു ജനറൽ കൺവൻഷൻ നടന്ന റാന്നിയിൽ പങ്കെടുത്തിട്ടുള്ള ഐ.പി.സിക്കാരിൽ ജീവിച്ചിരുന്ന ഏകവ്യക്തിയുമായിരുന്ന പി.സി. ഉമ്മൻ നിത്യതയിൽ. കേരള പെന്തക്കോസ്ത് പ്രസ്ഥാനത്തിന്റെ ഒന്നാം തലമുറക്കാരനായിരുന്ന കൊച്ചൂട്ടിയുടെ വേർപാട് ഐ.പി.സി. വിശ്വാസികൾക്കും, ശുശ്രൂഷകന്മാർക്കും നികത്താനാവാത്ത നഷ്ടം തന്നെയാണ്. ഭാര്യ: ആര്യപ്പള്ളിൽ പരേതനായ പാപ്പിച്ചന്റെ മകൾ പരേതയായ തങ്കമ്മ. മക്കൾ: പരേതനായ ബാബുക്കുട്ടി-മറിയാമ്മ (തിരുവനന്തപുരം), കുഞ്ഞുമോൾ-പരേതനായ ജോയി(പുല്ലാട്), മോനിക്കുട്ടി-ജോസ് (ഡാളസ്,യു.എസ്.എ), തങ്കച്ചി-ജോയിക്കുട്ടി (കുമ്പഴ), കുഞ്ഞൂഞ്ഞമ്മ-പി.വി.ചാക്കോ (കുമ്പനാട്), റോസമ്മ-പരേതനായ സൈമൺ (ഓതറ), സാലി-ബേബിക്കുട്ടി (ന്യൂയോർക്ക്, ഐ.പി.സി ഐ.സി.എ), ജോസ്-സാലി (ദുബായ്). സംസ്കാരം ഐ.പി.സി പി.എം.ജി സഭാ സെമിത്തേരിയിൽ പാസ്റ്റർ കെ.സി.തോമസിന്റെ നേതൃത്വത്തിൽ നടന്നു.



## അന്നമ്മ

**കൊട്ടാരക്കര:** ഐ.പി.സി. ബേർശേബ സഭാംഗവും ഇഞ്ചക്കാട് കളീലുവിളവീട്ടിൽ ദാനിയേലിന്റെ ഭാര്യ അന്നമ്മ ദാനിയേൽ (73) നിത്യതയിൽ പ്രവേശിച്ചു. സംസ്കാര ശുശ്രൂഷ സഭാശുശ്രൂഷകൻ പാസ്റ്റർ തോമസ് മാത്യുവിന്റെ നേതൃത്വത്തിൽ സെന്റർ ശുശ്രൂഷകൻ പാസ്റ്റർ ദാനിയേൽ ജോർജ് നിർവ്വഹിച്ചു. മക്കൾ: ലേയാമ്മ, എലിസബത്ത്, ജോൺസൺ. മരുമക്കൾ: സ്റ്റീഫൻ, ഡാനിയേൽ, സോമിനി.



## കെ. ജി. ചാക്കോ

**ഓലകെട്ടിയമ്പലം:** കൊയ്പ്പള്ളികാരാഴ്മ കളത്തിൽ കിഴക്കേതിൽ കെ. ജി. ചാക്കോ (90) നിത്യതയിൽ സംസ്കാരം വളഞ്ഞനടയ്ക്കാവ് ഐ. പി. സി. സഭയുടെ നേതൃത്വത്തിൽ ചെന്നിത്തല എരമത്തൂർ സെമിത്തേരിയിൽ നടന്നു. ഭാര്യ കുഞ്ഞമ്മ ചാക്കോ കായംകുളം പൊൻവാണിഭം കുടുംബാംഗമാണ്. മക്കൾ: പാസ്റ്റർ എം. പി. ജോർജുകുട്ടി (ഐ. പി. സി. പുന്നവേലി സെന്റർ പാസ്റ്റർ എച്ച്. എം. ഐ. ഡയറക്ടർ), കെ. സി. ജോൺ (ഓ. എം. ഇന്ത്യ കോഡിനേറ്റർ, കോട്ടയം), കെ. സി. ജോസഫ് (ഓ. എം. ബുക്സ് ഡയറക്ടർ, സെക്കന്തരബാദ്), ഏലിയാമ്മ ജോൺസൺ, രൂത്ത് സാം, മറിയാമ്മ ചാക്കോ (യു. കെ), പരേതനായ സൂസന്നാമ്മ. മരുമക്കൾ: അന്നമ്മ ജോർജ്, ജോളി ജോൺ, ജോൺ, മിനി ജോസഫ്, പാസ്റ്റർ. ജി. ജോൺസൺ (ഐ. പി. സി. കോഴിക്കോട്), പാസ്റ്റർ ഡി. സാംകുട്ടി ( ഐ. പി. സി. തട്ടയ്ക്കാട്, കുമ്പനാട്), പരേതനായ എ. കെ.ജോർജ് അട്ടപ്പാടി (പാലക്കാട്).



## ഉലഹന്നാൻ (കുഞ്ഞേട്ടൻ)

**മാനന്തവാടി:** വയനാട്ടിലെ ആരംഭകാല കുടിയേറ്റ കർഷകരിൽ ഒരാളായിരുന്നു പനച്ചിയിൽ ഉലഹന്നാൻ (കുഞ്ഞേട്ടൻ) 84 വയസ് 2014 ജൂൺ 8ന് കർതൃസന്നിധിയിൽ ചേർക്കപ്പെട്ടു. നാമധേയ ക്രൈസ്തവസഭ വിട്ട് താനും ഭാര്യയും രണ്ടു മക്കളും പെന്തക്കോസ്തു വിശ്വാസത്തിലേക്ക് വരികയായിരുന്നു. വയനാടിന്റെ സുവിശേഷികരണത്തിന് പനച്ചിയിൽ കുടുംബം എന്നും മുൻപന്തിയിൽ ആയിരുന്നു. മക്കൾ: മാത്യൂ(കുഞ്ഞുമോൻ), അന്നമ്മ. ഭവനത്തിൽ നടന്ന ശുശ്രൂഷകളിൽ രാഷ്ട്രീയ നേതാക്കന്മാർ അനുശോചനം അറിയിച്ചു. പാസ്റ്റർ: വി.ജെ. ചാണ്ടി, പാസ്റ്റർ: സജിത്ത് ജോസഫ്, പാസ്റ്റർ: ബിജു പയ്യമ്പള്ളി, പാസ്റ്റർ: സി.വി. വിൽസൻ, പാസ്റ്റർ: റ്റി.ഒ. സാബു, പാസ്റ്റർ: കെ. ജെ. ജോബ്, ബ്രദർ ജോയി മുളയ്ക്കൽ തുടങ്ങിയവർ അനുശോചനം അറിയിച്ചു. ബിലിവേഴ്സ് ജേണലിനുവേണ്ടി മലബാർ കോഓർഡിനേറ്റർ പാസ്റ്റർ: സജി നെടുംങ്കണ്ടം അനുശോചനം അറിയിച്ചു. പാസ്റ്റർ: ഡേവിഡ് ജോൺ ശുശ്രൂഷകൾക്ക് നേതൃത്വം വഹിച്ചു.

# കൊച്ചുവർത്തമാനം





**പാസ്റ്റർ ബിജു ജോയി**
**തുവയൂർ**
**ഗൾഫ് എഡിറ്റർ**
**ബിലീവേഴ്സ് ജേണൽ**

## സ്ഥലംമാറ്റപോരാട്ടം

വാമനപുരത്തു നിന്നും സൈമൺ ഉപദേശിയുടെ സ്ഥലംമാറ്റം (പേരുകൾ സാങ്കല്പികം) അപ്രതീക്ഷിതമായിരുന്നു. വല്ലേതും ചില്ലറ കിട്ടുന്ന സഭയായതിനാൽ പിടിച്ചു നിൽക്കണമെന്നായിരുന്നു മോഹം. എന്തു ചെയ്യാം ഭയങ്കരന്മാരായി കമ്മറ്റിക്കാരുടെ (എല്ലാവരും അല്ല കോട്ടോ) കേന്ദ്രവുമായുള്ള കേന്ദ്രീകൃത ഇടപെടൽ ശക്തവും താങ്ങിനിർത്താൻ തനിക്കുള്ളവർക്ക് കരുത്തില്ലാതെ പോയതും വിനയായി. മനസ്സില്ലാ മനസ്സോടെ വാമനപുരത്തിനിന്നും പടിയിറങ്ങി പ്രതികാരദാഹിയായി മാറിയ 'ദാസൻ' തനിക്കുശേഷം അയയ്ക്കപ്പെട്ട ദാസന്റെ കഴിവുകേടുകളെക്കുറിച്ചും, പോരായ്മകളെക്കുറിച്ചും തന്നോട് അടുപ്പമുള്ള കുഞ്ഞാടുകളെ നേരിട്ടും, ഫോണിലും തെര്യപ്പെടുത്തികൊണ്ടിരുന്നു. "അവിടെ നിങ്ങൾ തുടർന്നാൽ ആത്മീയ വളർച്ചയുണ്ടാകില്ലെന്നും", തനിക്കുള്ള കഴിവുകളൊന്നും ഇല്ലാത്ത ബാബു ഉപദേശി അവിടെ പരാജയപ്പെടുമെന്നും വെളിപ്പെടുത്തികൊണ്ടിരുന്നു. അധികം അടുപ്പമില്ലാത്ത ആടുകളോട് 'സഹോദരാ ആത്മീക അനുഭവം ഇപ്പം എങ്ങനെ ഉണ്ട്? സഭയിൽ സന്തോഷമാണോ?" തുടങ്ങിയുള്ള ചോദ്യങ്ങളാൽ തനിക്ക് ആ ജനത്തേക്കുറിച്ചുള്ള ഉത്തരവാദിത്വവും കരുതലും ബോദ്ധ്യമാക്കുകയും ചെയ്യാറുണ്ടായിരുന്നു. സംഗതി വേണ്ടുംപോലെ ഫലം കണ്ടില്ലെങ്കിലും തന്റെ സഹധർമ്മിണി വഴിയെ ബന്ധമുള്ള മത്തായിച്ചനെ സ്വാധീനിപ്പാനും കർത്താവിനേക്കാളും ദീർഘനാൾ കൂട്ടായ്മ ആചരിച്ചു വന്ന ദൈവജനത്തേക്കാളും അധികമായി സൈമൺ ഉപദേശിയെ സ്നേഹിച്ചുപോയ മത്തായിച്ചനെ തന്റെ സുഹൃത്തായ ചെറിയാച്ചന്റെ സഭയിൽ എത്തിപ്പാൻ ദാസന് ഒരു വർഷത്തിനുള്ളിൽ തന്നെ സാധിച്ചു. എന്തു പറയാൻ അബ്രഹാമിന്റെ മകൻ യിസ്ഹാക്കിന് ഭാര്യയെ കണ്ടെത്താൻ അയയ്ക്കപ്പെട്ട എല്യേസർ-റിബേക്കയെ സ്വന്തമാക്കിയിരുന്നു എങ്കിൽ എത്രമോശമാകുമായിരുന്നു - ദൈവം നമ്മെ വിശ്വസ്തരെന്നു എണ്ണി ഏൽപ്പിച്ച ദൗത്യം "സഭ പരിപാലനമാണ്" - മുടിക്കലല്ല. എന്റെ കാലത്ത് എല്ലാം നന്നായിരിക്കണം എനിക്ക് ശേഷം തകർന്നുപോകട്ടെയെന്നും ചിന്തിക്കുന്നവരും പ്രവർത്തിക്കുന്നവരും ഓർക്കുക "അത് ദൈവാത്മാവ് അല്ല" നമ്മുടെ അദ്ധ്വാനത്തിന് സമ്പൂർണ്ണ പ്രതിഫലം ഈ ലോകത്തിലും നിത്യതയിലും നൽകി തരുവാൻ കഴിയുന്ന സർവ്വശക്തൻ "വിശ്വസ്തൻ" എന്നും നമ്മെ വിളിക്കട്ടെ അതാണ് ഏറ്റവും ഉത്തമം - സഭ ചെറുതായാലും വലുതായാലും ദൈവത്തിന്റേതാണ് - നമ്മുടേതല്ല - നാം അത് നശിപ്പിക്കരുത്!! മറക്കാതിരുന്നാൽ നല്ലത്. ശുഭം ഉണ്ടാകട്ടെ.



# •വൈവാഹികം•

24 വയസ്സുള്ള സിറിയൻ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി, B.Sc. നേഴ്സ്, 160 സെ. മീ., ഇരുനിറം, മുംബൈയിൽ മെഡിക്കൽ കോളജിൽ ജോലി ചെയ്യുന്നു. വിദേശത്തോ സ്വദേശത്തോ ജോലിയുള്ള അനുയോജ്യരായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.

**ഫോൺ 04735 226274, 09526557658**

സിറിയൻ പെന്തെക്കോസ്ത് യുവാവ് 27, 5'8", (M.Com, NET) ഇപ്പോൾ Ph.D ചെയ്തുകൊണ്ടിരിക്കുന്നു. വെളുത്തനിറം. കേരളത്തിലെ പ്രശസ്തമായ കോളജിൽ അസിസ്റ്റന്റ് പ്രൊഫസറായി ജോലി ചെയ്യുന്നു. ജോലിയുള്ള അനുയോജ്യരായ പെന്തെക്കോസ്ത് യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.

**ഫോൺ: 09037780944**

ചേരമർ പെന്തെക്കോസ്ത് യുവതി (പാസ്റ്ററുടെ മകൾ) 36, 5'7", BA, M.S.office, Tally, Data Entry, ഇരുനിറം. അനുയോജ്യരായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. പുനർ വിവാഹിതരെയും പരിഗണിക്കും.

**ഫോൺ: 09744740150**



## പാസ്റ്റേഴ്സ് ഫെലോഷിപ്പ്

**ചാലക്കുടി:** വിഷൻ 2000 പാസ്റ്റേഴ്സ് ഫെലോഷിപ്പ് ജൂൺ 30 ന് ചാലക്കുടി സുനിൽ മെമ്മോറിയൽ ഹാളിൽ നടന്നു. പാസ്റ്റർ ദേവസിക്കുട്ടി അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ഡോ: ജേക്കബ് മാത്യു തൊടുപുഴ ദൈവവചനം ശുശ്രൂഷിച്ചു. പാസ്റ്റർ ഡെന്നി പാനയ്ക്കൽ ( ഉത്തരേന്ത്യൻ മിഷനറി, ബീഹാർ) അനുഭവങ്ങൾ പങ്കുവെയ്ക്കുകയും പ്രസംഗിക്കുകയും ചെയ്തു. പാസ്റ്റർ എൻ. ഡി. ജോൺസൺ നേതൃത്വം നൽകി.

## ഐക്യ സമ്മേളനം

**ചങ്ങനാശ്ശേരി:** ഐക്യ പെന്തെക്കോസ്ത് ഫെലോഷിപ്പ് സമ്മേളനം ജൂലൈ 20-ാം തീയതി ഞായറാഴ്ച 3 മണിക്ക് പെരുന്തുരുത്തി ന്യൂ ഇൻഡ്യാ ചർച്ച് ഹാളിൽ നടക്കും. പാസ്റ്റർ സഖറിയയുടെ അദ്ധ്യക്ഷതയിൽ നടക്കുന്ന സമ്മേളനത്തിൽ പാസ്റ്റർ തോമസ് ഫിലിപ്പ് (പ്രസിഡന്റ്, ന്യൂ ഇൻഡ്യാ ബൈബിൾ ചർച്ച്) ദൈവവചനം ശുശ്രൂഷിക്കും. കർത്തൃദാസന്മാരായ ഇ. പി. ഡേവിഡ്, സാം ഏബ്രഹാം, പി. ജെ. ആന്റണി, കെ. പാപ്പച്ചൻ എന്നിവർ നേതൃത്വം നൽകും.

## ശുശ്രൂഷക സമ്മേളനം

**ആലപ്പുഴ :** ഐ. പി. സി. ആലപ്പുഴ വെസ്റ്റ് സെന്റർ ശുശ്രൂഷക സമ്മേളനം ജൂൺ 26 ന് 10 മുതൽ 4 വരെ ചേപ്പാട് ഐ. പി. സി. ഹാളിൽ നടന്നു. പാസ്റ്റർമാരായ ചാക്കോ ജോർജ്, വി. വൈ. തങ്കച്ചൻ, ഗോസ്ലി. സി. ഉതുപ്പ്, എൻ. സ്റ്റീഫൻ എന്നിവർ പ്രസംഗിച്ചു. പാസ്റ്റർ ജോസഫ് ജോൺ നേതൃത്വം നൽകി.

## പ്രവർത്തന ഉദ്ഘാടനവും മെറിറ്റ് അവാർഡ് വിതരണവും



പാ. മാർക്ക് എൻ. തങ്കച്ചൻ (സൂപ്രണ്ട്)



പാ. സാജൻ ഈശോ പ്ലാച്ചേരി (സെക്രട്ടറി)

**അടൂർ:** ഐ.പി.സി. സണ്ടേസ്കൂൾ അസോസിയേഷൻ അടൂർ വെസ്റ്റ് സെന്റർ പ്രവർത്തനോദ്ഘാടനവും മെറിറ്റ് അവാർഡ് ദാനവും ജൂലൈ 5ന് നെല്ലിമുകൾ താബോർ ഐ.പി.സി. ഹാളിൽ പാസ്റ്റർ ബഞ്ചമിൻ വർഗീസ് ഉദ്ഘാടനം ചെയ്തു. ബ്രദർ അനിൽ ഇലന്തൂർ പ്രസംഗിച്ചു. 2014-17 വർഷത്തെ സെന്റർ സണ്ടേസ്കൂൾ ഭാരവാഹികളായി പാസ്റ്റർ ബഞ്ചമിൻ വർഗീസ് (രക്ഷാധികാരി), പാസ്റ്റർ മാർക്ക് എൻ. തങ്കച്ചൻ (സൂപ്രണ്ട്), പാസ്റ്റർ എ.സി. ജോസ് (ഡപ്യൂട്ടി സൂപ്രണ്ട്), പാസ്റ്റർ സാജൻ ഈശോ പ്ലാച്ചേരി (സെക്രട്ടറി), ബ്രദർ ഐസക് എം.ജെ. (ജോയിന്റ് സെക്രട്ടറി), ബ്രദർ ടി.ഡി. ജെയിംസ് (ട്രഷറർ) എന്നിവർ ഉൾപ്പെടെ 15 അംഗ കമ്മറ്റിയെ തിരഞ്ഞെടുത്തു.

## ഉപവാസ പ്രാർത്ഥന

**ആലപ്പുഴ:** ഐ. പി. സി. ആലപ്പുഴ വെസ്റ്റ് സെന്റർ സോദരീ സമാജത്തിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 2ന് ആറാട്ടുവഴി പ്രെയർ സെന്റർ ഹാളിൽ ഉപവാസ പ്രാർത്ഥന നടന്നു. കർത്തൃദാസന്മാരായ ജോസ് ഏബ്രഹാം, എ. ഒ. ജെയിംസ് എന്നിവർ ദൈവവചനം ശുശ്രൂഷിച്ചു. പാസ്റ്റർ ജോസഫ് ജോൺ അദ്ധ്യക്ഷത വഹിച്ചു. സോദരീ സമാജം സെക്രട്ടറി സിസ്റ്റർ ആനി തോമസ് മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി.

## സുവിശേഷ പ്രവർത്തന ക്യാമ്പ്

ഐ. പി. സി. നേര്യാമംഗലം സെന്ററിന്റെ സുവിശേഷപ്രവർത്തന ക്യാമ്പ് മുള്ളരിങ്ങാട്ട് ജൂൺ 25, 26 തീയതികളിൽ നടന്നു. ഏകദേശം 80 ഭവനങ്ങൾ സന്ദർശിച്ചു. 7 പരസ്യയോഗങ്ങൾ നടത്തി. പാസ്റ്റർ രാജു തോമസ് ഇവിടെ ശുശ്രൂഷിക്കുന്നു.

ലേഖനം

# ആഹാബ്യ ഭൂമാഫിയകളുടെ അനധികൃത കയ്യേറ്റങ്ങൾ



ഷൈജു ഡാനിയേൽ അടൂർ
shyjudani@gmail.com

പ്രബലമായികൊണ്ടിരിക്കുന്ന ഭൂമാഫിയകളും അതിന്റെ മറവിലെ തട്ടിപ്പുകളും മുൻകാലങ്ങളിലെക്കാൾ ഏറെ കരുത്താർജ്ജിച്ചിരിക്കുകയാണ്. പാവങ്ങളെ കുടിയിറക്കിയും വാസസ്ഥലങ്ങളിൽ നിന്ന് ആട്ടിപായിച്ചും നിയമ ലംഘനം നടത്തിയും നീതിയില്ലാത്ത ഇടപാടുകളിലൂടെ ലാഭമോഹം തലയ്ക്കു പിടിച്ച മുതലാളിത്വ സ്വാധീനങ്ങൾ അന്യാധീനമായ പലതും കയ്യാളുന്നത് ഒരു നിത്യകാഴ്ചയായി മാറുന്നു. കള്ളപ്പണം കൊടുത്തും കള്ളയാധാരം ചമച്ചും കബളിപ്പിക്കലുകൾ നടത്തിയും അധികാരവർഗ്ഗത്തിന്റെ അനുമതിയോടെ അനധികൃതമായി പലതും പിടിച്ചടക്കുന്നു. അവരുടെ ആവശ്യപ്പെടലുകൾ അംഗീകരിക്കാൻ നൽകാൻ തയ്യാറല്ലാത്തവരെ പലനിലയിൽ ഭീഷണിപ്പടുത്തിയും സമ്മർദ്ദത്തിലാക്കിയും മറ്റിതര മാർഗ്ഗങ്ങളിലൂടെ ആണ് കൂടുതൽ തട്ടിപ്പുകളും നടത്തുന്നത്.

യിസ്രായേൽക്കാരൻ നാബോത്തിന് ഇസബേല്യ ഇംഗിതങ്ങൾക്കനുസരിച്ചു ഭരണം നടത്തുന്ന ആഹാബുരാജാവിന്റെ അരമനക്കരികിൽ ഒരു മുന്തിരിതോട്ടമുണ്ടായിരുന്നു. കൊട്ടാരവളപ്പിനരികിലെ ഈ അനുഗ്രഹീത മുന്തിരിത്തോട്ടം ഈ മനുജപതിയെ അസ്വസ്ഥനാക്കാൻ തുടങ്ങിയിട്ട് കാലങ്ങളേറെയായി. വിട്ടുതരണമെന്നാവശ്യപ്പെട്ടെങ്കിലും പിതാക്കന്മാരുടെ അവകാശത്തെ വിട്ടുകളയാനാവില്ലെന്നായി നാബോത്ത്. എന്നാൽ പിന്നെ പണം നൽകാമെന്നായി.... അല്ലെങ്കിൽ പകരം മറ്റൊന്ന് നൽകാം. രണ്ടായാലും പറ്റില്ലെന്നായി ഈ യിസ്രായേല്യൻ!! ഒടുവിൽ ഒന്നും ഏല്ക്കാതെ വന്നപ്പോൾ അരമനകളിൽ രൂപപെടുത്തിയ തന്ത്രങ്ങൾ ഫലം കണ്ടു. പ്രസിദ്ധപ്പെടുത്തിയ ഉപവാസത്തിൽ വച്ച് ദ്രാക്ഷവനത്തിന്റെ അവകാശിയെ കൊലപ്പെടുത്തി. മുന്തിരി തോട്ടത്തെ സംരക്ഷിച്ചു അവകാശത്തെ നടത്തിയ ആഹാബ്യ ജന്മിത്ത്വം നടത്തിയത് ഏറെ ഹീനവും പൈശാചികവും ആയിരുന്നു.

ദൈവസഭയ്ക്ക് പകരം നില്ക്കുന്ന തിരുവചന ഉപമകളിൽ ഏറെ പ്രസിദ്ധമാണ് മുന്തിരിത്തോട്ടം സഭയാം തോട്ടത്തിന്റെ പ്രഥമദിനങ്ങളിൽ തുടങ്ങി ഇന്നോളം എല്ലാ കാലഘട്ടങ്ങളിലും ദൈവസഭ പ്രലോഭനങ്ങളിലൂടെയും വെല്ലുവിളികളിലൂടെയും വിലപേശലുകളിലൂടെയും കടന്നുപോയിട്ടുണ്ട് എന്നതാണ് ചരിത്രം. പീഡനതാണ്ഡനങ്ങളിലൂടെ കടന്നു പോയ ദൈവസഭ അവിടെയെല്ലാം അതിന്റെ ഗമനവഴികളിൽ വിജയം വരിച്ചിട്ടുണ്ട്. എന്നാൽ ഫലശേഖരണം നടക്കാൻ ചുരുങ്ങിയ നാളുകൾ ബാക്കി നിൽക്കെ ഏതുവിധേനെയും ഇതിനെ ലക്ഷ്യത്തിൽ നിന്നും മറ്റൊന്നിലേക്കു പരിവർത്തനം ചെയ്യിക്കാൻ നിരന്തരം നോക്കിപാർക്കുന്ന വൻശക്തികൾ ഉണ്ടെന്നു നാമറിയാതിരിക്കരുത്. അനുഗ്രഹീതമായിരുന്ന പല സഭകളും നവനേതൃത്വത്തിന്റെ ചീരത്തോട്ടവികസന പദ്ധതിയിൽ നാമാവശേഷമാകുന്നുണ്ട്. ദൈവസഭയെ സാത്താൻ അടിയറവു വച്ചുകൊണ്ട് നടത്തുന്ന ഒരു വികസനവും ശരിയായ ലക്ഷ്യത്തിലേക്ക് നമ്മെ എത്തിക്കില്ല. കഷ്ടപ്പെട്ടും അഹോരാത്രം അത്യധ്വാനം ചെയ്തും മറ്റിതര സുവിശേഷപ്രവർത്തനങ്ങളിലൂടെയും പ്രാദേശിക സഭകളിൽ ആത്മാക്കൾ വന്നു തുടങ്ങി സഭ വളർന്നു കഴിഞ്ഞാൽ മുന്തിരിത്തോട്ടം വിലക്ക് വാങ്ങാൻ ആഹാബിന്റെ അരമനകളിൽ ആളെത്തും. ആഹാബാണ് വിലപേശുന്നതെങ്കിലും തീരുമാനങ്ങളും തന്ത്രങ്ങളും മെനയുന്നത് അന്തപുരങ്ങളിലെ ഇസബേല്യ ശക്തികൾ ആണ്. പിതാക്കന്മാരുടെ അവകാശത്തിനു വേണ്ടി പോരാടാനാണ് ഭാവമെങ്കിൽ തന്ത്രപരമായി വയലിലേക്കു കൂട്ടികൊണ്ടുപോകും. നമുക്കൊന്നിച്ചാരാധിക്കാം എന്ന് പറഞ്ഞാരംഭിക്കുകയും ഒടുവിൽ അവിടെ വച്ച് കൊല നടത്തുകയും ചെയ്യും. ദൈവസഭയോട് കൂറുള്ള നാബോത്തുമാരെ വീഴ്ത്താൻ അരമനകളിലെ അന്തപ്പുരകളിൽ പല ഉപവാസങ്ങളും പ്രസിദ്ധം ചെയ്യുന്നുണ്ട്. ആരാധനയ്ക്കും ഉപവാസത്തിനും എന്നൊക്കെ പറഞ്ഞു അരമനകളിലെ ക്ഷണം സ്വീകരിച്ചു പോയ പലരും ഇന്ന് "ജീവനുണ്ട് എന്ന് നിനക്ക് പേരുണ്ടെങ്കിലും മരിച്ചവനത്രേ" എന്ന സ്ഥിതിയിൽ എത്തപെട്ടിരിക്കുന്നു. ആരാധനയിലും ഉപവാസത്തിലും വച്ച് കല്ലെറിഞ്ഞാൽ അത് പുറംലോകത്ത് അത്ര വാർത്തയാകില്ല. അരമനക്കരികിലുള്ള പല നല്ല മുന്തിരിത്തോട്ടങ്ങളും പുരോഗമനവാദികളായ ആത്മീക പരിഷ്കർത്താക്കൾ കൈക്കലാക്കി കഴിഞ്ഞു. ഇന്നലകളിൽ ഫലം കായ്ച്ചു നിന്ന മുന്തിരിത്തോട്ടങ്ങളിൽ കാടുകയറി കിടക്കുന്ന ചീര കണ്ട ലോകക്കാർ തോട്ടകൈമാറ്റത്തിന്റെ കഥയറിയാതെ ആട്ടം കാണുന്നു.!!!

പിതാക്കന്മാർ പിന്തുടർന്നുവന്ന ഉപദേശ സത്യങ്ങളെയും വിശുദ്ധിയുടെ പ്രമാണങ്ങളെയും മറികടക്കാൻ പാടില്ലാതെ ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ നിർവ്വചിക്കപ്പെട്ടിരുന്ന അതിരുകളെയും ലംഘിച്ചു കൊണ്ട് നടത്തപ്പെടുന്ന പിടിച്ചടക്കൽ നടപടി അപഹാസ്യമാണ്. ദൈവസഭകളെ പിടിമുറുക്കുന്ന ധനാധിപത്യം ഏറെ ഗൗരവത്തോടെ കാണേണ്ടതുണ്ട്. കീഴ്തലങ്ങളിലെ ദൈവദാസന്മാർ കഷ്ടപ്പെട്ടു ആത്മാക്കളെ നേടി വളർത്തിയെടുക്കുന്ന പ്രാദേശിക സഭകൾക്ക് വിലപേശിയും നടക്കുന്നില്ലെന്ന് വന്നാൽ വാണരുളുന്ന മേലാളവർഗ്ഗത്തിന്റെ കുഴലൂത്തുകാർ സാധാരണക്കാരെ പീഡിപ്പിച്ചും പേടിപ്പിച്ചും ഏതു വിധേനേയും കൈക്കലാക്കുകയും അവരുടെ ഇഷ്ടക്കാരെ അവിടെ വാഴിക്കുകയും ചെയ്യും. എന്നാൽ ചില ഇടങ്ങളിൽ അരമനകളിൽ നിന്നും വച്ചുനീട്ടുന്ന പണക്കിഴി കണ്ടാലുടൻ മുന്തിരിത്തോട്ടം വില്ക്കാൻ തയ്യാറായി നില്ക്കുന്നവരും ഉണ്ട് എന്നത് ഒരപ്രിയ സത്യം!! വിവിധതരം നൂതന ശുശ്രൂഷകളിലൂടെ, വചന വിരുദ്ധ പ്രചരണങ്ങളിലൂടെ ദുരുപദേശ പ്രഖ്യാപനങ്ങളിലൂടെ ഒക്കെ സാത്താന്യസംവിധാനങ്ങൾ ദൈവസഭയെ കച്ചവട ചരക്കാക്കുകയാണ്. വികസനം വികസനം എന്നുറക്കെ പ്രഘോഷിച്ചു കൊണ്ട് മുന്തിരിത്തോട്ടത്തെ മുടിച്ചുകളയാനുള്ള അരമനകളിലെ ജന്മിസംഘങ്ങൾ യഥാർത്ഥത്തിൽ ദൈവനിർമ്മാണത്തെ അഴിച്ചുകളഞ്ഞ് ഒരു വൻ വിപത്തിലേക്ക് ആത്മീക സമൂഹത്തെ നടത്തുകയാണ്. ഇരു കള്ളന്മാരുടെ നടുവിൽ ഉയർത്തപ്പെട്ട ക്രൂശിൽ സ്വന്ത തോളിൽ തലചായ്ച്ചു പ്രാണനെ വെടിയുമ്പോൾ അവിടുത്തെ ആ പാവന രക്തത്തിന്റെ അവസാന തുള്ളിയും തന്നു നമ്മെ (സഭയെ) വിലയ്ക്ക് വാങ്ങിയിരിക്കെ വീണ്ടും നമുക്ക് വിലപറഞ്ഞു ദൈവസഭക്കുള്ളിൽ ചീരകൃഷി ഇറക്കി വിപണനസാധ്യത ലക്ഷ്യം കാണുന്ന ആഹാബ്യ ഭൂമാഫിയകളും അതിന്റെ പിന്നിലെ ഇസബേലിന്റെ തന്ത്രങ്ങളും കനത്ത തകർച്ചയിലേക്ക് നമ്മെ നയിക്കുകയാണ്. ഭക്തജനപാലനമാണ് ലക്ഷ്യമെന്നു വാതോരാതെ പറയുമ്പോഴും അരമനകളിലെ ഭരണവർഗ്ഗത്തിന്റെ നിഗൂഢ താല്പര്യങ്ങൾ പലപ്പോഴും ചീരവ്യാപാരത്തിന്റെ ലാഭകണക്കുകളിൽ കുടുങ്ങുന്നു എന്നതാണ് വാസ്തവം.!! ഇതിനിടയിലും നമുക്ക് പ്രാർത്ഥിക്കാം "നിന്റെ കുറുപ്രാവിനെ ദുഷ്ടമൃഗത്തിനു ഏല്പിക്കരുതേ".

ലേഖനം

# വിശ്വാസത്തിന്റെ ശോധന

## പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ



റൂബി റോഷൻ

ദൈവത്തിന്റെ വചനം നാം ആദിയോടന്തം പരിശോധിച്ചാൽ പരീക്ഷ സഹിച്ച അനേക ദൈവഭക്തന്മാരെ നമുക്ക് കാണുവാൻ സാധിക്കും. യാക്കോബ് 1:12ൽ ഇപ്രകാരം പറയുന്നു; പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ. അവൻ കൊള്ളാകുന്നവനായി തെളിഞ്ഞ ശേഷം കർത്താവ് തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദത്തം ചെയ്ത ജീവകിരീടം പ്രാപിക്കും. ജീവിതത്തിൽ ഒന്നിനു പുറകെ ഒന്നായി പരീക്ഷകൾ വരുമ്പോൾ നാം തളർന്നു പോകാതെ അതിൽ ജയം ഏറ്റെടുത്ത് ദൈവത്തോട് അടുക്കയത്രേ വേണ്ടത്. ദൈവം ആരേയും ദോഷങ്ങളാൽ പരീക്ഷിക്കുന്നവനല്ല.

കഷ്ടതയുടെയും പ്രയാസത്തിന്റേയും തിരകൾ ജീവിത നൗകയിൽ ആഞ്ഞടിക്കുമ്പോൾ പിടിച്ചു നിൽക്കുവാൻ പ്രയാസമാണ്. മനസ്സിന്റെ ധൈര്യം കൈവിടാതെ വചനത്തിൽ ആശ്രയിച്ച് നാം ഉറച്ചു നിൽക്കണം ഒരു പ്രതിഫലം ഉണ്ട് നിശ്ചയം. പരീക്ഷയിൽ വിജയം കൈവരിച്ച അനേക ദൈവദാസന്മാരെ ബൈബിളിൽ നമുക്കു കാണുവാൻ സാധിക്കും. അബ്രഹാമിനു നേരിട്ട വിശ്വാസത്തിന്റെ ശോധനയിൽ ദൈവത്തെ പൂർണ്ണമായി അനുസരിച്ച് അതിൽ വിജയം കണ്ടെത്തി.

1 പ്രത്രോസ് 4: 12ൽ ഇപ്രകാരം പറയുന്നു " പ്രിയമുള്ളവരേ, നിങ്ങൾക്കു പരീക്ഷയ്ക്കായി സംഭവിച്ചിരിക്കുന്ന അഗ്നിശോധനയിങ്കൽ ഒരു അപൂർവ്വകാര്യം നിങ്ങൾക്കു വന്നുകൂടി എന്നു വച്ച് അതിശയിച്ച് പോകരുത്" ഇയ്യോബിനെ നോക്കിയാൽ തനിക്കുണ്ടായിരുന്നതെല്ലാം നഷ്ടമായി എന്നിട്ടു പിറുപിറുക്കാതെ, ദൈവത്തെ തള്ളിപറയാതെ ദൈവസന്നിധിയിൽ ഉറച്ചു നിന്നു. ആരോഗ്യവും സമ്പത്തും മക്കളും എല്ലാം നഷ്ടമാകുന്ന അവസ്ഥയെ ഒന്നു ചിന്തിച്ചു നോക്കു. ആ സമയത്തും ദൈവസന്നിധിയിൽ പിടിച്ചു നിൽക്കണമെങ്കിൽ പരിശുദ്ധാത്മാവിന്റെ ശക്തി കൂടിയേ തീരൂ.

യോസഫിനു ജീവിതത്തിൽ നേരിട്ട പരീക്ഷണങ്ങൾ അനവധിയാണ്. ദർശനം പ്രാപിച്ച യോസഫിന് അത് പ്രാബല്യത്തിൽ വരുവാൻ കാലങ്ങൾ കാത്തിരിക്കേണ്ടി വന്നു. പൊട്ടക്കിണറിന്റെ അനുഭവത്തിലും പോത്തീഫറിന്റെ വീട്ടിൽ നിന്ദിതനായപ്പോഴും നിരാശപ്പെടാതെ ആ പ്രതിസന്ധിയെ തരണം ചെയ്യാൻ ഉള്ള കൃപ ദൈവം തനിക്കു കൊടുത്തു. ജീവിതത്തിൽ വന്ന പരീക്ഷകൾ യോസഫിനു ഒരു അനുഗ്രഹമായിതീർന്നു. മിസ്രയീം ദേശത്തിലൊക്കെയും ഫറവോൻ തന്നെ മേലധികാരി ആക്കിത്തീർത്തു. ദേശത്തു ക്ഷാമം അതികഠിനമായപ്പോൾ തന്നെ തള്ളി കളഞ്ഞ സഹോദരന്മാർക്കും യോസഫ് ഒരു ആശ്വാസമായി ഭവിച്ചു.

എരിയുന്ന തീച്ചൂള എതിരായി എരിഞ്ഞാലും ദാനിയേലിനെപ്പോൽ സിംഹക്കുഴിയിൽ വീഴ്ത്തപ്പെട്ടാലും വിഷമിക്കേണ്ട. പരീക്ഷ തരുന്ന ദൈവം അതിനോടുകൂടി പോക്കു വഴിയും ഉണ്ടാക്കിതരും. ദാനിയേലിനെ സിംഹക്കുഴിയിൽ ഇട്ടപ്പോൾ സിംഹത്തിന്റെ വായ് ദൈവം അടച്ചു. ശദ്രക്ക്, മേശക്ക്, അബേദ്നെഗോ എന്നി മൂന്നു പുരുഷന്മാരെ തീച്ചുളയിൽ ഇട്ടപ്പോഴും നാലാമനായി ദൈവം ഇറങ്ങി വന്ന് തീയുടെ മണം പോലും ഏശാതെ അവരെ വിടുവിച്ചു.

യേശുവിന്റെ കഷ്ടതയിലും രാജ്യത്തിലും സഹിഷ്ണതയിലും കൂട്ടാളിയുമായ യോഹന്നാൻ ദൈവവചനവും യേശുവിന്റെ സാക്ഷ്യവും നിമിത്തം പത്മോസ് എന്ന ദ്വീപിൽ നാടുകടത്തപ്പെട്ടപ്പോൾ കർത്തൃദിവസത്തിൽ യോഹന്നാൻ ആത്മവിവശനായി ആ ഒറ്റപ്പെട്ട അവസ്ഥയിൽ ദൈവം തന്റെ ദാസനായി യോഹന്നാനു കൊടുത്ത ദർശനമാണ് ദൈവമക്കളുടെ പ്രത്യാശയുടെ നങ്കൂരമായ വെളിപ്പാടു പുസ്തകം.

പ്രിയ ദൈവമക്കളെ, നിങ്ങൾ ഒറ്റപ്പെട്ട അവസ്ഥയിലാണോ, ഏതെങ്കിലും കാരണത്താൽ വേദന അനുഭവിക്കുന്നവരാണോ, നിരാശപ്പെടേണ്ട ആശ്വസിപ്പിക്കുന്ന ദൈവം പത്മോസ് ദ്വീപിൽ ഇറങ്ങി വന്നതുപോലെ പ്രയാസത്തിന്റെ മദ്ധ്യത്തിൽ ഇറങ്ങി വരും. മനോവിഷമം ആരും കാണുന്നില്ലായിരിക്കാം മറ്റുള്ളവർ നമ്മെ ഗൗനിക്കുന്നില്ലായിരിക്കാം. സാരമില്ല. ദൈവസന്നിധിയിൽ നമ്മുടെ സങ്കടം പകരാം. അനേക കൃപാവരങ്ങളാൽ ദൈവം നമ്മെ നിറക്കും. അതേ പിറുപിറുക്കാതെ പരീക്ഷ സഹിച്ചാൽ ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് വാഗ്ദത്തം ചെയ്ത ജീവകിരീടം പ്രാപിക്കും.

### അറിയിപ്പ്

അച്ചടി ചിലവുകൾ വളരെ വർദ്ധിച്ചിരിക്കുന്നതിനാൽ നഷ്ടം സഹിച്ചാണ് ഓരോ ലക്കവും വായനക്കാരുടെ മുമ്പിൽ എത്തിക്കുന്നത്. വരിസംഖ്യ ലഭിക്കാതെ മുന്നോട്ടു കൊണ്ടുപോകുവാൻ കഴിയാത്ത സാഹചര്യം ആണ് ഇന്ന് ബിലീവേഴ്സ് ജേണൽ അഭിമുഖീകരിക്കുന്നത്. അതിനാൽ വരിസംഖ്യ അടയ്ക്കാത്ത വായനക്കാർക്ക് തുടർന്ന് പത്രം അയയ്ക്കുവാൻ കഴിയുകയില്ല എന്ന് ഖേദപൂർവ്വം അറിയിക്കുന്നു. ഇത് ഒരു ആത്മീക ശുശ്രൂഷയായി കരുതി ഈ പ്രവർത്തനത്തിൽ സഹായിക്കുവാൻ ബഹുമാന്യ വായനക്കാരോട് അഭ്യാർത്ഥിക്കുന്നു. വാർഷിക വരിസംഖ്യ 150 രൂപ അയച്ചു തന്ന് ഈ ശുശ്രൂഷയിൽ സഹകരിക്കുക. ബിലീവേഴ്സ് ജേണൽ, പി. ഒ. ബോക്സ് 31, മഞ്ഞാടി പി. ഒ., തിരുവല്ല - 689 105

പത്രാധിപർ

കാലികം

# ദേഹസൗഖ്യം പ്രസംഗിക്കുന്നവർ മനഃപ്പൂർവ്വം മറക്കുന്ന ദേശം



സജി നെടുങ്കണ്ടം

തെറ്റായ പണസമ്പാദനത്തിന് ഉത്തമമാർഗ്ഗം മായം ചേർത്ത ചരക്ക് മാർക്കറ്റിൽ വിറ്റഴിക്കുക എന്നതാണ്. മനസാക്ഷി മരവിച്ചവർക്കു മാത്രമേ ഈ പണിപറ്റു എന്നതാണ് മനസിലാക്കുന്നത്. പണ്ടൊരു വേദ അദ്ധ്യാപകൻ മനസാക്ഷി മരവിക്കുന്നതിനെക്കുറിച്ച് ഉദാഹരണം പറഞ്ഞത് ഓർക്കുന്നു. മനസാക്ഷി എന്നത് കൂർത്ത നാല് കോണുള്ള ഒരു തടികഷണമാണെന്നും, അത് ചക്രംപോലെ ഹൃദയത്തിൽ കറങ്ങുന്നതുമാണ്. നാം ഒരു പാപം ചെയ്യുമ്പോൾ ആ തടിക്ക്ഷണം ഒരു തവണകറങ്ങും. ആ കറക്കത്തിൽ അതിന്റെ കോണുകൾ ഓരോന്നും കുറേശ്ശെ തേഞ്ഞു കൊണ്ടിരിക്കും. ചുരുക്കിപ്പറഞ്ഞാൽ എപ്പോഴും പാപം ചെയ്യുന്ന ഒരാളുടെ ഉള്ളിൽ ചതുരകട്ട ഏതാണ്ട് സി. ഡി പോലെ ആകുമത്രേ. അങ്ങനെ ആയാൽ പിന്നീട് എത്രപാപം ചെയ്താലും ആ വ്യക്തിക്ക് മനസ്സാക്ഷിക്കുത്ത് തോന്നില്ലാ എന്നു സാരം. ഉദാഹരണം എന്തായാലും സി.ഡി. യും കറക്കി നടക്കുന്നവരുടെ എണ്ണം കേരളത്തിൽ കൂടുതലാണ് എന്നതാണ് വാസ്തവം. മായം ചേർക്കുന്നതിൽ മലയാളികൾ മുന്നിലാണ്. പഞ്ചസാര അരിച്ചാൽ അതിൽ' റവ' ചേർത്തിരിക്കുന്നത് കാണാം. പാസ്റ്റർ മൂത്തു വരുന്ന റവയെക്കുറിച്ചല്ല ഇവിടെ ഉദ്ദേശിച്ചത്. വെളിച്ചെണ്ണ വാങ്ങിയാൽ അതിൽ മെഴുക് ഉരുക്കി ചേർത്തിരിക്കുന്നതു കാണാം. ഉപ്പുപൊടി വാങ്ങി രണ്ട് സ്പൂൺ കുപ്പിഗ്ലാസിൽ ലയിപ്പിച്ചാൽ അലിയാതെ കിടക്കുന്ന കുപ്പിച്ചില്ലിന്റെ പൊടി നമുക്ക് കാണാം. വിലകുറഞ്ഞ വെള്ള അരി ചുവന്ന പൊടിചേർത്ത് കുത്തരിയാക്കി മാർക്കറ്റിൽ വിൽക്കുന്നു. മുളക് പൊടിയിൽ ചുടുകട്ടപൊടിച്ച് ചേർക്കുന്നതായി പറയുന്നു. ചുരുക്കത്തിൽ നിത്യോപയോഗ സാധനങ്ങളിൽ മലയാളി മായം കലർത്തുന്നു; മാർക്കറ്റിൽപ്പോയി മലയാളി തന്നെ വാങ്ങുന്നു. ലാഭം നേടാൻ മായം ചേർത്ത് ഒറിജിനൽ ലേബലിൽ വിൽപ്പന ചരക്കാക്കി മാർക്കറ്റിൽ എത്തിച്ച് മനുഷ്യരെ തീറ്റിക്കുന്ന ഉപഭോഗസംസ്കാരം നമ്മുടെ പട്ടണങ്ങളെ കീഴ്പ്പെടുത്തിയിരിക്കുകയാണ്.

ഓരോദിവസവും ഭൂമിയിൽ പുലരാൻ കോടികൾ ഉണ്ടായാലും കഴിയുകയില്ല എന്ന സ്ഥിതി മറ്റുള്ളവരെ ചൂഷണം ചെയ്യുന്നതിലേയ്ക്ക് സമൂഹം തരം താണിരിക്കുന്നു. അന്യന്റെ മുതൽ അപഹരിക്കുന്നതിൽ ഒരു മനസാക്ഷിക്കുത്തും ഇല്ലാത്ത അധാർമ്മിക പ്രവണത ആധുനികലോകത്തിന്റെ സമ്പത്താണ്. ആത്മീയ ലോകത്തെ നാം വീക്ഷിച്ചാൽ പ്രത്യേകിച്ച് പെന്തക്കോസ്തു സമൂഹത്തിലും മാർക്കറ്റിംഗ് സംസ്കാരം കൂണുപോലെ മുളച്ചിരിക്കുന്നു. പവിത്രമായ ആത്മീയ ജീവിതത്തെ ദുർലാഭമോഹികൾ ആത്മീയ വാണിജ്യവത്കരണമാക്കി മാറ്റി. മായം ചേർത്ത വസ്തുവിൽപ്പനചരക്കാക്കി കോടികൾ സമ്പാദിക്കുന്നതുപോലെ അന്ത്യകാലത്ത് ചില ഉപദേഷ്ടാക്കന്മാരിൽ സാത്താൻ കടന്ന് ദൈവത്തെയും ദൈവജനത്തെയും വിറ്റ് കാശ് ഉണ്ടാക്കുന്നു. ഈ മാർക്കറ്റിംഗ് തന്ത്രം സാത്താന്റെ സംഭാവനയാണ് എന്ന് എത്രപേർ തിരിച്ചറിഞ്ഞിട്ടുണ്ട്. ആത്മീയ ശുശ്രൂഷകളിലെല്ലാം മായം കലർത്തി ജനത്തിന്റെ കണ്ണിൽ പൊടിയിട്ട് അവരുടെ പോക്കറ്റിൽ നിന്നുള്ളത് പുറത്തെടുത്ത് പുറം തട്ടി മറയുന്ന സംഭവം നിത്യകാഴ്ചയാണ്. അന്ത്യകാലത്തിന്റെ ലക്ഷണമാണ് ഇതെല്ലാം എന്നു പറഞ്ഞ് അധികാരത്തിൽ തുടരുന്ന നേതൃത്വം അലംഭാവം കാണിച്ചാൽ ദുഷ്ടന്മാർ ദൈവസഭയെ ചവിട്ടിമെതിച്ച് താറുമാറാക്കും. തട്ടിപ്പുകാരും ദുരുപദേശക്കാരും ദൈവജനത്തെ തെറ്റിക്കാൻ തെറ്റായ സന്ദേശം വാരിവിതറുമ്പോൾ തന്നെ വേർപ്പെട്ട സഭകളുടെ നേതൃത്വം രംഗത്ത് വരണം. ആ പ്രസ്താവനയെ വചനപ്രകാരം അക്കമിട്ട് തിരുത്തുകയും നേതൃത്വത്തിന്റെ നിലപാട് സാധാരണ വിശ്വാസികളിൽ വേഗത്തിൽ എത്തിക്കുകയും വേണം. ദുരുപദേശക്കാരും വ്യാജത്മാക്കളും കേരളക്കരയാകെ ചുറ്റിനടന്ന് ദൈവസഭകളെ തെറ്റിക്കുന്നത് ഒരു സ്ഥിരം രീതിയായി മാറിയിരിക്കുന്നു. സുവിശേഷകന്റെ വേഷത്തിൽ കോടികൾ തട്ടാൻ കൾട്ടുകൾ പ്രസംഗിക്കുന്ന ദുഷ്ടന്മാരെ ദൈവജനം തിരിച്ചറിയണം. കേരളക്കരയിൽ പരക്കെപടരുന്ന ഈ ദുർവ്യാധി നാം തിരിച്ചറിയുക തുരത്തി ഓടിക്കുക.

യേശുവും തന്റെ ശ്ലീഹന്മാരും രോഗികളെ സൗഖ്യമാക്കിട്ടുണ്ട്. അത്ഭുതങ്ങളും അടയാളങ്ങളും ചെയ്തിട്ടുണ്ട്. എന്നാൽ യേശു മനുഷ്യനായി ലോകത്തിൽ വന്നതിന്റെ ഉദ്ദേശം അത്ഭുതം കാണിക്കാനും രോഗികളെ സൗഖ്യമാക്കാനും മാത്രമായിരുന്നില്ല. ഒന്നാം ആദാം പാപം ചെയ്തു തുടർന്നു ജനിച്ചവർ ജന്മകർമ്മ പാപത്തിനധീനരായി. എന്നാൽ ഒടുക്കത്തെ ആദാമായ ക്രിസ്തുവിന്റെ മരണത്താൽ നഷ്ടമായ രക്ഷയെ മടക്കി തന്നു. 'ദൈവരാജ്യം' അതായിരുന്നു യേശുവിന്റെ പ്രഭാഷണത്തിലെ മുഖ്യസന്ദേശം. മരണം കൊണ്ട് സകലവും അവസാനിക്കും എന്ന കാഴ്ചപ്പാടുള്ളവർക്ക് ഇവിടെ എല്ലാ ജഡികസുഖങ്ങളും അനുഭവിച്ച് തൃപ്തി അടയണം. കാരണം മരണം കൊണ്ട് എല്ലാം തീരും; ആകയാൽ ലോകസുഖം ആവോളം അനുഭവിക്കാം. ഇവിടെ ദൈവരാജ്യത്തെക്കുറിച്ചുള്ള സുവിശേഷം പ്രസംഗിക്കാതെയും പഠിപ്പിക്കാതെയും സകലർക്കും രോഗശാന്തി വാങ്ങിക്കൊടുക്കുന്നവർ അവർക്ക് പാപം ചെയ്യാനുള്ള ആയുർ ആരോഗ്യമാണ് രോഗശാന്തിയിലൂടെ നേടികൊടുക്കുന്നത്. അപ്പോസ്തലിക ഉപദേശത്തിൽ രോഗശാന്തിയുണ്ട്. എന്നാൽ അപ്പോസ്തലന്മാരുടെ പ്രസംഗവിഷയം രോഗശാന്തി ആയിരുന്നില്ല. അവർ ദൈവരാജ്യത്തെ കുറിച്ച് പ്രസംഗിക്കുവാൻ തെരുവിൽ ഓടിനടന്നു. അത്യന്തിക ലക്ഷ്യം നിത്യതയാണ്. എന്നാൽ നിത്യരാജാവിനെ കണ്ടുമുട്ടുവാൻ ദൈവം അനുവദിക്കുന്ന ചില അനുഭവങ്ങളാണ് രോഗശാന്തിയും വിവിധ അത്ഭുതങ്ങളും. ദേഹരക്ഷയ്ക്കുവേണ്ടി കൊട്ടൻ ചുക്കാതി വിൽക്കുന്ന രീതിയിൽ സുവിശേഷത്തിൽ മായം കലർത്തുന്ന ഈ ചതിയന്മാരെ ജനം തിരിച്ചറിയണം. മാർക്കറ്റിംഗാണ് ഈ കൂട്ടരുടെ ലക്ഷ്യം പട്ടണം തോറും കൂറ്റൻ ഫ്ളക്സ് ബോർഡുകൾ സ്ഥാപിച്ച് സൂപ്പർസ്റ്റാറു പോലെ വെളുക്കെ ചിരിക്കുന്ന ഈ പട്ടണ സൗഖ്യക്കാരെ ദൈവസഭ തിരിച്ചറിയുക, പടിക്ക് പുറത്ത് നിർത്തുക, ഇവരുടെ നോട്ടീസ് പോലും ദൈവസഭയ്ക്കുള്ളിൽ വായിക്കരുത്.

ലേഖനം

# ഒരുങ്ങുക; ഒരുക്കുക!!!



ടോമി ഫിലിപ്പ്
tommyphilip@hotmail.com

ക്രിസ്തു നാഥൻ അന്ത്യകാലഘട്ടത്തിന്റെ സൂചികയായി നോഹയുടെ സമയങ്ങളെ പഠനവിധേയമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടല്ലോ. നോഹ ദൈവ കല്പന അനുസരിക്കുവാൻ തെല്ലും അമാന്തിക്കാതെ വരുവാൻ പോകുന്ന ന്യായവിധിയെ കുറിച്ചുള്ള വചനഘോഷണവും പെട്ടകനിർമ്മാണവും തുല്യ പ്രാധാന്യത്തോടെ നിർവ്വഹിച്ചു എന്ന് മനസ്സിലാക്കാം. സഭയുടെ ഇന്നിന്റെ ആവശ്യവും ഉത്തരവാദിത്തവും, ഉണർവോടെ നിന്നു കൊണ്ട് ദൈവജനത്തിന്റെ ഒരുക്കം പൂർത്തീകരിക്കുകയും, സുവിശേഷത്തിലൂടെ ആത്മാക്കളെ ദൈവ സഭയിലേക്ക് കൊണ്ട് വരികയും ചെയ്യുക എന്നതാണ്. നോഹയുടെ പെട്ടകനിർമ്മാണം തന്റെ കുടുംബത്തിന്റെയും, തന്റെ പ്രസംഗത്തിലൂടെ രക്ഷ പ്രാപിക്കാനായി ഉത്സാഹിക്കുന്നവർക്കും വേണ്ടി ആയിരുന്നു. പെന്തെക്കോസ്തു ദൈവസഭകളുടെ ഭരണവും ദൈവസഭകളുടെ കൺവൻഷനുകളും ദൈവവചന വെളിച്ചത്തിൽ പുനഃചിന്തനം നടത്തുന്നത് കാലഘട്ടത്തിന്റെ ആവശ്യം ആയി എന്നത് പൊതുവിൽ ദൈവജനവും ദൈവവും ആഗ്രഹിക്കുന്നു. ക്രിസ്തു കേന്ദ്രീകൃതമായി ക്രിസ്തു ദർശനത്തോടെയും ആ മാതൃകയോടെയും ജീവിതം നയിക്കുവാൻ കഴിയുന്നതാണ് ക്രിസ്ത്യാനിത്വത്തിന്റെ ആകെ ലക്ഷ്യവും നിയോഗവും. ഈ ഉദ്യമത്തിൽ സഭ നേതൃത്വം, ക്രിസ്തു നമുക്ക് നല്കിയ മാനദണ്ഡം മൂല്യം ഒക്കെ തള്ളികളഞ്ഞു എന്ന് ഇന്നുള്ള സാഹചര്യങ്ങൾ നമ്മെ ദുഖത്തോടെ ചിന്തിപ്പിക്കുന്നു. പൊതു തിരഞ്ഞെടുപ്പിൽ കാണാത്ത രാഷ്ട്രീയ തന്ത്രങ്ങൾ സഭയുടെ നേതൃത്വത്തിൽ എത്തുവാൻ വേണ്ടി ഉപയോഗിക്കുന്നില്ലേ?? നിയമനങ്ങളുടെയും തിരഞ്ഞെടുപ്പിന്റെയും മാനദണ്ഡം പണവും കായികബലവും ആയി മാറിയില്ലേ? നിയന്ത്രിക്കുവാൻ നിയോഗം ലഭിച്ച നേതൃത്വം തെറ്റിയാൽ പിന്നെ മറ്റുള്ള ഭാഗങ്ങൾ നമുക്ക് ചിന്തിക്കുവാൻ പോലും കഴിയില്ല ! ദൈവിക അഭിഷേകവും ആത്മാക്കളുടെ രക്ഷയും വാർഷീക കാര്യപരിപാടികളിലും, പദ്ധതികളിലും വളരെ ചെറിയ ഒരു സ്ഥാനമാണുള്ളത് എന്ന് നാം സംശയിച്ചു പോവുകയാണ്. സഭയുടെ ആസ്ഥാനം മെച്ചപ്പെടുത്തുന്നതിനു വസ്തു സമാഹരണം, കെട്ടിടനിർമ്മാണം ഇവയൊക്കെയായി പ്രധാന വെല്ലുവിളി എന്ന് സംശയിക്കണം. ഇങ്ങനെയുള്ള കെട്ടിട പദ്ധതികളിൽ എല്ലാ സഭകളും മത്സര ബുദ്ധിയോടെ പ്രവർത്തിക്കുന്നുണ്ട് എന്നുള്ളത് ഈ കാലഘട്ടത്തിൽ പൊതുവിൽ ഒരു വിചിന്തനത്തിന്റെ ആവശ്യം വർധിപ്പിക്കുന്നില്ലേ? ദൈവ സഭകളുടെ കൺവൻഷൻ പഠന വിഷയം ആക്കിയാൽ നാം ധാരാളം പണം ചിലവഴിച്ചു നടത്തുന്ന ഈ പരിപാടികളിൽ നമ്മുടെ സ്ഥാപനങ്ങളുടെ മഹത്വം വെളിപ്പെടുന്നത് മാത്രമാണോ ലക്ഷ്യം എന്ന് സംശയം തോന്നി പോകും. സ്ഥാപനവത്കരണം ആണോ നമ്മുടെ ലക്ഷ്യവും നിയോഗവും എന്ന് തോന്നി പോകുന്നില്ലെ? ആത്മാക്കളുടെ വീണ്ടും ജനനം, പുതുക്കം പ്രാപിക്കൽ ഒക്കെ നടക്കുന്നുണ്ടോ എന്ന് വളരെ ദുഖത്തോടെ ചിന്തിക്കുകയും ആത്മ പരിശോധന നടത്തുകയും ചെയ്യേണ്ടതല്ലെ? നമ്മെ വിശ്വാസത്തിന്റെ അടിസ്ഥാനങ്ങൾ നല്കി നടത്തിയ പൂർവ്വ പിതാക്കന്മാർ വസ്തു സമ്പാദനം നടത്തി അവയെ താലോലിച്ചു നടന്നിരുന്നു എങ്കിൽ നമ്മുടെ ഇന്നിന്റെ വിശ്വാസത്തിനു അടിത്തറ ഉണ്ടാകുമായിരുന്നോ എന്ന് നാം സ്വയം ചോദിക്കണം. അവർ തങ്ങൾക്കായി ഒരുക്കപ്പെടുവാൻ പോകുന്ന രാജ്യത്തെ കുറിച്ച് ബോധവാന്മാരും ആ ലക്ഷ്യത്തിനു വേണ്ടി ജീവിതം നയിച്ചവരും ആയിരുന്നു. ഇന്ന് സ്ഥിതി വിപരീത ദിശയിലേക്കോ പോകുന്നത്. സ്വന്തം സാമ്രാജ്യങ്ങൾ കെട്ടി പൊക്കുമ്പോൾ സ്വർഗീയ ദർശനങ്ങൾ ആ ഉദ്യമങ്ങൾക്ക് പിൻബലം ആകാറുണ്ട്? സ്ഥാപനങ്ങളുടെ വളർച്ചയും വലിപ്പവും വർധിക്കുന്നത് അവയുടെ നേതൃസ്ഥാനങ്ങളിലേക്ക് എത്തുവാൻ ആഗ്രഹം കൊണ്ടുള്ള മത്സരം വർധിക്കുന്നതിനു കാരണങ്ങളിൽ ഒന്ന് എന്ന് ന്യായമായി സംശയം ഉണ്ടായാൽ തെറ്റുണ്ടോ. വാതിൽക്കൽ നിന്ന് മുട്ടുന്ന ക്രിസ്തുവിനെ നമ്മുടെ സഭയുടെ ഉന്നതലത്തിൽ ഒന്ന് വരുവാൻ അനുവദിക്കാം. നാം മാനസാന്തരത്തോടെ എതിരേൽക്കുമെങ്കിൽ കർത്താവു നമുക്കാശ്വാസം ആകും അല്ലെങ്കിൽ യെരുശലേമിലെ ദൈവാലയത്തിൽ പൊൻവാണിഭക്കാരെ പുറത്താക്കുവാൻ ഉപയോഗിച്ച ചാട്ടവാർ ഇന്നും പ്രതീക്ഷിക്കാം. കാലത്തിന്റെ ആവശ്യം നിറവേറ്റുവാൻ കെട്ടിടം പണികൾ നടത്തുന്നത് ഇവിടെ വിമർശന വിധേയമാക്കുകയാണ് എന്ന് തെറ്റിദ്ധരിക്കരുത്. സുവിശേഷീകരണം ആണ് നമ്മുടെ പരമ പ്രാധാന്യം അർഹിക്കുന്ന വിഷയം എന്നുള്ളത് ഒന്ന് ചിന്തിക്കുവാൻ വേണ്ടി മാത്രം. സഭയുടെ പ്രധാന ദൗത്യത്തിലേക്ക് ഒന്ന് ശ്രദ്ധിക്കുവാൻ അവസരം എടുക്കാം. ആത്മാക്കളെ ജനിപ്പിക്കുകയും കടന്നു വരുന്ന ആത്മാക്കൾക്ക് പുതുശക്തി പകർന്ന് വക്രതയും കോട്ടവും ഉള്ള ഈ തലമുറയിൽ ജ്യോതിസ്സുകളെ പോലെ നിർത്തുകയും അല്ല സഭയുടെ ലക്ഷ്യവും ദൗത്യവും. സുവിശേഷം എത്തി ചേരാത്ത സ്ഥലങ്ങളിലെ സുവിശേഷീകരണം ആത്മാക്കളുടെ രക്ഷ ഒക്കെ നമ്മുടെ പ്രധാന ശ്രദ്ധ ആവശ്യമായി വരുന്നു. അവിടെ കഷ്ടതയും ബുദ്ധിമുട്ടും വക വെയ്ക്കാതെ പ്രവർത്തിക്കുന്ന സുവിശേഷകരെ സഹായ ഹസ്തം നീട്ടി ആശ്വാസം നല്കാം. സഭാപ്രവർത്തനങ്ങൾ എത്തി ചേരാത്ത മേഖലകളിലെ പ്രവർത്തനത്തിന് സഭഹാൾ നിർമ്മാണത്തിനുള്ള സഹായം വളരെ ആശ്വാസം നല്കും. സമയം നമ്മെ അടിയന്തരഘട്ടത്തിലേക്ക് നയിക്കുകയാണ് ചെയ്യുന്നത. പത്തു കന്യകമാരുടെ ഉപമയിൽ കാണുന്നതുപോലെ എല്ലാവരും ആരംഭിച്ചത് നന്നായി തന്നെയാണ്. പക്ഷെ ബുദ്ധിയില്ലാത്ത അഞ്ചു പേർ അടിസ്ഥാനപരമായി ചൂടും വെളിച്ചവും നല്കുക എന്ന ധർമ്മം നിർവഹിച്ചു എങ്കിലും അകത്തളങ്ങളിൽ ഒരു കരുതലില്ലാതെ ലക്ഷ്യത്തിൽ നിരാശരായി. മറ്റുള്ളവരുടെ മുൻപിൽ പ്രകാശിതമായി നില്ക്കുമ്പോഴും ബുദ്ധിയുള്ളവർ അകത്തളങ്ങളിൽ എന്നും ഈ പ്രകാശവും ചൂടും നിലക്കണം എന്ന ബോധത്തോടും, ദർശനത്തോടും, ഉത്തരവാദിത്തത്തോടും ആത്മ പരിശോധനയ്ക്ക് വിധേയരായി മുന്നേറിയത് കൊണ്ട് ദുഖിതരായില്ല. അവർ സന്തോഷത്തോടെ ആത്മ മണവാളനൊപ്പം നിത്യയുഗങ്ങൾ ചിലവഴിപ്പാൻ അർഹത നേടി.

MOB: 9447368795
beljourn@gmail.Com
beljourn.com/ www.bjournal.org
VOL 07, ISSUE 13
RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/7LA/225/2012-14

BELIEVERS JOURNAL

BELIEVERS JOURNAL
P.O. BOX NO. 31, MANJADI P.O
THIRUVALLA, KERALA - 689 105

Publishing Date
10/07/2014

# നോർത്തമേരിക്കൻ ചർച്ച് ഓഫ് ഗോഡ് സമ്മേളനം ജൂലൈ 24 മുതൽ 27 വരെ


ഡോ. മൈക്കിൾ ബേക്കർ


ബിഷപ്പ് ഇസ്മായേൽ ചാൾസ്


പാസ്റ്റർ വി. ഓ വർഗീസ്


ബിഷപ്പ് ക്രിസ് മൂഡി


റവ. പി.ജെ. ജെയിംസ്

**അറ്റ്ലാന്റാ:** ജൂലൈ 24 മുതൽ 27 വരെ അറ്റ്ലാന്റോ ഇന്റർനാഷണൽ എയർപോർട്ടിനടുത്തു സ്ഥിതി ചെയ്യുന്ന ഹിൽട്ടൺ ഹോട്ടലിൽ പാസ്റ്റർ ഷിബു തോമസ്സ് (പ്രസിഡന്റ്), പാസ്റ്റർ ജോർജ് സാംകുട്ടി (വൈസ് പ്രസിഡന്റ്), ബ്രദർ വിജു തോമസ് (സെക്രട്ടറി), ബ്രദർ തോമസ് മാത്യൂ (ട്രഷറാർ), പാസ്റ്റർ എബ്രഹാം ജോയി (യൂത്ത്) എന്നിവർ നേതൃത്വം കൊടുക്കുന്ന 19-ാമതു നോർത്ത് അമേരിക്കൻ ദൈവസഭയുടെ സമ്മേളനത്തിന്റെ ഒരുക്കങ്ങൾ അവസാനഘട്ടത്തിലേക്ക്.

പങ്കെടുക്കുന്നവർക്ക് കുറഞ്ഞ ചിലവിൽ താമസിക്കാൻ വിശാലമായ ഹോട്ടലും വിഭവസമൃദ്ധമായ ഭക്ഷണങ്ങളും ലഭിക്കുന്നതിനായി വേണ്ട ക്രമീകരണങ്ങൾ ലോക്കൽ കമ്മിറ്റി ചെയ്തു കഴിഞ്ഞു. മെയ് 31നു മുമ്പായി രജിസ്റ്റർ ചെയ്യുന്നവർക്ക് വളരെ മിതമായ നിരക്കിൽ താമസ-ഭക്ഷണ സൗകര്യങ്ങൾ ലഭിക്കുന്നതാണ്. പ്ലെയിനിൽ വരുന്നവർക്കായി എയർപോർട്ടിൽ നിന്നും ഹോട്ടലിലേക്ക് എല്ലാ പതിനഞ്ചു മിനിറ്റിലും യാത്രാസൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

"പെന്തെക്കോസ്തിന്റെ ശക്തി" അപ്പോ.പ്രവൃ. 1:8 എന്നതാണ് ചിന്താവിഷയം. മനോഹരവും വിശാലവുമായ ഹോട്ടൽ സമ്മേളനത്തിനു ലഭിച്ചതിനാൽ എല്ലാ പ്രോഗ്രാമുകളും യഥേഷ്ടം നടത്തുവാൻ ഇടയാകും.

കോൺഫ്രൻസിന്റെ പ്രമോഷണൽ മീറ്റിംഗുകൾ ഏപ്രിൽ 20 മുതൽ ആരംഭിച്ചു. സൗത്ത് കരോലിന, ഡാലസ്, ഹൂസ്റ്റൻ, ഒക്കലഹോമ, ടെന്നസി, ന്യൂയോർക്ക്, ന്യൂജേഴ്സി, ഫിലദൽഫിയ മുതലായ പട്ടണങ്ങളിൽ പ്രമോഷണൽ മീറ്റിംഗുകൾ നടത്തുവാൻ ഇടയായി. 1996- ൽ ഒളിമ്പിക്സ് നടന്ന അതെ സ്റ്റേഡിയത്തിൽ ശനിയാഴ്ച യൂത്തിന്റെ സ്പോർട്സ് കോർഡിനേറ്റർ ബ്രദർ ലെസ്സി തോമസ്സ് അറിയിച്ചു.

വചന പാണ്ഡിത്യമുള്ള പ്രസംഗകരുടെ നിര ഈ പ്രാവശ്യത്തെ കോൺഫ്രൻസിന്റെ പ്രത്യേകതയാണ്. ഡോ. മൈക്കിൾ ബേക്കർ, ബിഷപ്പ് ഇസ്മായേൽ ചാൾസ്, പാസ്റ്റർ വി. ഒ. വർഗീസ്, ബിഷപ്പ് ക്രിസ് മൂഡി, റവ. പി.ജെ. ജെയിംസ് എന്നിവരെ കൂടാതെ അമേരിക്കയിലുള്ള പ്രഗൽഭരായ ദൈവദാസന്മാരും കേരളത്തിൽ നിന്നും വരുന്ന അഭിഷിക്തന്മാരും വചനം സംസാരിക്കും. സഹോദരിമാരുടെ സമ്മേളനത്തിൽ സിസ്റ്റർ ശ്രീലേഖ വചനം ശുശ്രൂഷിക്കും. യുവജനങ്ങൾക്കായി ബിഷപ്പ് ക്രിസ് മൂഡി വചനം ശുശ്രൂഷിക്കും.

ഡോ.മൈക്കിൾ ബേക്കർ നോർത്ത് ജോർജിയ ചർച്ച് ഓഫ് ഗോഡിന്റെ കാര്യനിർവ്വാഹകനാണ്. കഴിഞ്ഞ 25-ൽ പരം വർഷങ്ങളായി ദൈവസഭയുടെ ദേശീയ- അന്തർദേശീയ ഭരണതലത്തിലെ അംഗവുമാണ്. ശുശ്രൂഷാതലത്തിലും, കാര്യനിർവ്വഹണത്തിലും തനതായ വ്യക്തിമുദ്ര പതിപ്പിച്ച ഇദ്ദേഹം നിരവധി പുസ്തകങ്ങളുടെ രചയിതാവുമാണ്.

ബാച്ച്ലർ ഡിഗ്രിയും മാസ്റ്റേഴ്സ് ഡിഗ്രിയും കരസ്ഥമാക്കിയ ഇസ്മായേൽ ചാൾസ് ഡോക്ടറേറ്റിനു പഠിച്ചു കൊണ്ടിരിക്കുന്നു. യൂത്ത് ഡയറക്ടർ, മിഷൻ കോർഡിനേറ്റർ, ഇവാഞ്ചലിസം ഡയറക്ടർ എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ചർച്ച് ഓഫ് ഗോഡ് വേൾഡ് മിഷൻ അംഗം, കൗൺസിൽ അംഗം എന്നി നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. അന്തർദേശീയ തലത്തിൽ ദൈവസഭയ്ക്ക് പല നേട്ടങ്ങളും നേടികൊടുത്ത ഇദ്ദേഹം പ്രസംഗം ജീവിതത്തിൽ കൂടി കാണിച്ചു കൊടുക്കുന്ന വ്യക്തിയാണ്.

## കണ്ടതും കേട്ടതും

ജയ്മോഹൻ അതിരുങ്കൽ, 9567759748




Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.